# മാർത്തോമ്മാ ക്രിസ്ത്യാനികൾ
# അന്നും ഇന്നും എന്നും



ടി. സി. ജോൺ കോറെപ്പിസ്കോപ്പാ, തെക്കേമൂത്തേരിൽ

www.malankaralibrary.com

# ഓർത്തഡോക്സ് ക്രിസ്ത്യാനികൾ
## അന്നും–ഇന്നും–എന്നും

ആദിമ സഭാചരിത്രം - സിംഹാസനങ്ങൾ
സഭയിലെ ഭിന്നിപ്പ് - സുന്നഹദോസുകൾ
ഓർത്തഡോക്സു സഭകളും - സവിശേഷതകളും

## മലങ്കരസഭ

അതിപുരാതന സഭ - വിദേശ സഭാബന്ധം
പേർഷ്യൻ, റോമൻ, സിറിയൻ, ആംഗ്ലിക്കൻ സഭകളുടെ ബന്ധത്തിൽ ലഭിച്ച ഗുണങ്ങളും ദോഷഫലങ്ങളും.
അന്തോഖ്യൻ സുറിയാനി സഭാ ബന്ധം

## ഒരു അവലോകനം

ചരിത്ര സംഭവങ്ങൾ സമാഹരിച്ച് വിമർശന വിധേയമായി വിശകലനം ചെയ്ത് വിലയിരുത്തിയ നിഗമനങ്ങൾ.
സഭയുടെ ഭാവിയിലേയ്ക്ക് ഒരു എത്തിനോട്ടം.
ആധുനിക ക്രൈസ്തവ സഭകളിലെ നൂതന സംരംഭങ്ങൾ

## എക്കുമെനിക്കൽ ബന്ധങ്ങൾ

മുതലായവ ചൂണ്ടിക്കാണിക്കുന്ന

## ഒരു ചരിത്രപഠന ഗ്രന്ഥം

ഗ്രന്ഥകർത്താവ്:

**തെക്കേമുത്തേരിൽ ടി.സി. ജോൺ കോറെപ്പിസ്കോപ്പാ**

*Published by:*
**T.C.S.K. Smaraka Samithy**
**Kidangannur - Mezhuveli**
**689 514**

www.malankaralibrary.com

To: Rev. Fr. Gheevarghese Chaavilayil -

With respectful love and Affections.

K.J. Varghese.
(Thankachan)

# Marthoma Kristhianikal

## Annum-Innum-Ennum

(A Historical Book)

*Author:*
**T.C. John Cor-Episcopa, Thekkemutheril**

*Published By:*
**T.C.S.K. Smaraka Samithy**
Kidangannur - Mezhuveli, 689 514

*Typesetted & Printed:*
**INTECS**, Pathanamthitta
Phone: (0473) 320942
E-mail: intecssb@vsnl.com

Price: Rs.30/-

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com



# അവതാരിക

ചരിത്രം സത്യം മാത്രമാണ്. വ്യാഖ്യാനങ്ങൾ വ്യത്യസ്തമാകാം. വന്ദ്യനായ തെക്കേമൂത്തേരിൽ ടി.സി. ജോൺ കോറെപ്പിസ്ക്കോപ്പാ തന്റെ ഇതഃപര്യന്തമുള്ള പഠനത്തിൽ നിന്നും ചിന്തയിൽ നിന്നും കരുപ്പിടിപ്പിച്ച ചരിത്രഗ്രന്ഥമാണ് ഈ ചെറുലേഖനത്തിൽ പരാമർശിക്കപ്പെടുന്നത്. പണ്ഡിതന്മാർക്കു വേണ്ടി പണ്ഡിതോചിതമായി എഴുതപ്പെട്ട ഒരു ഗ്രന്ഥമല്ല ഇത്. സാധാരണ ജനങ്ങൾക്കുവേണ്ടി അവർ അവശ്യം അറിഞ്ഞിരിക്കേണ്ടത് എന്ന് തനിക്കു ബോദ്ധ്യമുള്ള ചില ചരിത്രഭാഗങ്ങൾ പൈതൃകമായി ലഭിച്ച അറിവിലും, ദശകങ്ങളിലെ സഭാശുശ്രൂഷയിൽ സ്ഫുടം ചെയ്യപ്പെട്ട അനുഭവങ്ങളിലും വന്ദ്യവയോധികനായ ആചാര്യശ്രേഷ്ഠൻ, സരളമായ ഭാഷയിൽ അവതരിപ്പിക്കുന്നു. ഒന്നാം ഭാഗത്തിൽ ആദിമസഭയെ ലഘുവായി അനാവരണം ചെയ്യുന്നു. രണ്ടാം ഭാഗത്തിൽ പുരാതനമായ മലങ്കര ഓർത്തഡോക്സ് സഭയെ അതിന്റെ വിവിധ കാലഘട്ടങ്ങളിലുടെ വിശകലനം ചെയ്ത്, വർത്തമാനകാലത്തിൽ എത്തിച്ചേരുന്നു. വളരെ ശ്രദ്ധേയമായ ചില വിശകലനങ്ങളും, വിലയിരുത്തലുകളും, നിഗമനങ്ങളും ഇവിടെ കാണുവാൻ സാധിക്കും. മലങ്കരസഭയും വിദേശസഭകളുമായുള്ള ആഭിമുഖ്യവും ബന്ധവും അനന്തരഫലങ്ങളും പ്രത്യേകം പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്, തുടർന്ന് ഭാവിയിലേയ്ക്കുള്ള ഒരു എത്തിനോട്ടവും നടത്തിയിട്ടുണ്ട്. അതിൽ വിലപ്പെട്ട നിർദ്ദേശങ്ങളും ചൂണ്ടിക്കാണിക്കുന്നു. തനിക്കുലഭ്യമായ പല കൃതികളും ഈ ഗ്രന്ഥരചനയിൽ ഉപയോഗപ്പെടുത്തിയിരിക്കുന്നത് ഇതിന്റെ മാറ്റു വർദ്ധിപ്പിക്കുന്നു.

www.malankaralibrary.com


ആധുനിക ക്രൈസ്തവസഭയിലെ ചില സംരംഭങ്ങളേയും, പ്രവർത്തനങ്ങളേയും ചിന്തകളേയും എടുത്തു കാണിക്കുന്ന ഒരു മൂന്നാം ഭാഗവും ഇതിലുണ്ട്. അതും പ്രത്യേകം ശ്രദ്ധേയമാണ്. എൺപതിൽ എത്തിനിൽക്കുന്ന വന്ദ്യവൈദികശ്രേഷ്ഠന്റെ ഈ ശ്രമം ശ്ലാഘനീയമാണ്. ഭാഗങ്ങൾ വേണ്ട രീതിയിൽ ക്രമീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ളത് പഠിതാക്കൾക്ക് പ്രയോജനം ചെയ്യും. പൂർണ്ണത അവകാശപ്പെടുന്നില്ലെങ്കിലും, ഈ കൃതിയിൽ ചേർത്തിരിക്കുന്ന വിലപ്പെട്ട അറിവുകൾ പഠിതാക്കൾക്ക് വിശിഷ്യാ വിദ്യാർത്ഥികൾക്ക് വളരെ പ്രയോജനം ചെയ്യുമെന്നുള്ളതിൽ തർക്കമില്ല. ഈ ഗ്രന്ഥത്തിന് പ്രചുരപ്രചാരം ഉണ്ടാകട്ടെയെന്ന് ആശംസിക്കുന്നു. ഗ്രന്ഥകർത്താവിന് എല്ലാ നന്മകളും നേരുന്നു.

7-10-2000.

ബേസിൽ അരമന

ഫിലിപ്പോസ് മാർ യൗസേബിയോസ്
മെത്രാപ്പോലീത്താ

www.malankaralibrary.com



# പുസ്തക പരിചയം

ചരിത്ര രചന നിസ്സാരമായ ഒരു കാര്യമല്ല. പ്രത്യേകിച്ച് മലങ്കരസഭയുടെ സങ്കീർണ്ണമായ ചരിത്രം എഴുതുക എന്നുള്ളത് നിലവിലുള്ള രേഖകളുടെ അടിസ്ഥാനത്തിൽ അത്ര എളുപ്പമാണെന്നു തോന്നുന്നില്ല. കൊളോണിയൽ കാലഘട്ടങ്ങളിൽ മേധാവിത്വവും അധീശത്വവും പ്രാപിച്ച സഭകളിൽപ്പെട്ട ചരിത്രകാരന്മാർ അവരുടെ വീക്ഷണത്തിൽ നിന്നുകൊണ്ടെഴുതിയിട്ടുള്ള ചരിത്രഗ്രന്ഥങ്ങളാണ് ഇന്നുള്ളതിലധികവും. അതിൽ നിന്നു വ്യത്യസ്തമായി ഭാരതസഭയായ മലങ്കരസഭയെ അതിന്റെ പൂർണ്ണതയിലും വൈവിദ്ധ്യത്തിലും മനസ്സിലാക്കി സഭയുടെ തനിമ എടുത്തു കാണിക്കുവാൻ ഉതകുന്ന ചരിത്രഗ്രന്ഥങ്ങൾ ഇന്ന് ഉണ്ടാകേണ്ടിയിരിക്കുന്നു.

മലങ്കരസഭ പൗരാണികവും, കാതോലികവും, അപ്പോസ്തോലികവും, ഭാരതീയവുമാണ്. വിദേശസഭകളുമായി ഉണ്ടായിട്ടുള്ള ബന്ധങ്ങളാൽ തനിമയും വ്യക്തിത്വവും നഷ്ടപ്പെട്ടിരിക്കുന്ന മലങ്കരസഭയുടെ പൂർണ്ണതയും വൈവിധ്യവും എടുത്തുകാട്ടി, അതിനെ വീണ്ടും പഴയ തനിമയിലേക്ക് തിരിച്ചു കൊണ്ടു വരുവാനുള്ള ആഹ്വാനമാണ് ഈ ഗ്രന്ഥത്തിലൂടെ വന്ദ്യനായ തെക്കേമൂത്തേരിൽ ജോൺ കോർ എപ്പിസ്കോപ്പാ ചെയ്തിരിക്കുന്നത്.

മൂന്നു ഭാഗങ്ങളായി തിരിച്ചിരിക്കുന്ന ഈ ചെറുഗ്രന്ഥത്തിൽ പൗരസ്ത്യ ഓർത്തഡോക്സ് സഭകളുടെ ദേശീയ നേതൃത്വവും സ്വാതന്ത്ര്യവും ഉയർത്തിപ്പിടിക്കുന്ന രീതിയും, ക്രൈസ്തവാരാധനയും, വിശ്വാസവ്യാഖ്യാനവും, അതതു ദേശത്തിന്റെ സംസ്ക്കാരവും തനിമയുമുൾക്കൊണ്ടുകൊണ്ട് വളർത്തിയെടുക്കേണ്ടതിന് ഊന്നൽകൊടുക്കുന്ന

www.malankaralibrary.com

മനോഭാവവും ചെറുതായി വിവരിക്കുന്നുണ്ട്. ഗ്രന്ഥകാരന്റെ അഭിപ്രായത്തിൽ ഭാരതസഭയുടെ കാഴ്ചപ്പാടിലും ഇതൊക്കെയുണ്ടെങ്കിലും സഭാചരിത്രത്തിൽ വിദേശികളുടെ ആധിപത്യ മനോഭാവം വളർന്നതിന്റെ ഫലമായി ഭാരതീയ ക്രൈസ്തവസംസ്ക്കാരം പരിപാലിക്കപ്പെട്ടിട്ടുണ്ടോ എന്ന കാര്യം സംശയമാണ്. മലങ്കരസഭ ഇനിയെങ്കിലും അതിന്റെ ചരിത്രം, ആരാധന, നിയമനിർമ്മാണം, വ്യക്തിത്വം, ആത്മീയജീവിതം തുടങ്ങി എല്ലാക്കാര്യങ്ങളിലും അവയുടെ അടിസ്ഥാന വിശ്വാസതത്വങ്ങളിൽ നിന്ന് വ്യതിചലിക്കാതെ ഭാരതത്തിന്റെ അന്തരാത്മാവിൽ ലയിച്ചു ചേർന്നു കൊണ്ട് ക്രൈസ്തവ സാക്ഷ്യം ഫലപ്രദമായി നിർവ്വഹിക്കേണ്ട സമയമായിരിക്കുന്നു എന്ന് വന്ദ്യ കോറെപ്പിസ്ക്കോപ്പാ ഈ ഗ്രന്ഥത്തിലൂടെ സമർത്ഥിക്കുന്നു.

പതിനാറാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാർ ഇന്ത്യയിൽ വന്നതോടുകൂടി ആരംഭിച്ച ഭാരതസഭയുടെ കഷ്ടകാല ചരിത്രം, ഇംഗ്ലീഷുകാർ മറ്റു നവീകരണക്കാർ, സുറിയാനിക്കാർ, തുടങ്ങിയവരുടെ അനാവശ്യ ഇടപെടലുകൾ മൂലം ഇപ്പോഴും ഒരു മാറാവ്യാധിയായി നില്ക്കുന്നു എന്നത് വേദനയോടുകൂടി ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. സഭയുടെ പൂർവ്വചരിത്രരീതിയോട് ഈ ഗ്രന്ഥം യോജിക്കുന്നില്ല. മലങ്കര സഭയുടെ പൗരാണികതയും, പ്രാദേശികത്വവും, അപ്പോസ്തോലികത്വവും ഊന്നിപ്പറയുവാൻ ശ്രമിക്കുന്ന ഗ്രന്ഥകാരൻ, സഭയുടെ സ്വയം ശീർഷകസ്വഭാവത്തിന്റെ ആധികാരികത ഭംഗിയായി വെളിപ്പെടുത്തുന്നുണ്ട്.

വലിപ്പം കൊണ്ട് അല്ലെങ്കിലും വളരെ നല്ല ഒരു പഠന സംഗ്രഹമായി ഈ ഗ്രന്ഥത്തെ പരിഗണിക്കാവുന്നതാണ്. സഭാചരിത്രസംഭവങ്ങളെല്ലാം കാലാനുസൃതമായി വിവരിക്കുകയോ, ഏതെങ്കിലും പ്രധാന സംഭവത്തെ പ്രത്യേകമായി ഊന്നൽ കൊടുത്ത് അപഗ്രഥിക്കുകയോ ഈ പുസ്തകത്തിലൂടെ ഗ്രന്ഥകാരൻ ചെയ്തിട്ടില്ല. ക്രൈസ്തവസഭയുടെ പൊതുവായ ചില ചരിത്രസംഹിതകളും പ്രത്യേകതകളും വിവരിച്ചശേഷം അവയോട് ബന്ധപ്പെട്ടുകൊണ്ട് മലങ്കരസഭയുടെ ചരിത്രവും കാലിക പ്രസക്തിയുള്ള സംഭവങ്ങളും തനിക്കു ലഭിച്ച രേഖകളുടേയും, തന്റെ അറിവിന്റെയും പരിമിതിക്കുള്ളിൽ നിന്ന് സാധാരണക്കാരായ വിശ്വാസികൾക്ക് പ്രയോജനകരമായ വിധത്തിലും ശൈലിയിലും ഈ ഗ്രന്ഥം എഴുതിയിരിക്കുന്ന രീതി പ്രത്യേകം പ്രാധാന്യമർഹിക്കുന്നു. ഓരോ ചരിത്രസംഹിതയേയും അതിന്റെ സന്ദർഭത്തിൽ നിന്നും

www.malankaralibrary.com

അടർത്തിമാറ്റാതെ നൽകുന്ന വിവരണങ്ങളും വിലയിരുത്തലുകളും പ്രത്യേകം ശ്രദ്ധേയമാണ്.

ക്രൈസ്തവസഭ ഭാരതത്തിൽ എങ്ങിനെ സമാഗതമായെന്നും, അത് ഏതു വിധത്തിൽ വളർന്നുവെന്നും അതിന്റെ ഭാവി എന്തായിരിക്കണം എന്നുമുള്ള ചില ചോദ്യങ്ങൾക്കു ഈ ഗ്രന്ഥം ചെറുതായി ഉത്തരം നല്കാൻ ശ്രമിക്കുന്നുണ്ട്. ഭാരതീയ പശ്ചാത്തലത്തിൽ സഭ സജീവമായി വളർന്ന് യേശുക്രിസ്തുവിന്റെ സാക്ഷ്യം ഭാരതത്തിൽ യഥാർത്ഥമാക്കുവാൻ മലങ്കരസഭയുടെ കാതോലിക്കേറ്റിന് കടമയുണ്ടെന്ന് ഗ്രന്ഥകാരൻ സംശയമില്ലാതെ പ്രഖ്യാപിക്കുന്നു

ആധുനിക കാലത്ത് സഭകളുടെ ഒറ്റപ്പെട്ട നിലപാടുമൂലം യശസ്സും ശക്തിയും സഭയ്ക്ക് നഷ്ടപ്പെടുന്നുണ്ട്. കൂട്ടായ സംരംഭങ്ങൾ നിലനില്പിന് ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ ഫലമായി രൂപം കൊണ്ട വിവിധ എക്യുമിനിക്കൽ പ്രസ്ഥാനങ്ങളുടെ സംക്ഷിപ്തവിവരണം ശ്രദ്ധേയവും അനുവാചകർക്ക് ഒരു പൊതുധാരണ ഉളവാക്കുന്നതുമാകുന്നു. അവ മൂന്നാം ഭാഗമായി ചേർത്തിരിക്കുന്നതും വളരെ പ്രയോജനപ്രദമാകുന്നു

ഇത്രയും ചുരുങ്ങിയ പേജുകളിൽ മലങ്കര ഓർത്തഡോക്സ് സഭകളുടെ ചരിത്രം സംഗ്രഹിക്കുക പ്രയാസമാണെങ്കിലും വളരെ പ്രസക്തമായ കാര്യങ്ങൾ ചേർത്തുകൊണ്ട് വിശ്വാസികൾക്ക് പ്രയോജനപ്രദമാകത്തക്കവിധത്തിൽ വിഷയങ്ങൾ അവതരിപ്പിക്കുവാൻ ഗ്രന്ഥകാരൻ ശ്രമിച്ചിട്ടുണ്ട്. വിഷയാവതരണത്തിലും ചരിത്ര സംഭവങ്ങളുടെ വിവരണത്തിലും ചിലപ്പോഴൊക്കെ കാലാനുക്രമത്തിന് ഭംഗമുണ്ടായിട്ടുണ്ടെങ്കിലും സാധാരണക്കാരും വേദശാസ്ത്രപഠിതാക്കളും അത്യാവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഈ ഗ്രന്ഥത്തിലുണ്ട്.

സഭാചരിത്ര പഠനത്തിൽ ഈ ഗ്രന്ഥം വിശ്വാസികൾക്ക് ഒരു പ്രവേശികയായി തീരട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**റവ.ഫാ.ഡോ. എം. ജോൺ പണിക്കർ**
ഓർത്തഡോക്സ് വൈദിക സിമ്മനാരി
കോട്ടയം.

www.malankaralibrary.com

"The St. Thomas Christians had, as a matter of fact," formed integral part of the pattern of the sociocultural life of Kerala. Some of the local observances were also maintained in the religious affairs. Later the identity of the Indian Orthodox Church was demolished, In doctrine and liturgy, administration and life the church has its affinity with the other Orthodox churches outside India. This fact adversely affects the indigenous growth of the church with in an Indian setting. At this point the orthodox church is an exception in India to the Orthodox church almost anywhere else in the world. India is admittedly a country with its own rich heritage in religion and culture history and life."

**- *Orthodox Identity in India***

"കേരള സഭ അതിപുരാതന സഭയാണെങ്കിലും, നൂറ്റാണ്ടുകാലത്തെ സഭയുടെ പരിണാമചരിത്രത്തിൽ പുരാതനസഭകളോരോന്നും വികസിപ്പിച്ചതു പോലെ ഒരു വ്യക്തിത്വം മലങ്കരസഭയ്ക്ക് വികസിപ്പിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. വിദേശത്തു നിന്നു വരുന്നതെന്തും ശരിയോ, തെറ്റോ എന്നു വിവേചിക്കുവാൻ പോലും കഴിവില്ലാതെ അന്ധമായി അനുകരിക്കുന്ന മലങ്കര സഭയുടെ പ്രവണത മാറിയിട്ടില്ല. ആത്മധൈര്യ വും തന്റേടവും ഉണ്ടെങ്കിലേ അതു സാധിക്കു.

പതിനാറാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാർ വരുന്നതു വരെ പേർഷ്യൻ സഭയുടെ ഒരു പാവയായും, അതിനുശേഷം റോമൻ കത്തോലിക്കാ സഭയ്ക്ക് അമ്മാനമാടാൻ തക്ക ഒരു കളിപ്പാവയായും, പിന്നീട് സിറിയൻ ഓർത്തഡോക്സ് സഭയുടെ ഒരു കാർബൺ കോപ്പിയായും, ഇപ്പോൾ ഗ്രീക്ക്, റഷ്യൻ ഓർത്തഡോക്സ് സഭകളുടെ പാരമ്പര്യം പരിപാലിക്കുവാനുള്ള ഒഴിഞ്ഞ കളമായും മാർത്തോമ്മായുടെ പിൻഗാമിത്വം അവകാശപ്പെടുന്ന നമ്മുടെ സഭയ്ക്ക് നിലനില്ക്കേണ്ട ആവശ്യമില്ല." **- *ഇതൊരു ഇന്ത്യൻ സഭയോ?***

"The establishment of the Catholicate was the realizing of a dream that goes back to the famous Oath of the Coonen Cross of 1653. It certainly was not a tit for tat. With its long history that can be traced to its founding by Apostle Thomas, the Indian church had its freedom in administration and life till the 16th century, though it had to rely on the church of Persia for its Episcopal ministrations. Then the Portuguese and the Antiochene Syrians sought in turn to convert it to the Communion of the church of Rome and the Syrian Church of Antioch respectively. It is from a state of Portuguese domination that the Oath of the Coonen Cross sought to literate the church of Malabar with a view to gain its own Identity." **- *TRUTH TRIUMPHS***

www.malankaralibrary.com

# പാവന സ്മരണ

ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ തിരുമാർവിൽ തൊട്ടു അനുഗ്രഹം പ്രാപിച്ച ഏക ശ്ലീഹായും, പൗരസ്ത്യദേശം സുവിശേഷ ദീപത്താൽ പ്രകാശിപ്പിച്ച ഭാരതത്തിന്റെ ആദ്യ പ്രധാനാചാര്യനും, കാവൽപിതാവും, രക്തസാക്ഷിയുമായ പ. തോമ്മാശ്ലീഹായുടേയും, മലങ്കരയുടെ സ്വകീയത വീണ്ടെടുത്ത ഒന്നാമത്തെ ദേശീയ മേലദ്ധ്യക്ഷനായ ഒന്നാം മാർത്തോമ്മാ തിരുമേനിയുടേയും, വിദേശദുഷ്പ്രഭുത്വത്തിൽ നിന്നും മലങ്കരസഭയ്ക്ക് സ്വാതന്ത്ര്യവും, വ്യക്തിത്വവും നേടിയെടുക്കുവാൻ ത്യാഗപൂർവ്വം പരിശ്രമിച്ചു വിജയിച്ച സഭാ ഭാസുരൻ മാർ ദീവന്നാസ്യോസ് തിരുമേനിയുടേയും, സഭയിലുടലെടുത്ത ആധുനിക പ്രതിസന്ധിയിൽ വിജയത്തിലെത്തുവാൻ ധീരനേതൃത്വം നൽകിയ പ. ഔഗേൻ കാതോലിക്കാ ബാവ തിരുമേനിയുടേയും, പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ.

# സമർപ്പണം

എന്നെ ചെറുപ്പം മുതൽ സഭാ ശുശ്രൂഷയ്ക്കു വേണ്ടി വളർത്തി അഭ്യസിപ്പിച്ച എന്റെ വന്ദ്യ പിതാവ് ബ. ചെറിയാൻ സ്കറിയാ കത്തനാരുടേയും, വത്സല മാതാവ് ശ്രീമതി മറിയാമ്മ സ്കറിയായുടെയും, എന്റെ മാതുലനും, വൈദികാഭ്യസനത്തിൽ എന്റെ വന്ദ്യ ഗുരുവും, ഭാരതസഭയുടെ സുരക്ഷിതത്വത്തിനും സ്വാതന്ത്ര്യത്തിനും ദേശീയ വ്യക്തിത്വത്തിനും, നവോത്ഥാനത്തിനും ഏറിയ സംഭാവനകൾ നൽകിയ വേദശാസ്ത്ര പണ്ഡിതനും, വൈദികശ്രേഷ്ഠനുമായ വന്ദ്യ ഡോ. വി.സി. സാമുവേലച്ചന്റെയും പാദാരവിന്ദങ്ങളിൽ ഈ ഗ്രന്ഥം ആദരവോടുകൂടി സവിനയം സമർപ്പിക്കുന്നു.

www.malankaralibrary.com

# ആമുഖം

ശ്ലൈഹിക സ്ഥാപനം വഴി മലങ്കരസഭയ്ക്കു ലഭിച്ച അതുല്യമായ പൗരോഹിത്യ പിൻതുടർച്ചയും, സത്യവിശ്വാസത്തിലുള്ള മഹിമയും, സുവിശേഷദൗത്യത്തിലുള്ള മഹത്വവും മൂലം സഭ സമ്പന്നവും അനുഗ്രഹീതവുമാണ്. നാട്ടുനസ്രാണികൾ സ്വവംശജരേയും, ഭരണാധികാരികളേയും ആദരിച്ച്, ബഹുമാനിച്ച് പുരോഗമിച്ച് അഭിവൃദ്ധിപ്പെടുകയും, ദേശീയ സംസ്ക്കാരവും, കലകളും സംരക്ഷിക്കുകയും ചെയ്തിരുന്നു. നസ്രാണികൾ എക്കാലവും അവരോടു കടപ്പെട്ടിരിക്കുന്നു.

ഓരോ കാലത്തു കേരളത്തിലാഗതരായ വിദേശ സഭാമേലാളന്മാർ, ശരിയായ ചരിത്രജ്ഞാനമില്ലാത്ത നമ്മുടെ പൂർവ്വികരെ പലവിധത്തിൽ തെറ്റിദ്ധരിപ്പിച്ച് കപടതന്ത്രങ്ങൾ ആവിഷ്ക്കരിച്ച് അധീശത്വം കവർന്നെടുക്കുവാൻ പരിശ്രമിച്ചു. അവരവരുടെ വീക്ഷണത്തിനൊത്ത ചരിത്രം പ്രചരിപ്പിക്കുകയും, വിദ്വേഷം ജനിപ്പിച്ച് ചേരിതിരിവുണ്ടാക്കുകയും, പ്രലോഭനങ്ങളാൽ സഹായിക്കുകയും, വിലയധികമില്ലാത്ത സ്ഥാനമാനങ്ങളും പാർശ്വവർത്തികൾക്ക് നൽകി തങ്ങൾക്കനുകൂലമായ ഒരു സമൂഹത്തെ വളർത്തിയെടുക്കുകയും ചെയ്തു. അങ്ങനെ മലങ്കരസഭയിൽ പല വിഭജനങ്ങൾ ഉണ്ടായി. ഭാരതത്തെപ്പോലെയുള്ള ഒരു വലിയ രാഷ്ട്രത്തിൽ ന്യൂനപക്ഷമായ ക്രിസ്തീയസമൂഹം ഭിന്നിച്ച് നിന്നാൽ ജീവന്റെ മാർഗ്ഗം ഘോഷിക്കുവാനുള്ള ആത്മബലം എങ്ങനെ ലഭിക്കും.?

ചരിത്രം സത്യമായിരിക്കണം. അതുലക്ഷ്യമില്ലാതെ ഒഴുകുന്ന കാട്ടരുവി പോലെയാകരുത്. ചരിത്രത്തിനു ഭൂതകാലമുണ്ട്, വർത്തമാന കാലമുണ്ട്. ഇവ രണ്ടിന്റെയും അടിസ്ഥാനത്തിലുള്ള ഭാവിചരിത്രം സമൂഹത്തെ ഉന്നതിയിലേയ്ക്കും, ഐക്യതയിലേയ്ക്കും നയിക്കണം. അർപ്പണബോധവും, സത്യസന്ധതയും, നിർഭയത്വവും, വിജ്ഞാനപാടവവുമാണ്ചരിത്രകാരന്റെ മുഖമുദ്ര. ചരിത്രസംഭവങ്ങൾക്ക് സാക്ഷി നിന്നവരെ അകറ്റി നിർത്തി സ്ഥാപിതതാല്പര്യത്തിനും സ്വപ്രതാപത്തിനും വേണ്ടി ചെയ്യുന്നത് അപരാധവും വക്രതയുമാണ്. ചരിത്രം ദൈവം പറഞ്ഞുകൊടുത്തതാണെന്ന് ചിന്തിക്കാവുന്നതല്ല. ചരിത്രം പഠിക്കുവാൻ ജിജ്ഞാസ ഉണ്ടാകണം. അതു സ്വീകരിക്കുവാനും തിരസ്ക്കരിക്കുവാനും ഒരുവന് സാധിക്കും. മുൻവിധിയനുസരിച്ച് തിര

www.malankaralibrary.com

സ്ക്കരിക്കരുത്. ഏതു സത്യം പറഞ്ഞാലും വിശ്വസിക്കാത്ത മൂഢന്മാരുണ്ട്. വികലചരിത്രത്തെ അന്ധമായി വിശ്വസിക്കുന്നവരെ സത്യം ബോദ്ധ്യപ്പെടുത്തുവാൻ പ്രയാസമുണ്ടെങ്കിലും ഉത്തമ ബോദ്ധ്യമുളളവ പറയാതെയിരിക്കുവാൻ നിവർത്തിയില്ല. ഒരുവന്റെ അഭിപ്രായത്തിനു മാത്രം വില കല്പിക്കാതെ ഒരു സംഗതിയേക്കുറിച്ച് പലർ എഴുതിയ ചരിത്രഭാഗങ്ങൾ തുലനം ചെയ്തു വിലയിരുത്തുന്നത് ചരിത്രാന്വേഷികൾക്ക് ഒരു യത്നമാകുന്നു.

മലങ്കരസഭയുടെ സങ്കീർണ്ണ ചരിത്രം പല ഘട്ടങ്ങളിലായിതിരിക്കാം. മറ്റെല്ലാ സഭകൾക്കും ഒരു ചരിത്രം മാത്രമുള്ളപ്പോൾ മലങ്കരസഭ അഭിപ്രായ സമന്വയമില്ലാത്തതും, സഭാ രാഷ്ട്രീയതയും, സഭാത്മീയതയും കലർത്തി ഓരോ കൂട്ടരും ചരിത്രങ്ങൾ വികസിപ്പിച്ചെടുത്തു. മലങ്കര സഭയുടെ പരാധീനത സ്വന്തം ചരിത്രം അറിയാതെ വ്യക്തിത്വം നഷ്ടപ്പെടുത്തിയതാണ്. നാം ചരിത്രജ്ഞാനമുള്ളവരായിത്തീരുവാൻ നമ്മുടെ സ്വകീയതയെ വെളിപ്പെടുത്തുന്ന ഉത്തമചരിത്രഗ്രന്ഥങ്ങൾ ധാരാളമുണ്ടാകുകയും അവ എല്ലാ സഭാമക്കളും പഠിക്കുകയും ചെയ്ത്, ആത്മാഭിമാനമുള്ളവരായിത്തീരണം.

**വിഷയം**

കേരളത്തെ സ്വാധീനിച്ച മറ്റു സഭകളുമായി നസ്രാണി സമൂഹത്തിനുണ്ടായ ബന്ധത്തെപ്പറ്റി എഴുതിയ പല ചരിത്രഗ്രന്ഥത്തിലെ വസ്തുതകളിൽ മർമ്മപ്രധാനമായവ സമാഹരിച്ച് സംഗ്രഹിച്ച ഒരു ഏകീകൃതഗ്രന്ഥം, പ്രയോജനപ്രദമാകയാൽ അവ ഒരു താളിൽ കുറിച്ചിടുവാൻ ശ്രമിച്ചതാണ് ഇതിലെ ഉള്ളടക്കം. പ്രസിദ്ധ ചരിത്രപണ്ഡിതന്മാർ എഴുതിയ ആധികാരിക രേഖകളിൽ, വസ്തുനിഷ്ഠമായതും വിശ്വാസയോഗ്യമായതുമായ രേഖകളാണ് ഇതിൽ ഉദ്ധരിച്ചിരിക്കുന്നത്. ചരിത്രപഠനത്തിന് ശ്രദ്ധേയവും, വിവാദാത്മകവുമായ സാക്ഷ്യങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നസ്രാണികൾക്ക് പേർഷ്യൻ, റോമൻ, സിറിയൻ, ആംഗ്ലിക്കൻ എന്നീ സമൂഹങ്ങളുമായുണ്ടായ പ്രണയത്തിൽ സംജാതമായ സംസ്ക്കാരത്തിന്റെ സമന്വയമാണ് ഇതിലെ പ്രതിപാദനം. മലങ്കര സഭയ്ക്ക് സംഭവിച്ച കുറവുകളും, ഭാവിയിൽ അനുവർത്തിക്കേണ്ട കർത്തവ്യങ്ങളും അവലോകനം ചെയ്യുകയും അനുകാലിക സംഭവങ്ങൾ കോർത്തിണക്കി, വിലയിരുത്തി പുഷ്ടിപ്പെടുത്തുവാനും ശ്രമിച്ചിട്ടുണ്ട്.

www.malankaralibrary.com

മലങ്കരസഭയെ ആഗോള ഓർത്തഡോക്സ് സഭകളുടെ ഉന്നത കുടുംബ പദവിയിലേയ്ക്ക് ഉയർത്തുവാൻ പര്യാപ്തമായ ആശയങ്ങളും ഇതിൽ സ്പഷ്ടമാക്കിയിട്ടുണ്ട്, നാം ധരിച്ചു വച്ചിരിക്കുന്ന ഊമ ചരിത്രത്തോട് യോജിക്കാത്ത വിധത്തിലുള്ള പ്രതിപാദനങ്ങളോട് സംശയം തോന്നുമെങ്കിൽ, നമ്മിൽ ഉറഞ്ഞുകിടക്കുന്ന അന്ധകാരപടലവും, അടിമത്തമനോഭാവവും, മുൻവിധിയും പാടേമാറ്റി വെളിച്ചം വീശുന്ന ചരിത്രസത്യങ്ങൾ പഠിച്ച് നാം ബോധവാന്മാരാകേണ്ടതാകുന്നു.

**കടമ**

ദൈവം ദാനമായി തന്ന താലന്തുകൾ ദൈവതിരുമുമ്പാകെ സമർപ്പിക്കുകയും, നമുക്കു ലഭിച്ച എല്ലാ കഴിവുകളും മനുഷ്യനന്മയ്ക്കായി വിനിയോഗിക്കുകയും ചെയ്യുമ്പോൾ നമ്മുടെ ജീവിതം ധന്യമായി, സത്യം മറ്റുള്ളവരുടെ മുമ്പാകെ വെളിപ്പെടുത്തണമെന്നുള്ളതാണ് ദൈവം ആഗ്രഹിക്കുന്ന കാര്യം. സഭയിൽ സമാധാനമായി വസിക്കണം. അതിന് സ്നേഹവും, ക്ഷമയും, സഹിഷ്ണുതയും നമ്മിലുണ്ടാകണം. വാഗ്വാദങ്ങൾ കൊണ്ട് ആരും വിജയിക്കയില്ല. ക്രിസ്തുവിനുവേണ്ടി വഴക്കടിക്കേണ്ട ആവശ്യം ആർക്കുമില്ല. നരകം നിറയ്ക്കുവാൻ ആരും പരിശ്രമിക്കരുത്.

**രണ്ടുവാക്ക്**

സഭയെ സ്നേഹിക്കുന്നവരെ ദുഃഖിപ്പിക്കുന്നതും, തീരാവ്യാധിപോലെ, തുടരുന്നതുമായ കക്ഷിവഴക്കിന്റെ മൂലകാരണം ആരാണെന്നറിയുവാൻ നടത്തിയ പഠനങ്ങളുടെ പൊതുവായ നിഗമനങ്ങളാണ് ഇതിന്റെ രചനയ്ക്കെന്നെ പ്രേരിപ്പിച്ചത്. സാധാരണ ചരിത്രരചനയിൽ നിന്നും വ്യത്യസ്തമായ ഒരു കാഴ്ചപ്പാടിലാണ് ഇതിലെ വീക്ഷണങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. സഭാചരിത്രത്തേക്കുറിച്ച് ഒരു സാമാന്യ ജ്ഞാനം ലഭിക്കുവാൻ എല്ലാവരും അറിഞ്ഞിരിക്കേണ്ടതും, എന്നാൽ പലർക്കും അറിവില്ലാത്തതുമായ മർമ്മപ്രധാനമായ ചരിത്രഭാഗങ്ങൾ എല്ലാം സമാഹരിച്ച്, സംഗ്രഹിച്ച്, വിമർശനവിധേയമായി വിശകലനം ചെയ്ത് അവലോകനം നടത്തി, വിലയിരുത്തിയ നിഗമനങ്ങളാണ് ലളിതമായ ഭാഷയിൽ, സാധാരണക്കാർക്കും മനസ്സിലാക്കാവുന്ന ശൈലിയിൽ ഇതിൽ അവതരിപ്പിച്ചിട്ടുള്ളത്. ഒരു വിഷയം സമാഹരിക്കുവാൻ 40-ഓളം പുരാതനവും നവീനവുമായ ഗ്രന്ഥങ്ങൾ ആരായുകയും, വി.

www.malankaralibrary.com

ശ്ലീഹായെ ധ്യാനിച്ചു കിടന്നുറങ്ങുമ്പോൾ ശ്രമകരമായ പ്രധാന സംഗതികൾ ഓരോ പുസ്തകങ്ങളിൽ നിന്നും ബോദ്ധ്യപ്പെടുത്തി തരികയും ചെയ്തു എന്നെനിക്ക് ഉത്തമ വിശ്വാസമുണ്ട്. ഒരു പക്ഷപാതവും കാണിക്കാതെ വസ്തുനിഷ്ഠമായവ മാത്രം തുറന്നു കാട്ടണം എന്ന ചിന്ത എന്നെ ഭരിച്ചിരുന്നു, മാർത്തോമ്മാ പൈതൃകത്തിന്റെ മഹിമയിൽ അഭിമാനം കൊള്ളുന്നവർ ഇത്രയും സംഗതികൾ ഗ്രഹിച്ച് പ്രബുദ്ധന്മാരാകുവാൻ ദൈവാത്മാവ് പ്രവർത്തിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

## കൃപയ്ക്കു നന്ദി

വലിയതും അത്ഭുതകരവുമായ കൃപ എനിക്കു ലഭിച്ചു. എന്റെ ശാരീരിക ബലഹീനതയിൽ എനിക്ക് ശക്തി പകർന്ന് ഇത്രയും സമാഹരിച്ചെഴുതുവാൻ അനുഗ്രഹിച്ച ദൈവത്തിനു നന്ദിയും സ്തോത്രവും, ഇതു രചിക്കുവാൻ സർവ്വപ്രകാരേണയും കൃപ തന്ന ക്രിസ്തുനാഥന് വന്ദനവും സ്ത്രോത്രവും അർപ്പിക്കുന്നു. ഇതിന്റെ അനുവാചകർക്ക് ത്രീയേക ദൈവത്തിന്റെ സ്നേഹവും കൃപയും, ആവാസവുമുണ്ടായി മാർത്തോമ്മാ ശ്ലീഹായുടെ അനുഗ്രഹങ്ങൾ ലഭിക്കുവാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## നന്ദി രേഖപ്പെടുത്തുന്നു

ഈ ഗ്രന്ഥം സൂക്ഷ്മമമായി പരിശോധിച്ച് അവശ്യം വേണ്ട നിർദ്ദേശങ്ങൾ തരികയും, ശ്രദ്ധേയവും വിജ്ഞാനപ്രദവുമായ അവതാരിക എഴുതിത്തന്ന് അനുഗ്രഹിക്കുകയും ചെയ്ത അഭിവന്ദ്യ ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ തിരുമേനിയോടുള്ള നിസ്സീമമായ കൃതജ്ഞതയും, ഭക്ത്യാദരവുകളും സർവ്വാത്മനാ സമർപ്പിച്ചു കൊള്ളുന്നു.

ഇതിന്റെ കരടുരൂപവും പിന്നീട് കയ്യെഴുത്തുപ്രതിയും വായിച്ച് സർവ്വപ്രധാനമായ നിർദ്ദേശങ്ങൾ തരികയും, ചിന്താർഹവും, പ്രൗഢവുമായ അഭിപ്രായം രേഖപ്പെടുത്തി സഹായിക്കുകയും ചെയ്ത കോട്ടയം വൈദിക സിമ്മനാരി പ്രഫസർ വന്ദ്യ ഡോ. എം. ജോൺ പണിക്കർ അച്ചനോടുമുള്ള ഹൃദയം നിറഞ്ഞ നന്ദിയും, സ്നേഹവും സന്തോഷസമന്വിതം രേഖപ്പെടുത്തുന്നു.

www.malankaralibrary.com

ഈ സംരഭം സഫലീകരിക്കുവാൻ സന്തോഷത്തോടും, ആത്മാർത്ഥതയോടും കൂടി സഹായിച്ചവർ പലരുണ്ട്. ഈ കൃതിയുടെ പൂർത്തീകരണത്തിന് സഹായകമായ പുസ്തകങ്ങൾ തന്ന ബഹു. ടി.ഐ. തോമസ് അച്ചൻ മെഴുവേലി, ബഹു. ജിബു ഫിലിപ്പ് അച്ചൻ മംഗലം എന്നിവരോടും, ഇതു രചിക്കുന്നതിന് വളരെയേറെ പ്രോത്സാഹനങ്ങൾ തന്നവരായ ബഹു. എൻ.സി. ജോയി അച്ചൻ ഉള്ളന്നൂർ, ശ്രീ. ഇ.ജെ. വറുഗീസ് ഇടയിൽ, സിമ്മനാരി വിദ്യാർത്ഥി ഷിബു വറുഗീസ് ആമക്കോട്ടു ഭവൻ, സണ്ടേസ്ക്കൂൾ ഹെഡ്മാസ്റ്റർ പി.സി. ചാക്കോ സാർ എന്നിവരോടും, ഈ ചരിത്രഭാഗത്തെ സഭാ ജനതയെ പരിചയപ്പെടുത്തിയവരായ വന്ദ്യ ഗബ്രിയേൽ ഏബ്രഹാം കോറെപ്പിസ്കോപ്പ, ബഹു. കെ.ഒ. ഫിലിപ്പ് അച്ചൻ, ബഹു. കുര്യൻ ജോസഫ് അച്ചൻ, പ്രൊഫ. കെ. ജെ. ഡാനിയേൽ, പി.എസ്. വറുഗീസ്, പി. ടി. തോമസ്, പി. എം. ജേക്കബ്, ജോർജ്ജ് ജോസഫ് എന്നിവരോടുമുള്ള സ്നേഹനിർലോഭമായ കൃതജ്ഞത ഇത്തരുണത്തിൽ രേഖപ്പെടുത്തുന്നു.

ഈ ഗ്രന്ഥരചനയ്ക്ക് അവലംബമായ നല്ല പുസ്തകങ്ങൾ രചിച്ച് അനുഗ്രഹിച്ച പണ്ഡിതരായ വന്ദ്യ ശ്രേഷ്ഠ ഗ്രന്ഥകർത്താക്കളെയും ഇത്തരുണത്തിൽ സർവ്വാത്മനാ സ്മരിക്കുന്നു. എന്റെ മക്കളും, ചെറുമക്കളും വളരെയേറെ സഹായങ്ങൾ ചെയ്തു തന്നതും ഓർക്കുന്നു. ടൈപ്പ്സെറ്റിംഗും മുദ്രണവും ഭംഗിയായി നിർവ്വഹിച്ചു തന്ന പത്തനംതിട്ടയിലെ ഇൻടെക്സിനെയും അഭിനന്ദിക്കുന്നു.

അതിശ്രേഷ്ഠമായ മാർത്തോമ്മാ പൈതൃകമുള്ളവരായ നാം നവസഹസ്രാബ്ദത്തിന്റെ വിജ്ഞാന പടിവാതിൽ തുറന്ന് ആവശ്യം അറിഞ്ഞിരിക്കേണ്ട ചരിത്രസത്യങ്ങൾ പഠിച്ച് പ്രബുദ്ധരായി വിജ്ഞാനികളായിത്തീരുവാൻ സർവ്വജ്ഞാനിയായ സർവ്വേശ്വരൻ കരുണ ചെയ്തു സഹായിക്കട്ടെ എന്നു സർവ്വാത്മനാ പ്രാർത്ഥിക്കുന്നു.

**ഗ്രന്ഥകർത്താവ്**

www.malankaralibrary.com

## *Readers Column.....*

"I have read this newly written book with immense pleasure. It contains many salient facts sorted from many historical writings of eminent persons. They are compiled, scrutinised, summarized and evaluated to make a very informative source of events. The first part deals with the whole Christendom. The second part evaluates the entity and identity of the Orthodox Community where it points out the merits and demerits of the Malankara Church in its relationship with the other foreign churches such as Persian, Roman, Syrian and Anglican. The Indian Church should have an Indian identity, but not that of any other Church whether Eastern or Western.

The St. Thomas Christians had as a matter of fact " formed integral part of the pattern of the sociocultural life of Kerala before the arrival of the foreigners. The book suggests ways and means to strengthen the Catholicate in shaking off the shackles of all foreign rules over it, and in its development and expansions. The ideas are worked out systematically and formulated explicitly and implicitly. The third part points out the ecumenical relationship of Malankara church with other churches and their modern tendencies. All these informations are very useful for clergymen and laymen alike. My best wishes for this hard task."

*- P.S. Varughese, Perumkunnil.*

"ചരിത്രപരമായും, വിശ്വാസപരമായും എല്ലാ സഭകളേയുംകുറിച്ച് എല്ലാവരും ഒരു പോലെ മനസ്സിലാക്കാവുന്ന രീതിയിൽ സവിസ്തരം പ്രതിപാദിക്കുന്ന ഈ ചരിത്രം രചിക്കുവാൻ വളരെ നാളത്തെ പരിശ്രമവും ത്യാഗവും ഗ്രന്ഥകാരൻ ചെയ്തിട്ടുണ്ട് എന്നതിന് ഞാൻ ദൃക്സാക്ഷിയാണ്. ധാരാളം പുസ്തകങ്ങളിൽ നിന്നും പ്രസക്തമായ ചരിത്രങ്ങൾ ഒന്നിച്ചു ചേർത്ത് വളരെ പ്രയോജനം ചെയ്യുന്ന ഈ ഗ്രന്ഥം തയ്യാറാക്കിയത് വലിയ ഒരു ദൈവാനുഗ്രഹമാണ്. ഇതുപോലെയുള്ള ഗ്രന്ഥങ്ങൾ വിരളമാണ്. വന്ദ്യ കോറെപ്പിസ്ക്കോപ്പായ്ക്ക് ദൈവം കൊടുത്ത താലന്ത് ശരിയായി വ്യാപാരം ചെയ്ത് സഭയ്ക്കും, വിശ്വാസികൾക്കും ഒരുപോലെ ആത്മബലം നൽകുവാൻ ഈ മഹൽഗ്രന്ഥം പര്യാപ്തമാകുമെന്നതിനാൽ ഈ ചരിത്രം എല്ലാവരും വായിച്ചു പഠിച്ച് സഭാസ്നേഹത്തിൽ വളരുവാൻ സഹായിക്കട്ടെ എന്നു ഞാൻ ആശംസിക്കുന്നു."

*വെരി റവ. ഗബ്രിയേൽ ഏബ്രഹാം കോറെപ്പിസ്കോപ്പാ*
*വഴിയമ്പലത്തിൽ, പുത്തൻകാവ്.*

www.malankaralibrary.com

"ഈ ഗ്രന്ഥത്തിൽ പറയുന്ന കാര്യങ്ങൾ എല്ലാം ശരിയാണ്. ലോകത്തിലുള്ള എല്ലാ ഓർത്തഡോക്സ് സഭകൾക്കും ഉറച്ച വിശ്വാസവും, അതിന്റേതായ ഡൈനമിക് എൻഡിറ്റി (dynamic entity) - ശ്രേഷ്ഠമായ വ്യക്തിത്വം - ഐഡന്റിറ്റി (identity) - ഉണ്ടെന്ന് പണ്ടേ ഞാൻ ഗ്രഹിച്ചിട്ടുണ്ട്. വന്ദ്യ കോറെപ്പിസ്കോപ്പാ അനവധി സഭാഗ്രന്ഥങ്ങൾ മനസ്സിരുത്തി പഠിച്ച് അതിലെ മർമ്മപ്രധാനമായ വസ്തുതകളും, വിശ്വാസ സത്യങ്ങളും കോർത്തിണക്കി വളരെ സമഗ്രമായ ഒരു പ്രബന്ധം - തീസിസ് - ഉണ്ടാക്കിയത് ശ്ലാഘനീയമാണ്. മാത്രമല്ല അത് മലങ്കര സഭാമക്കൾക്കും, സഭയ്ക്കും, വൈദികർക്കും, സെമിനാരി വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രയോജനമുള്ള ഒരു മുതൽക്കൂട്ടായിരിക്കും. അതു ഒരു റഫറൻസ് ഗ്രന്ഥമായി നമുക്ക് പ്രയോജനപ്പെടും. അതു പ്രസിദ്ധീകരിക്കുവാൻ ദൈവം സഹായിക്കും."

*പ്രൊഫ. കെ.ജെ. ഡാനിയേൽ - ന്യൂയോർക്ക്*

"ചില ചരിത്രകാരന്മാർ സമകാലീന ചരിത്രം പ്രതിപാദിക്കുന്നത് വായനക്കാർക്ക് തന്നേപ്പോലെ വിശദമായ ജ്ഞാനമുണ്ടെന്നുള്ള മുൻവിധിയോടെയായതിനാൽ അതു അനുവാചകർക്ക് സുഗ്രാഹ്യമല്ലാതെയായിത്തീരും. എന്നാൽ ഒരു അദ്ധ്യാപകൻ കൂടിയായിരുന്ന ബഹു. വല്യച്ചൻ രചിച്ച ഈ കൃതി സാമാന്യജ്ഞാനമുള്ള ഏവർക്കും കൂടുതൽ അറിവ് ലഭിക്കുവാൻ ഇടയാകുന്നതാണ്. ചരിത്ര വിജ്ഞാന ശാഖയ്ക്ക് ഇതു തന്നെ വാതിലായിരിക്കുന്നതിനാൽ ഏവരും ഇതു വായിച്ച് പ്രയോജനപ്പെടുത്തുന്നത് നന്നായിരിക്കും."

*റവ. ഫാ. കുര്യൻ ജോസഫ് - മുരിക്കോത്ത് - കുറിച്ചിമുട്ടം*

"വന്ദ്യ വല്യച്ചന്റെ ചുറുചുറുക്കോടുള്ള ചെറിയ പ്രഭാഷണം കേൾക്കുമ്പോൾ വൃദ്ധതയിലും തളിരിട്ടു തഴയ്ക്കുമെന്ന ശാന്തിഗീതമാണ് ഓർമ്മയിൽ വരുന്നത്. വാർദ്ധക്യത്തിലും ഫലം കായ്ക്കുന്ന ഈ ജ്ഞാനനിക്ഷേപം ആയിരക്കണക്കിനു വിശ്വാസികളെ ജ്ഞാനികളാക്കുവാൻ പര്യാപ്തമാണ്. ഈ ഗ്രന്ഥം എല്ലാവരും പ്രയോജനപ്പെടുത്തുമെന്ന് ആശിക്കുന്നു. കൂടുതൽ ഫലം നൽകുവാൻ ദൈവം കൃപനൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു."

*റവ. ഫാ. കെ. ഓ. ഫിലിപ്പ്, കൊല്ലശ്ശേരിൽ.*
*വികാരി H.I. ഓർത്തഡോക്സ് വലിയപള്ളി, മെഴുവേലി.*

"വിഷയാവതരണത്തിലും, പ്രതിപാദന രീതിയിലും വായനക്കാരെ ഏറെ ആകർഷിക്കുന്ന ഒരു ചരിത്ര ഗ്രന്ഥമാണ് വന്ദ്യ കോറെപ്പിസ്കോപ്പാ എഴുതി

www.malankaralibrary.com

യത് എന്നതിൽ സംശയമില്ല. പഠനോന്മുഖമായ ബഹു. അച്ചന്റെ ഉജ്ജ്വല പ്രഭാഷണങ്ങൾ പലപ്പോഴും കേട്ടിട്ടുള്ളവർക്ക് ഈ ഗവേഷണചാതുര്യം പൂർണ്ണമായും ഉൾക്കൊള്ളുവാൻ കഴിയും. സഭയുടെ ചരിത്രത്തിന്റെ അഗാധതയിലേയ്ക്ക് ഇറങ്ങിച്ചെന്ന് ഒളിഞ്ഞു കിടക്കുന്ന സത്യങ്ങൾ പെറുക്കിയെടുത്ത് സാധാരണക്കാരന് വേഗം മനസ്സിലാകുന്ന ആഖ്യാനശൈലിയിൽ എഴുതിയത് ശ്ലാഘനീയമാണ്. സംഘടിത സമൂഹം തങ്ങളുടെ സ്ഥാപിത താല്പര്യങ്ങൾക്കു വേണ്ടി ചരിത്രസൃഷ്ടി നടത്തിയിട്ടുള്ളത് തുറന്നു കാണിക്കുന്ന ഈ ചരിത്രം മലങ്കര സഭയ്ക്ക് എന്നും ഒരു ഈടുറ്റ മുതൽക്കൂട്ടായിരിക്കും എന്നതിൽ സംശയമില്ല.''

*പി.എം. ജേക്കബ്, വലിയ മേലത്തേതിൽ,*
*ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ്, ആറന്മുള.*

''പല പ്രാവശ്യം ഞാനും നമ്മുടെ അച്ചനും ഒരുമിച്ചിരുന്ന് പുസ്തക പ്രസിദ്ധീകരണത്തിനാവശ്യമായ കാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. പലരുടെയും പക്കലില്ലാത്ത പുരാതനവും, നവീനവുമായ പല ഗ്രന്ഥങ്ങളിൽ നിന്നും സുപ്രധാനമായ സംഭവങ്ങൾ സമാഹരിച്ചെഴുതി അവലോകനം ചെയ്തു വിലയിരുത്തിയത് പഠിക്കുവാൻ, പല പുതിയ അറിവുകളും നൽകുന്നതാണ്. ഓർത്തഡോക്സ് സഭയുടെ വൈശിഷ്ഠ്യം ഇതിൽ നിന്നും മനസ്സിലാക്കുവാൻ എനിക്കു സാധിച്ചു. ഈ ഗ്രന്ഥം ചരിത്ര പഠനത്തിന് പ്രയോജനം ചെയ്യുമെന്നതിനാൽ ഇതിന് പ്രചുര പ്രചാരം ലഭിക്കും എന്നെനിക്കുറപ്പുണ്ട്. പ്രയോജനമുള്ള കൂടുതൽ മുത്തുകൾ രചിക്കുവാൻ പിതാവിനെ ദൈവം അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.''

*പി. റ്റി. തോമസ്, പുന്തുരുത്തി, ബഥേൽ.*
*റിട്ട. എക്സിക്യൂട്ടീവ് എഞ്ചിനിയർ, കിടങ്ങന്നൂർ.*

"I can truely tell you that the Lord is using your pen to reveal the actual truth of the Church which is being blackmailed now a days; All the pages of the book contain treasures of facts. They are valuable and will help the church members as well as the students of history."

*George Joseph-Patna.*

We are very glad to hear that your compiled and evaluated findings of Church History is going to be published very soon. It

www.malankaralibrary.com

is nice, that some salient facts are mentioned in English also. We believe it covers the whole christendom and our mother church. Can we have a translated version of it in English too? We the young generation residing outside Kerala don't know Malayalam scripts. We use English scripts to sing hymns in Malayalam for worship.

We read from books that our church is very ancient and it has marvellous aspects. It confesses Lord Jesus Christ as God and Saviour, according to the worship and scriptures and there fore seek to fulfill their common calling to the glory of the one God Father, the Son and the Holy Spirit. Secondly it has a heavenly state in the sphere of worship and spirituality. The objective of its liturgy is to enable the mass of worshippers on earth to join with the heavenly hosts, along with the angels, saints and departed devotees, continually offering worship to God with fasting and prayers.

Anyhow our Grandfather's attempt in his old age is very precious to the future generations.

We pray for your health

With Love

*Vanaja from London and*
*Vinish from Pataliputra.*

www.malankaralibrary.com

# ഭാഗം 1

# ക്രൈസ്തവ സഭാചരിത്രം

www.malankaralibrary.com

# ഉള്ളടക്കം

1. ആദിമസഭയിലെ ക്രൈസ്തവ കേന്ദ്രങ്ങൾ

2. മെത്രാസനം – സിംഹാസനം

3. പുരാതന സിംഹാസനങ്ങൾ

4. ക്രൈസ്തവസഭയിലെ ഭിന്നിപ്പ് – സുന്നഹദോസുകൾ

5. പൗരസ്ത്യ ഓർത്തഡോക്സു സഭകൾ

6. കൽക്കദൂന്യ സുന്നഹദോസിനു ശേഷം

7. സഭകൾ തമ്മിൽ മാതൃകാപരമായ സൗഹൃദബന്ധം

8. കൽക്കദൂൻ സുന്നഹദോസ് തീരുമാനങ്ങളോടുള്ള ഇന്നത്തെ നിലപാട്

www.malankaralibrary.com

## 1. ആദിമ സഭയിലെ ക്രൈസ്തവ കേന്ദ്രങ്ങൾ

പെന്തിക്കുസ്തിയിൽ ശ്ലീഹന്മാർക്ക് പരിശുദ്ധ റൂഹായുടെ ആവാസം ലഭിച്ച ശേഷം, വിവിധ ഭാഷാവരം, രോഗശാന്തിവരം, അത്ഭുതപ്രവർത്തനവരം എന്നിവ പ്രാപിച്ച് ക്രിസ്തുവിനെ ധൈര്യമായി സുവിശേഷിപ്പാനുള്ള ജ്ഞാനവും ശക്തിയുമുള്ളവരായി പ്രകാശിതരായിത്തീർന്നു. വാഗ്ദത്ത നിവർത്തിക്കായി അവർ നിത്യജീവന്റെ മാർഗ്ഗത്തെ സുവിശേഷിച്ച് മനുഷ്യാത്മാക്കളെ രക്ഷാകരമാർഗ്ഗത്തിലേക്ക് നയിപ്പാൻ സകലതും വെടിഞ്ഞ് ത്യാഗങ്ങൾ സഹിച്ച് പ്രകാശത്തൂണുകളായി രക്ഷകനായ മിശിഹാതമ്പുരാനെ അനുഗമിച്ചു. ഉയിർത്തെഴുന്നേറ്റ ക്രിസ്തു നാല്പതുനാൾ അവരോടുകൂടി സ്ഥിതിചെയ്ത് സകലതും ഉപദേശിച്ചു. സ്വർഗ്ഗാരോഹണത്തിനു ശേഷം അവർ വിശ്വാസസ്ഥിരതയുള്ളവരായിത്തീർന്നു. ശ്ലീഹന്മാർ ചുറ്റുപാടും സഞ്ചരിച്ച് ക്രിസ്തുമാർഗ്ഗം പ്രസംഗിച്ച് സഭ സ്ഥാപിച്ചു.

### (1) യെറുശലേം (Jerusalem)

ആദ്യ ക്രൈസ്തവകേന്ദ്രം യെറുശലേമായിരുന്നു. അവിടെ ശ്ലീഹന്മാർ പല പ്രാവശ്യം സമ്മേളിച്ച് സഭയുടെ വളർച്ചയ്ക്ക് വേണ്ട ക്രമീകരണങ്ങൾ ചെയ്തു. അവർക്ക് ഏക മനസും ഏക അഭിപ്രായവും ഉണ്ടായിരുന്നു. യൂദായ്ക്കു പകരം മത്ഥ്യാസിനെ തെരഞ്ഞെടുത്തു. വി. പത്രോസിനെയും വി. യാക്കോബിനെയും ചേലയുള്ളവരുടേയും, വി. പൗലോസിനേയും, ബർണ്ണബാസിനെയും ജാതികളുടെയും അപ്പോസ്തോലരായി വേർതിരിച്ചു. സുവിശേഷത്തിൽ വിശ്വസിച്ചവരെ സഭയോടു ചേർത്തു എന്നും നടപ്പുകളുടെ പുസ്തകത്തിൽ കാണുന്നു. സഭയെന്നത് ത്രീയേക ദൈവത്തിലും, ത്രിത്വത്തിൽ രണ്ടാമനായ യേശു



www.malankaralibrary.com

മിശിഹായുടെ മനുഷ്യാവതാരം, ക്രൂശുമരണം, ഉയിർത്തെഴുന്നേല്പ്, സ്വർഗ്ഗാരോഹണം, രക്ഷണ്യമായ വി. കൂദാശകൾ, കർത്താവിന്റെ പുന രാഗമനം എന്നിവയിലും യേശുമിശിഹായാകുന്ന ഏകതലവനിലും വിശ്വസിക്കുന്ന മിശിഹൈകവിശ്വാസികളുടെ സമൂഹമാകുന്നു.

കർത്താവിന്റെ സഹോദരൻ എന്നറിയപ്പെട്ടവനും യൗസേഫിന്റെ ആദ്യ വിവാഹത്തിലുള്ളവനുമായ യാക്കോബ് യേശുവിന്റെ ഉയിർപ്പിനു ശേഷമാണ് തന്നിൽ വിശ്വസിച്ചത്. യാക്കോബിനും യേശു പ്രത്യക്ഷ പ്പെട്ടു എന്ന് വി. പൗലോസ് പറയുന്നു (1 കോരി 15: 7). അദ്ദേഹം സുവിശേഷത്തിൽ ആകൃഷ്ടനായി യേശുവിനെ സാക്ഷിച്ചു. യെറുശ ലേമിൽ നടന്ന ആദ്യ സുന്നഹദോസിൽ ശ്ലീഹന്മാർ യാക്കോബിനെ യെറുശലേമിലെ അദ്ധ്യക്ഷനായി അവരോധിച്ചു. ജ്ഞാനിയായ അദ്ദേഹം സഭാഭരണക്രമങ്ങളും, ആരാധനക്രമങ്ങളും ക്രോഡീകരിച്ചു. വി. കുർബാനയുടെ യാക്കോബിന്റെ ക്രമവും അദ്ദേഹം രചിച്ചു. സഭ യ്ക്കുവേണ്ടി അനവധി പീഡനങ്ങൾ സഹിച്ച വിശുദ്ധൻ എ.ഡി. 62ൽ രക്തസാക്ഷിയായി പറുദീസാ അവകാശിച്ചു.

## (2) അന്ത്യോഖ്യ (Antioch)

പാലസ്തീൻ നാടിന്റെ വടക്കുകിഴക്ക് സ്ഥിതിചെയ്ത പട്ടണമാണ് അന്ത്യോഖ്യ. അത് റോമാസാമ്രാജ്യത്തിന്റെ കിഴക്കേപ്രവിശ്യയുടെ തലസ്ഥാനമായിരുന്നു. സാമ്രാജ്യത്തിലെ പട്ടണങ്ങളിൽ മൂന്നാം സ്ഥാനം അന്ത്യോഖ്യയ്ക്കായിരുന്നു. സുവിശേഷം അവിടെ പ്രചരിക്കു ന്നതിനുള്ള സാഹചര്യമുണ്ടായിരുന്നു. വലിയ ഒരുകൂട്ടം സുവിശേഷ ത്തിൽ വിശ്വസിച്ച് കർത്താവിങ്കലേയ്ക്കു തിരിഞ്ഞു. വി. പൗലോസും ബർണബാസും അവിടെ താമസിച്ച് സഭയെ ഉറപ്പിച്ചു, അവർ കർത്താ വിനെ ആരാധിച്ചും ഉപദേശിച്ചും പോന്നു. ആദ്യം അന്ത്യോഖ്യായിൽ വച്ച് ശിഷ്യന്മാർക്ക് ക്രിസ്ത്യാനികൾ എന്ന പേർ ലഭിച്ചു (അപ്ര. 11:26).

അക്കാലത്ത് കുപ്രോസ്, ഫൊയ്നീഖ്യ, കോരിന്ത്, എഫേസൂസ്, ഗലാത്യാ, കോലേസ്യ മുതലായ സ്ഥലങ്ങളിലേയ്ക്ക് സുവിശേഷം എത്തി. അപ്പോസ്തോലന്മാർ സഭതോറും അവർക്ക് കശ്ശീശ്ശന്മാരെ നിയമിക്കുകയും, ഉപവസിച്ചും പ്രാർത്ഥിച്ചും കൊണ്ട് തങ്ങൾ വിശ്വസിച്ച കർത്താവിങ്കൽ അവരെ ഭരമേല്പിക്കുകയും ചെയ്തു.



www.malankaralibrary.com

### (3) ഉറഹാ (Edessa)

മാർത്തോമ്മാ ശ്ലീഹാ കിഴക്കോട്ടു യാത്ര ചെയ്ത് പേർഷ്യയിലെ പ്രധാന പട്ടണമായ ഉറഹായിലെത്തി സുവിശേഷഘോഷണം നടത്തി. അനേകർ വിശ്വസിച്ച് യേശുവിന്റെ നാമത്തിൽ സ്നാപനം സ്വീകരിച്ചു. സഭയുടെ ചുമതല തന്റെ ശിഷ്യന്മാരായ ആദായി, ആഗായി എന്നിവരെ ഏല്പിച്ച ശേഷം ശ്ലീഹാ ഇൻഡ്യയിലേക്കു തിരിച്ചു, പിന്നീട് ആദായിയുടെ ശിഷ്യനായ മാറി സഭാ പ്രവർത്തനം തുടർന്നു.

### (4) മലങ്കര

മാർത്തോമ്മാ ശ്ലീഹാ എ.ഡി. 52ൽ കൊടുങ്ങല്ലൂർ എത്തി. അത്ഭുത പ്രവർത്തനങ്ങളാലും ശക്തിമത്തായ സുവിശേഷഘോഷണത്താലും അനേകം കുടുംബങ്ങൾ ക്രിസ്തുമാർഗ്ഗം സ്വീകരിച്ചു. പള്ളികൾ സ്ഥാപിച്ച് വൈദികരേയും പട്ടം കെട്ടി. സഭ വളർന്നു വന്നു.

### (5) ഫിലിപ്യാ

എ.ഡി. 50ന് ശേഷം വി. പൗലോസ് മിഷ്യനറി യാത്ര തുടർന്നു മക്കദോന്യയിലെ ഫിലിപ്യയിലെത്തി മാർഗ്ഗം അറിയിച്ചു. യൂറോപ്പിലെ ആദ്യ വേലസ്ഥലം ഫിലിപ്യയായിരുന്നു. അവിടെ ആദ്യമായി സ്നാനം ഏറ്റത് ലുദിയായും കുടുംബവുമാണ്. ലൂക്കോസും ശീലാസും പൗലോസിനെ സുവിശേഷ വേലയിൽ സഹായിച്ചു (അപ്ര. 16).

### (6) റോമ (Rome)

റോമാ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ റോമിൽ വി. പൗലോസ് എത്തി സുവിശേഷദൂത് അറിയിച്ചു. തന്റെ സഹപ്രവർത്തകരും സുവിശേഷഘോഷണത്തിൽ സഹായിച്ചു. അനേകർ ക്രിസ്തുമതം സ്വീകരിച്ചു. ആദ്യ കാലത്ത് സഭയ്ക്ക് പലവിധ പീഢകൾ ഉണ്ടായി. വി.പത്രോസിനെയും അവിടെ കൊണ്ടു വന്നു. വി. പത്രോസും, വി.പൗലോസും അവിടെ വച്ച് രക്തസാക്ഷികളായി മരിച്ചു. എന്നാൽ പില്ക്കാലത്ത് രാജകീയ ബലത്തോടുകൂടി സഭ ശക്തിപ്പെട്ടു.

### (7) അലക്സാന്ത്രിയ (Alexandria)

ആഫ്രിക്കയിലെ വാണിജ്യപ്രധാനമായ പട്ടണമായ അലക്സാന്ത്രിയായിൽ അറിയിപ്പുകാരനായ വി. മർക്കോസ് സുവിശേഷം അറിയിച്ചു സഭ സ്ഥാപിച്ചതായി ചരിത്രമുണ്ട്. ക്രിസ്തുമതം ശക്തിപ്പെട്ടതിനാൽ അവിടം ഒരു സഭാ കേന്ദ്രമായിത്തീർന്നു.



www.malankaralibrary.com

### (8) എത്യോപ്യ

ആദ്യ കാലത്തു തന്നേ സുവിശേഷം എത്യോപ്യയിൽ എത്തിയതായും വി. ലൂക്കോസ് അവിടെ സഭ സ്ഥാപിച്ചതായും പാരമ്പര്യമുണ്ട്. ഇന്ന് വലിയ അംഗസംഖ്യയുള്ള ഒരു സഭയായി ശക്തിപ്പെട്ടു വന്നു.

## 2. മെത്രാസനം – സിംഹാസനം

ആദിമ സഭയിൽ മൂന്നു വൈദിക സ്ഥാനികളുണ്ടായിരുന്നതായി പുതിയ നിയമത്തിൽ കാണുന്നു. (i) ശെംശോനോ (ഡീക്കൻ), (ii)കശ്ശീശ്ശാ (മൂപ്പൻ), (iii) എപ്പിസ്കോപ്പാ (അദ്ധ്യക്ഷൻ).

വിശ്വാസികളുടെ ആത്മീയപോഷണത്തിനാവശ്യമായ കൂദാശകൾ അനുഷ്ഠിപ്പാൽ പരിശുദ്ധാത്മനൽവരം പ്രാപിച്ച് ദൈവത്താൽ നിയോഗിക്കപ്പെട്ടവരാകുന്നു വൈദികർ – അവർ സഭയുടെ ഉപദേഷ്ടാക്കന്മാരും ഭരണകർത്താക്കളുമാകുന്നു. ആദിമകാലത്തുതന്നേ സഭകൾ തോറും വൈദികരും അധിപന്മാരായി പ്രധാന കേന്ദ്രങ്ങളിൽ എപ്പിസ്ക്കോപ്പന്മാരും നിലവിൽ വന്നു. സഭ പില്ക്കാലത്തു വളർന്നപ്പോൾ വൻ നഗരങ്ങളിലെ (Metrapolis) എപ്പിസ്ക്കോപ്പന്മാർ മെത്രാപ്പോലീത്താ (Metrapolitan) എന്ന സ്ഥാനം സ്വീകരിച്ചു. നാലാം നൂറ്റാണ്ടിൽ റോമാ സാമ്രാജ്യത്തിനകത്തുള്ള പ്രധാന പട്ടണങ്ങളിലെ തലവന്മാർക്കു പാത്രിയർക്കീസ് എന്ന സ്ഥാനം നൽകി. റോമാ സാമ്രാജ്യത്തിനു വെളിയിലുള്ള സഭാതലവന്മാർക്ക് കാതോലിക്കാ എന്ന സ്ഥാനം നൽകിയത് നിഖ്യായിൽ അംഗികരിച്ചു. പാപ്പാ, പാത്രിയർക്കീസ് എന്നീ പദങ്ങൾക്ക് പിതാവ് എന്നും കാതോലിക്കാ എന്ന പദത്തിന് പൊതുവിനടുത്ത പിതാവ് എന്നും അർത്ഥമാകുന്നു. ഗ്രാമപ്രദേശങ്ങളിൽ കോർ എപ്പിസ്ക്കോപ്പാമാരെ നിയോഗിച്ചിരുന്നു.

മഹാനായ കുസ്തന്റീനോസ് രാജാവും മാതാവ് ഹെലനി രാജ്ഞിയും ക്രിസ്തുമതം സ്വീകരിച്ചതിനു ശേഷം സഭയ്ക്ക് അഭൂതപൂർവ്വമായ വളർച്ചയുണ്ടായി. രാജാവിന്റെ പേര് നിലനിർത്തുവാൻ എ.ഡി. 300ൽ പുരാതനമായ "ബൂസന്തിയ" പട്ടണം പടുത്തുയർത്തി. അതിന് "കുസ്തന്റീനോപോലിസ്" എന്നു പേരിട്ടു രാജധാനിയാക്കി, (New Rome). അവിടെ ഒരു ബിഷപ്പിനെ നിയമിക്കുകയും ചെയ്തു.



www.malankaralibrary.com

നിഖ്യാ സുന്നഹദോസിൽ വച്ച് റോം, അലക്സന്ത്രിയ, അന്ത്യോഖ്യാ എന്നീ മൂന്നു മെത്രാപ്പോലീത്തന്മാരെ പാത്രിയർക്കാ സ്ഥാനത്തേയ്ക്കുയർത്തി. കുസ്തന്റീനോപോലീസിൽ എ.ഡി. 381ൽ കൂടിയ സുന്നഹദോസ് കുസ്തന്റീനോപോലീസിനേയും പാത്രിയർക്കാ സ്ഥാനത്തേയ്ക്കുയർത്തുകയും അതിന് രണ്ടാം സ്ഥാനം നൽകുകയും ചെയ്തു. ഒന്നാമത് റോം, രണ്ടാമത് കുസ്തന്റീനോപോലീസ്, മൂന്നാമത് അലക്സാന്ത്രിയ, നാലാമത് അന്ത്യോഖ്യാ – അന്ത്യോഖ്യാ നാലാം സ്ഥാനത്തേയ്ക്കു മാറി.

പാത്രിയർക്കാ സ്ഥാനത്തിന് വേദശാസ്ത്രപരമായ അടിസ്ഥാനമില്ലാത്തതു കൊണ്ടാണ് കാനോനിൽ "ദിക്കുകളുടെ കണക്കനുസരിച്ച് നാലു പാത്രിയർക്കീസന്മാർ" എന്നു പറയുന്നത്. രാഷ്ട്രീയ പ്രാധാന്യം കുറഞ്ഞപ്പോൾ അധീശാധികാരത്തിനുവേണ്ടി പാത്രിയാർക്കേറ്റുകൾ മറ്റു മാർഗ്ഗങ്ങൾ ആരാഞ്ഞു. റോം വി. പത്രോസിന്റെ പിൻതുടർച്ചാധികാരം അവകാശപ്പെട്ടപ്പോൾ അന്ത്യോഖ്യായും വി. പത്രോസിന്റെ പിന്തുടർച്ച അവകാശപ്പെട്ടു. വി. മർക്കോസ് അലക്സാന്ത്രിയ സഭ സ്ഥാപകനാകയാൽ ആ സിംഹാസനം വി. മർക്കോസിന്റെ പിൻതുടർച്ച അവകാശപ്പെട്ടു. ഒരു ശെമ്മാശൻ പോലും എത്തിയിട്ടില്ലാത്ത കുസ്തന്റീനോപോലീസിൽ രണ്ടാം സ്ഥാനമുള്ള ഒരു സിംഹാസനമുണ്ടായി. ഇതിൽ നിന്നും പാത്രിയർക്കീസിന്റെ അധികാരത്തിന്റെ മാനദണ്ഡം പത്രോസിന്റെ പിൻതുടർച്ചയോ അധികാരമോ അല്ലെന്നും പ്രത്യുത നഗരങ്ങളുടെ പ്രാധാന്യവും ചക്രവർത്തിയുടെ സ്വാധീനവുമാണെന്നുള്ളത് സ്പഷ്ടമാകുന്നു. റോമാ സാമ്രാജ്യത്തിനുള്ളിലാണ് ഈ ഭരണക്രമം നിലവിൽ വന്നത്.

> മലങ്കരസഭ വിദൂരതയിൽ സ്ഥിതിചെയ്തിരുന്നതിനാൽ പിതാക്കന്മാരുടെ അജ്ഞതമൂലം നേതൃത്വമോ സംഘടനാശക്തിയോ ഇല്ലാതെ പോയി. അതിനാൽ ഭരണ സംവിധാനങ്ങളൊന്നും അറിവില്ലാതെ വന്നു. ശ്ലീഹായ്ക്കടുത്ത സഭയായ മലങ്കരയ്ക്ക് അർഹമായ കാതോലിക്കാ സ്ഥാപനം ലഭിച്ചിരുന്നെങ്കിൽ വിദേശാധിപത്യമില്ലാതെ മലങ്കര സഭ വ്യക്തിത്വമുള്ളതായി വികസിക്കുമായിരുന്നു.



www.malankaralibrary.com

# 3. പുരാതന സിംഹാസനങ്ങൾ

സുറിയാനി സഭ – Byവന്ദ്യ അബ്ദൽ അദഹാദ് റമ്പാൻ
(Late മാർ യാക്കൂബ് III പാത്രയർക്കീസ് ബാവ)

## (1) ഊർശ്ലേം സിംഹാസനം

കർത്താവിന്റെ സഹോദരനായ മാർ യാക്കുബ് എ.ഡി. 62ൽ സാക്ഷിമരണം പ്രാപിച്ചു. അനന്തരം ശ്ലീഹന്മാരും വിശ്വാസികളും യെറുശലേമിൽ കൂടി, മാർ യാക്കോബിന്റെ സിംഹാസനത്തിലിരിപ്പാൻ ക്ലേയോപ്പായുടെ പുത്രൻ ശെമവൂൻ യോഗ്യനാണെന്ന് ഐകകണ്ഠേന തീരുമാനിച്ചു, അദ്ദേഹത്തെ വാഴിച്ചു. മാർ യാക്കോബിന്റെ ബഹുമാനാർത്ഥം കുടുംബാംഗങ്ങൾക്കു വേണ്ടി ഒരു നൂറ്റാണ്ടുകാലം ഊർശ്ലേമിലെ എപ്പിസ്ക്കോപ്പൽ സിംഹാസനം ഭദ്രമായി സൂക്ഷിക്കപ്പെട്ടിരുന്നു (പേജ് 82, 83).

## (2) അന്ത്യോഖ്യാ സിംഹാസനം

വി. പത്രോസ് അന്ത്യോഖ്യായിൽ എ.ഡി. 37 ൽ എത്തി ശ്ലൈഹിക സിംഹാസനം സ്ഥാപിച്ചു എന്ന് എവുസേബിയോസ് പറയുന്നു. ഇങ്ങനെ അന്ത്യോഖ്യ സിംഹാസനം പരിഛേദനക്കാരുടേയും അഗ്രചർമ്മികളുടെയും മേൽ അധികാരമുള്ളതായിത്തീർന്നു. (പേജ് 122, 202, 203.)

## (3) റോമാ സിംഹാസനം

എ.ഡി. 61ൽ വി. പൗലോസിനാൽ സ്ഥാപിക്കപ്പെട്ടു. ഇദ്ദേഹമത്രേ റോമിൽ പ്രവേശിച്ച ആദ്യത്തെ ശ്ലീഹാ. ആ ആണ്ടിൽ തന്നേ റോമിൽ എപ്പിസ്ക്കോപ്പൽ സിംഹാസനം സ്ഥാപിച്ചു. (പേജ് 128, 193).

## (4) എഫെസൂസ് സിംഹാസനം

വി. യൂഹാനോൻ ശ്ലീഹാ ഏഷ്യാ മൈനറിലേക്കു പോകുകയും, എഫേസൂസിൽ തന്റെ സിംഹാസനം സ്ഥാപിക്കുകയും ചെയ്തു. (പേജ് 144).

## (5) അലക്സന്ത്രിയാ സിംഹാസനം

72 അറിയിപ്പുകാരിൽ ഒരുവനും സുവിശേഷ കർത്താവുമായ വി.മർക്കോസ് എ.ഡി. 64ൽ അലക്സന്ത്രിയായിൽ വച്ച് കശ്ശീശന്മാരേയും എപ്പിസ്ക്കോപ്പന്മാരേയും വാഴിച്ചു. എ.ഡി. 68ൽ വി. മർക്കോസ് രക്തസാക്ഷി മരണം പ്രാപിച്ചു. ഇദ്ദേഹത്തെ അലക്സന്ത്രിയൻ സിംഹാസനത്തിന്റെ സ്ഥാപകനായി ഗണിച്ചു വരുന്നു (പേജ് 210).



www.malankaralibrary.com

### (6) കൂശായ സിംഹാസനം

ശ്ലീഹന്മാരുടെ കാനോൻ പുസ്തകത്തിൽ കൂശായ ദേശത്ത് വി.ലൂക്കോസ് അനനിയായോസിന്റെ പിൻഗാമിയായി ഇബിലിയോസിനെ വാഴിച്ചു എന്നു കാണുന്നു (പേജ് 212).

### (7) മാർത്തോമ്മാ സിംഹാസനം

മലങ്കരയിൽ മാർത്തോമ്മായുടെ സിംഹാസനത്തിൽ മാർത്തോമ്മാ മെത്രാന്മാർ വാണിരുന്നു. ഇൻഡ്യൻ സഭ എന്ന ചരിത്രഗ്രന്ഥത്തിൽ ശ്രീ. ഇ.എം. ഫിലിപ്പ് പറയുന്നു, ഭൂരിപക്ഷം ജഡ്ജിമാരുടെ തീരുമാനമനുസരിച്ച് മാർ ദിവന്നാസിയോസ് അഞ്ചാമൻ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ വാഴ്ച ഉറപ്പിച്ചു (പേജ് 237).

### (8) കുസ്തന്തിനോപോലീസ് സിംഹാസനം

കുസ്തന്തീനോപോലീസ് രാജധാനിയായ ശേഷം അവിടെ ഒരു ബിഷപ്പിനെ നിയമിച്ചു. എ.ഡി. 381ലെ സുന്നഹദോസിൽ അത് ഒരു പാത്രിയർക്കേറ്റായി ഉയർത്തപ്പെട്ടു. അതു രണ്ടാം സ്ഥാനമുള്ള ഒരു സിംഹാസനമായി

> ഈ പുരാതന രേഖകളിൽ നിന്നും വി. പത്രോസിനു മാത്രമല്ല സിംഹാസനമെന്നും മറ്റു ശ്ലീഹന്മാർക്കും അറിയിപ്പുകാർക്കും സിംഹാസനമുണ്ടെന്നും രാജകീയ സ്വാധീനം കൊണ്ട് സിംഹാസനം ഉണ്ടായി എന്നുമുള്ള ചരിത്രസത്യം ഗ്രഹിക്കേണ്ടതാകുന്നു.

## 4. ക്രൈസ്തവസഭയിലെ ഭിന്നിപ്പ്

ആദ്യ നൂറ്റാണ്ടുകളിൽ സഭയ്ക്ക് അനവധി പീഢകൾ സഹിക്കേണ്ടി വന്നു. അന്നത്തെ പിതാക്കന്മാർക്കുണ്ടായിരുന്ന ഏക ചിന്ത സഭ ഒന്നായിരിക്കണം. സഭ യേശുക്രിസ്തുവിന്റെ സ്നേഹത്തിൽ വളരണം. സഭയിൽ വിശ്വാസഐക്യമുണ്ടായിരിക്കണം എന്നതായിരുന്നു. കുസ്തന്തീനോസ് രാജാവ് ക്രിസ്തുമത അനുകൂലിയായതിനാൽ പീഢകൾ ശമിച്ചു. (എ.ഡി. 306–337). സഭ യൂറോപ്പാകമാനം പ്രചരിച്ചു. നേതൃത്വമോഹം, നഗരങ്ങളുടെ കിടമത്സരം, അധികാരഭ്രമം എന്നിവ



www.malankaralibrary.com

ക്രമേണ അനുഭവപ്പെടുകയും സഭയിലെ ഐക്യം കുറയുകയും ചെയ്തു. വിശ്വാസവിപരീതികൾ ശക്തിപ്പെട്ടു. അലക്സന്ത്രിയായിലെ വൈദികനായ അറിയോസ് യേശുക്രിസ്തുവിന്റെ ആളത്വത്തെ സംബന്ധിച്ച് അബദ്ധമായ പല ഉപദേശങ്ങളും പഠിപ്പിച്ചു.

## നിഖ്യാ സുന്നഹദോസ് എ.ഡി. 325

അറിയോസിന്റെ വേദവിപരീതം തള്ളുവാനായി കുസ്തന്തിനോസ് ചക്രവർത്തി റോമാസാമ്രാജ്യത്തിലെ ബിഷപ്പന്മാരെ ക്ഷണിച്ച് നിഖ്യായിൽ 325ൽ സുന്നഹദോസുകൂടി. അറിയോസിന്റെ വേദവിപരീതത്തെ തള്ളുകയും സഭയ്ക്കാവശ്യമായ 20 നിശ്ചയങ്ങൾ തീരുമാനിക്കുകയും ചെയ്തു. പേർഷൻ സാമ്രാജ്യത്തിൽ നിന്നും ചുരുക്കം ബിഷപ്പന്മാർ സന്നിഹിതരായിരുന്നു. സഭയുടെ വിശ്വാസ സത്യങ്ങൾ ഏകമായി തീരുമാനിക്കുകയും ചെയ്തു.

## കുസ്തന്തീനോപോലീസ് സുന്നഹദോസ് എ.ഡി. 381

സഭയിലുണ്ടായ വിശ്വാസവിപരീതത്തെ തള്ളി സത്യവിശ്വാസം പ്രഖ്യാപിക്കുന്നതിന് 381ൽ തേവോദോസ്യസ് ചക്രവർത്തി വിളിച്ചു കൂട്ടിയ സുന്നഹദോസ് കുസ്തന്തീനോപോലീസിൽ കൂടി. വിശ്വാസ പ്രമാണം രൂപീകരിക്കുകയും കുസ്തന്തീനോപോലീസിനെ ഒരു പാത്രിയർക്കേറ്റായി ഉയർത്തുകയും രണ്ടാം സ്ഥാനം നൽകുകയും ചെയ്തു. തീരുമാനങ്ങൾ ഏകമായിരുന്നു.

## എഫേസൂസ് സുന്നഹദോസ് എ.ഡി. 431

സിറിയാക്കാരനും, കുസ്തന്തീനോപോലീസിലെ ബിഷപ്പുമായ നെസ്തോർ യേശുക്രിസ്തുവിന്റെ അമ്മയെ ദൈവമാതാവ് എന്നു വിളി ക്കാമോ എന്ന സംശയം ഉന്നയിച്ച് സഭയിൽ ദുരുപദേശം പ്രചരിപ്പിച്ചു. അതിനെ നിരാകരിക്കുന്നതിന് ചക്രവർത്തിയുടെ സ്വാധീനത്തോടുകൂടി എഫേസൂസിൽ സുന്നഹദോസുകൂടി നെസ്തോറിനെ സഭയ്ക്കിതര നാക്കി. അലക്സന്ത്രിയ പാത്രിയർക്കീസായ മാർ കൂറിലോസ് എഫേസൂസ് യോഗം അതിസൂക്ഷ്മമായി നിയന്ത്രിച്ചു. അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന മാർ യൂഹാനോൻ നെസ്തോറിന്റെ അനുഭാവിയായിരുന്നു.

അതിനുശേഷം അറിയോസിന്റെയും നെസ്തോറിന്റെയും അനുയാ യികൾ അന്ത്യോഖ്യൻ ഭാഗങ്ങളിൽ സ്വാധീനമുള്ളവരായിത്തീർന്നു. തന്മൂലം അന്ത്യോഖ്യൻ സഭയിൽ പല പിരിച്ചിലുകൾ ഉണ്ടായി.



www.malankaralibrary.com

സത്യവിശ്വാസികൾക്ക് പലവിധ പ്രയാസങ്ങൾ സഹിക്കേണ്ടി വന്നു. എന്നിരുന്നാലും സഭാപിതാക്കന്മാർ ഏകമായിട്ടാണ് തീരുമാനങ്ങൾ ചെയ്തത്.

## പേർഷ്യയുടെയും വലിയ ഇന്ത്യയുടെയും മാർ യൂഹാനോൻ മെത്രാൻ

മാർ യൂഹനോൻ നിഖ്യാ രേഖകളിൽ ഒപ്പിട്ടിട്ടുള്ളതായി അഞ്ചാം നൂറ്റാണ്ടിൽ എഴുതിയ ഒരു ചരിത്രത്തിൽ പറയുന്നു. പേർഷ്യൻ ബിഷപ്പുമാരെ നിഖ്യായ്ക്കു ക്ഷണിച്ചതായി രേഖകളില്ല. പേർഷ്യൻ സഭയുടെ ഭാഗമായി പേർഷ്യൻ ഉൾക്കടലിനോടു ചേർന്ന പോറേസും അടുത്തുള്ള അറേബ്യായും വലിയ ഇന്ത്യയെന്ന പേരിൽ അറിയപ്പെട്ടിരുന്നു. അവിടുത്തെ ബിഷപ്പായിരുന്നു മാർ യൂഹാനോൻ. മലങ്കര സഭയെക്കുറിച്ചാണ് വലിയ ഇന്ത്യ എന്നു പറയുന്നത് എന്ന് ചിലർ ധരിച്ചുവച്ചിരിക്കുന്നതു ശരിയല്ല. അക്കാലത്ത് മലങ്കര സഭയെക്കുറിച്ച് റോമാസാമ്രാജ്യത്തിലെങ്ങും അറിവില്ലായിരുന്നു എന്നതുകൊണ്ട് അങ്ങിനെ അനുമാനിക്കുവാൻ ന്യായമില്ല. നിഖ്യാനിശ്ചയങ്ങൾ പേർഷ്യയിലും മലങ്കരയിലും അറിയുന്നത് അനേകം വർഷങ്ങൾക്കു ശേഷമാണ്. പിന്നെയും അനവധി സുന്നഹദോസുകൾ നടന്നിട്ടുണ്ട്. ഒന്നിലും മലങ്കരയെ പ്രതിനിധീകരിച്ച് ആരും പങ്കുകൊണ്ടിട്ടില്ല.

> സിറിയൻ അന്ത്യോഖ്യൻ പാത്രിയർക്കീസാണ് സുന്നഹദോസുകളിൽ സംബന്ധിച്ചിട്ടുള്ളത്. രണ്ടായി വിഭജിച്ചിരിക്കുന്ന സിറിയായിൽ അന്ത്യോഖ്യ പടിഞ്ഞാറൻ സിറിയായുടേയും ഉറഹാ കിഴക്കൻ സിറിയായുടേയും തലസ്ഥാനമായിരുന്നു. പേർഷ്യൻ സാമ്രാജ്യത്തിലുൾപ്പെട്ടതാണ് ഉറഹാ. 1665ന് മുമ്പ് അന്ത്യോഖ്യൻ സുറിയാനി സഭയിൽ നിന്നും ആരും മലങ്കരയിൽ വന്നതായി ചരിത്രമില്ല. പേർഷ്യൻ ബിഷപ്പുമാരെ മലങ്കരയിൽ എത്തിയിട്ടുള്ളു. ആയോഗ തീരുമാനങ്ങൾ മലങ്കര സഭ അറിയുകയോ അറിയിക്കുകയോ ചെയ്തിട്ടില്ല. ഭരണപരമായ തീരുമാനങ്ങൾ മലങ്കരസഭയെ ബാധിക്കുകയില്ല.

## കൽക്കദൂൻ സുന്നഹദോസ് എ.ഡി. 451

അഞ്ചാം നൂറ്റാണ്ടിൽ റോമാ സാമ്രാജ്യത്തിന്റെ ശക്തി ക്ഷയിച്ചു



www.malankaralibrary.com

തുടങ്ങി - റോമാ സിംഹാസനത്തിന്റെ പ്രതാപവും കുറഞ്ഞു. വേദവിപരീതങ്ങൾ ശമിച്ചപ്പോൾ സഭകൾ തമ്മിൽ ആധിപത്യ ശ്രമം തുടങ്ങി. റോമാ സിംഹാസനത്തിന് പ്രഥമസ്ഥാനം ഉണ്ടായിരിക്കണമെന്നും, സഭയാകമാനം പത്രോസിനു അധികാരമുണ്ടെന്നും, പത്രോസിന്റെ പിൻതുടർച്ചാവകാശം റോമിനാണെന്നും റോമിലെ മാർപ്പാപ്പാ ലിയോ-I ശഠിച്ചു. അതിനു വേണ്ടി അദ്ദേഹം ഒരു ലേഖനം തയ്യാറാക്കി (Tome of Leo) മറ്റു സഭാദ്ധ്യക്ഷന്മാർക്ക് അയച്ചു കൊടുത്തു. ഈ അവകാശവാദം മറ്റുള്ളവർ അംഗീകരിച്ചില്ല.

എഫെസൂസിൽ രണ്ടാം സുന്നഹദോസ് 449ൽ കൂടിയപ്പോൾ മാർപ്പാപ്പാ തന്റെ പ്രതിനിധികൾ വഴി ആ ലേഖനം അയച്ചു കൊടുത്തു. പൗരസ്ത്യ വേദശാസ്ത്രവുമായി അതു യോജിക്കാത്തതുകൊണ്ട് ലേഖനം സുന്നഹദോസ് പരിഗണിച്ചില്ല. തന്മൂലം റോമും പൗരസ്ത്യരും അകന്നു. ലിയോ പക വീട്ടുവാൻ ഒരുമ്പെട്ടു. രാജകീയ പിൻബലത്തിൽ പാപ്പായുടെ നിയന്ത്രണത്തിൽ കൽക്കദൂനിയായിൽ വച്ച് എ.ഡി.451ൽ ഒരു സുന്നഹദോസു കൂടി. അന്ത്യോഖ്യായിലെ മാർ കൂറിലൊസിനെ ക്ഷണിച്ചില്ല. അലക്സാന്ത്രിയായിലെ മാർ ദീയസ്ക്കോറോസിനെ കുറ്റം ചുമത്താതെ മുടക്കിയശേഷം സുന്നഹദോസ് ആരംഭിച്ചു. പാപ്പാ തന്റെ സ്ഥാനാർത്ഥികൾ വഴി സുന്നഹദോസ് ശക്തമായി നടത്തിയെടുത്തു. റോമായുടെ പരമാധികാരവും മറ്റും ഏകപക്ഷീയമായി തീരുമാനിച്ചു. ഒരു പ്രദേശത്തെ സഭ മറ്റൊരു പ്രദേശത്തെ സഭമേൽ ആധിപത്യം അവകാശപ്പെടുന്നത് ചരിത്രത്തിൽ ആദ്യമായാണ്. വേദശാസ്ത്രപരമായി എടുത്ത തീരുമാനങ്ങൾ സഭയെ ഒരുമിച്ചു നിർത്തുവാൻ സാധിച്ചില്ല. സഭയിൽ ഭിന്നത വർദ്ധിച്ചു. പൗരസ്ത്യരെ കൂടാതെ തീരുമാനങ്ങൾ ചെയ്തതിനാൽ അതൊരു സാർവ്വത്രിക സുന്നഹദോസായി പരിഗണിക്കുവാൻ അർഹതയില്ല എന്ന് പൗരസ്ത്യർ കരുതുന്നു. ഭിന്നതകൾ വർദ്ധിച്ചതിനാൽ പരസ്പരം ശാപവും മുടക്കും നടമാടി. കൽക്കദൂൻ നിശ്ചയങ്ങൾ വേദശാസ്ത്രം അടിസ്ഥാനമായി ക്രിസ്തീയ സഭയിൽ ഇന്നേയോളം നിലനിൽക്കുന്ന വിവാദത്തിന്റെ ആരംഭമാണ്. കൽക്കദൂൻ അനുകൂലികളും, കൽക്കദൂൻ വിരുദ്ധരുമായി സഭ രണ്ടായി പിളർന്നു.



www.malankaralibrary.com

# 5. പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ

## ഓർത്തഡോക്സ് സഭകളുടെ സവിശേഷതകൾ

ശരിയായ വിശ്വാസം നിലനിർത്തുന്നു എന്നുൽഘോഷിക്കുന്ന സഭകളാണ് ഓർത്തഡോക്സ് സഭകൾ. അപ്പോസ്തോലിക വിശ്വാസമാണ് ഓർത്തഡോക്സി. ആദിമസഭയിൽ സുവിശേഷം എത്തിയ പ്രദേശങ്ങളിൽ ശ്ലീഹമാർ ഒരേ വിശ്വാസം പഠിപ്പിച്ചു. ഓർത്തഡോക്സ് സഭകളുടെ സവിശേഷതകൾ പ്രത്യേകമാകുന്നു. സഭകളുടെ വളർച്ചയ്ക്കും നിലനില്പിനും ദേശീയ പശ്ചാത്തലം അനിവാര്യമായതിനാൽ ദേശീയ പാരമ്പര്യം അനുസരിച്ച് ക്രിസ്തീയ വിശ്വാസം ഓർത്തഡോക്സ് സഭകൾ വികസിപ്പിച്ചെടുക്കുന്നു.

ഓർത്തഡോക്സ് സഭകളുടെ ദൃഷ്ടിയിൽ ഏക തലവനില്ല. ഏക തലവൻ ക്രിസ്തു മാത്രമാണ്. ഓരോ സഭയ്ക്കും പ്രത്യേക ഭരണത്തലവന്മാരുണ്ട്. അവരവരുടെ സഭാദ്ധ്യക്ഷനെ അവരവർ തിരഞ്ഞെടുത്തു വാഴിക്കുന്നു. അതിന് മറ്റു സഭകളുടെ അനുവാദം ആവശ്യമില്ല. വാഴ്ചയിൽ പരസ്പരം സഹകരിക്കും ഓർത്തഡോക്സ് സഭകൾ ദേശീയ പാരമ്പര്യം പരിഗണിച്ച് ഏകയായ മൂലവും സത്തയുമുള്ള ആരാധന ദേശീയ ഭാഷയിൽ നിർവ്വഹിക്കുന്നു. ഓരോ സഭയ്ക്കും തനതായ ആരാധനക്രമങ്ങൾ ഉണ്ട്. അതതു ദേശത്തെ പശ്ചാത്തലത്തിൽ സഭയുടെ സ്വതസിദ്ധമായ സ്വാതന്ത്ര്യവും വ്യക്തിത്വവും അന്യോന്യം സമാഹരിച്ച് പുരോഗമിക്കണമെന്നുള്ളതാണ് ഓർത്തഡോക്സ് സഭകളുടെ അന്തർലീനമായ തത്വം. ഓരോ സഭകളും സ്വയം ശീർഷകത്വമുള്ളതും, സ്വയം പര്യാപ്തവുമായ സമ്പൂർണ്ണ ഘടകങ്ങളാണ്. സഭകൾ വിശ്വാസ ഐക്യമുള്ളതിനാൽ ഒരു സഭ മറ്റൊരു സഭയുടെ ഉൾഭരണത്തിലോ, പരിധിയിലോ പ്രവേശിച്ചുകൂടാ എന്നുള്ളതാണ് പരമപ്രധാനമായ തത്വം. പരസ്പരം സഹകരിച്ച്, സ്നേഹത്തിൽ കഴിയണമെന്നുള്ള കടമ സഭകൾ നിറവേറേറണ്ടതാകുന്നു.

# 6. കൽക്കദൂൻ സുനഹദോസിനു ശേഷം

കൽക്കദൂൻ തീരുമാനങ്ങൾ റോമും, കുസ്തന്തീനോപോലീസും അംഗീകരിച്ചു. ബാക്കിയുള്ള പൗരസ്ത്യ സഭകൾ തീരുമാനങ്ങൾ സ്വീകരിച്ചില്ല. റോമും, കുസ്തന്തീനോപോലീസും ചേർന്ന് പിന്നെയും തീരു



www.malankaralibrary.com

മാനങ്ങൾ ചെയ്തിട്ടുണ്ട്. കാലക്രമേണ അവർ തമ്മിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായി. റോം, മറ്റു സിംഹാസനങ്ങളിന്മേൽ അധീശത്വം അവകാശപ്പെട്ടു. 1054ൽ രണ്ടും തമ്മിൽ പരിപൂർണ്ണമായി വേർപെട്ടു മാറുകയും ചെയ്തു. കുസ്തന്തീനോപോലീസിന്റെ കീഴിലുള്ള പ്രാദേശിക സഭകളെല്ലാം ഒറ്റക്കെട്ടായി പ്രവർത്തിച്ച് സ്വാതന്ത്ര്യം നേടി. ക്രമേണ പ്രാദേശികാടിസ്ഥാനത്തിൽ സ്വയം ശീർഷകത്വമുള്ള സഭകളായി അവ നിലവിൽ വരുകയും ചെയ്തു. അവയെല്ലാം ഒരേ വിശ്വാസത്തിൽ ഐക്യപ്പെട്ടിരിക്കുന്നു. ഓരോന്നിനും പ്രത്യേക പാത്രിയർക്കീസന്മാരുണ്ട്. ഗ്രീക്ക് ഓർത്തഡോക്സ്, റഷ്യൻ ഓർത്തഡോക്സ്, ബൾഗേറിയ, റുമേനിയ, ഗോർജിയ, സെർബിയ, അൽബേനിയ, ചെക്കോസ്ളോവേക്കിയ, ഹംഗറി, പോളണ്ട്, ഫിൻലാൻഡ് മുതലായ 17 പ്രാദേശിക സഭകൾ കിഴക്കൻ യൂറോപ്പിലെ രാജ്യങ്ങളിൽ കുസ്തന്തീനോസ് സിംഹാസനത്തോടു ബന്ധപ്പെട്ടിരിക്കുന്നു. ഈ സഭകളെ പൊതുവേ ബൈസന്ത്യൻ സഭകൾ (Eastern Orthodox Churches) എന്നു വിളിക്കുന്നു. അവയ്ക്കെല്ലാം കൂടി കുസ്തന്തീനോപോലീസിൽ ഒരു എക്കുമിനിക്കൽ പാത്രിയർക്കീസുമുണ്ട്.

കൽക്കദൂൻ സുന്നഹദോസിനോടു വിയോജിച്ച പൗരസ്ത്യ സഭകൾ അന്നു മുതലേ വേർപെട്ടു നിന്നു. അവയെല്ലാം പൂർവ്വിക വിശ്വാസത്തിൽ ഐക്യപ്പെട്ടുനിൽക്കുന്നു. അവ അലക്സന്ത്രിയ, അന്ത്യോക്യ, അർമ്മേനിയ, മലങ്കര, എത്യോപ്യാ എന്നിവയാണ്. 1990 ന് ശേഷം എത്യോപ്യ രാജ്യത്തുനിന്നും മാറി എറിത്രിയ രാജ്യം രൂപം കൊണ്ടപ്പോൾ അവിടുത്തെ സഭ എറിത്രിയൻ ഓർത്തഡോക്സ് എന്ന പേരിൽ എത്യോപ്യൻ സഭയിൽ നിന്നു രൂപം കൊണ്ട് മാറിയിട്ടുണ്ട്. അവരും അഭിപ്രായ വ്യത്യാസമില്ലാതെ കഴിയുന്നു. ഈ പൗരസ്ത്യ സഭകളെ ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ (Oriental Orthodox Churches) എന്ന പേരിൽ അറിയപ്പെടുന്നു. എത്യോപ്യൻ (കുശായ) സഭയിൽ എറിത്രിയാ സഭയുൾപ്പെടെ ഏകദേശം 160 ലക്ഷവും, അലക്സന്ത്രിയാ സഭയിൽ (കോപ്റ്റിക്) ഏകദേശം 45 ലക്ഷവും, അർമ്മീനിയൻ സഭയിൽ 40 ലക്ഷവും, മലങ്കരസഭയിൽ (ഇൻഡ്യ) 25 ലക്ഷവും, അന്ത്യോഖ്യൻ സഭയിൽ 2.50 ലക്ഷവും അംഗങ്ങളുള്ളതായി കണക്കാക്കപ്പെടുന്നു. മലങ്കരയിലും, അർമ്മീനിയായിലും കാതോലിക്കോസ് ആണ് പ്രധാന തലവൻ. മറ്റു മൂന്നു സഭകളിലും പ്രധാന തലവന്മാരെ പാത്രിയർക്കീസ് എന്നു വിളിക്കുന്നു.



www.malankaralibrary.com

# 7. സഭകൾ തമ്മിൽ മാതൃകാപരമായ സൗഹൃദബന്ധം

പുരാതന കാലം മുതൽ എത്യോപ്യൻ സഭ അവരുടെ സ്വന്തമായ ഭാഷയിൽ ആരാധനയും സഭാഗാനങ്ങളും അനുഷ്ഠിച്ചിരുന്നു. എന്നാൽ വൈദിക സേവനം ഈജിപ്തിൽ നിന്നും ആബുനാമാർ (Bishops) വന്നു നിർവഹിച്ചിരുന്നു. 1928ൽ നാട്ടുകാരനായ ഒരു ആബൂനാ അവിടെ വാഴിക്കപ്പെട്ടു. അന്നു മുതൽ പരാശ്രയമില്ലാതെ സ്വന്തം കാലിൽ നില്ക്കുവാൻ അവർക്കു സാധിച്ചു. 1958ൽ എത്യോപ്യയിലെ ആബൂനാമാർ ചേർന്ന് അവരിൽ ഒരു ബിഷപ്പിനെ പാത്രിയർക്കീസായി അവരോധിച്ചു. കോപ്റ്റിക് പാത്രിയർക്കീസ് അതംഗീകരിച്ച് സ്നേഹത്തിൽ വർത്തിക്കുന്നു. അങ്ങനെ എത്യോപ്യൻ സഭ ഒരു ദേശീയ സഭയായി വികസിച്ചു. ഇന്ന് അലക്സന്ത്രിയാ പാത്രിയർക്കീസും എത്യോപ്യൻ പാത്രിയർക്കിസും തുല്യപദവിയുള്ളവരായി ക്രൈസ്തവ സഭയിൽ പരിലസിക്കുന്നു.

എത്യോപ്യൻ സഭയുടെ നിലപാടു വച്ചു കൊണ്ട് മലങ്കര സഭാ കാര്യങ്ങൾ തുലനം ചെയ്യാം. 1653ൽ ആദ്യമായി ഒരു നാട്ടുമെത്രാനെ ഇവിടെത്തന്നെ വാഴിച്ചു. സുറിയാനി സഭയുമായുള്ള ബന്ധം മൂലം അവരുടെ ആരാധനാ രീതികൾ മലങ്കരയിലും നടപ്പാക്കി. 1876ലെ മുളന്തുരുത്തി സുന്നഹദോസോടുകൂടി മലങ്കരയുടെ സ്വകീയതയും സ്വയം ശീർഷകത്വവും കുറെ നഷ്ടപ്പെട്ടു. 1912ൽ കിഴക്കിന്റെ കാതോലിക്കാ സ്ഥാപനം ഇവിടെ നിലവിൽ വന്നു. 1964ൽ അന്ത്യോഖ്യൻ സഭയും മലങ്കര സഭയും ചേർന്ന് കാനോനികമായ ഒരു കാതോലിക്കായെ ഐക്യകണ്ഠേന വാഴിച്ചു. ഒരു വ്യാഴവട്ടം കഴിഞ്ഞപ്പോൾ പാത്രിയർക്കീസിന്റെ അധികാര ദുർമ്മോഹം മലങ്കര സഭയെ പീഡിപ്പിച്ചു. തന്മൂലം ഐക്യം നഷ്ടപ്പെട്ടു കലഹത്തിലേയ്ക്കും കോടതികളിലേക്കും വഴിയൊരുക്കി. മേലാളത്വ മനോഭാവത്താൽ വർത്തിക്കുന്നത് മലങ്കര സഭയെ തരംതാഴ്ത്തുവാനാണ്. അലക്സാന്ത്രിയ പാത്രിയർക്കീസ് എത്യോപ്യൻ പാത്രിയർക്കീസിനോടു കാണിച്ച മനോഭാവം അന്ത്യോഖ്യാ പാത്രിയർക്കീസ് മലങ്കരയിലെ കാതോലിക്കോസിനോടു കാണിച്ചിരുന്നെങ്കിൽ അതു മാതൃകാപരമായ ഒരു സൗഹൃദബന്ധമായിരുന്നു. ക്രിസ്തുവിന്റെ ആത്മാവിനെ ഉൾക്കൊണ്ടാലെ ആ മനോഭാവം ലഭിക്കൂ. മലങ്കര സഭ ഐക്യതയിൽ വന്നിരുന്നെങ്കിൽ സമാധാനപരമായി ദൈവത്തെ ആരാധിക്കാമായിരുന്നു.



www.malankaralibrary.com

**The orthodox Churches** - By Dr.Stephen Zankov. (A Russian)

"The Orthodoxy consists not only in True teaching but also in the True faith, and not in the two alone but also in the true worship which means to praise God and to live according ly to His teachings.

It is the old Church and wishes to remain the same as the Church of the Apostles and the Great Church Fathers. Truely it is the Church of the first Christian Era, of the time of councils and the undivided Universal Church. It considers itself to be the old Apostolic Church, and the preserver of the original Christian inheritance only in these basic truths of Christianity which are ecumenically determined or attested. It is as old as Christianity itself. Really the orthodox Churches are nearer to Catholics in dogma but near to Protestants in feelings.

ആദിമ നൂറ്റാണ്ടിലെ സഭാപിതാക്കന്മാരുടെ വിശ്വാസവും ആരാധനയും ഓർത്തഡോക്സ് സഭകൾ കൃത്യമായി പാലിക്കുന്നു. ഒരു വിധത്തിൽ പറഞ്ഞാൽ വിശ്വാസ സിദ്ധാന്തങ്ങളിൽ സ്ഥിരതയും സ്വകീയതയും പാലിച്ചുകൊണ്ട് ഭരണപരമായ കാര്യങ്ങളിൽ വ്യക്തിത്വം നിലനിർത്തി ഓർത്തഡോക്സ് സഭകൾ പല വിഭാഗങ്ങളായി നിലകൊള്ളുന്നു. ഓർത്തഡോക്സ് സമൂഹത്തിന് വിശ്വാസസിദ്ധാന്തങ്ങളിൽ കത്തോലിക്കാ സഭയോട് കുറെ അടുപ്പമുണ്ടെങ്കിലും വികാരത്തിലും മനോഭാവത്തിലും പ്രൊട്ടസ്റ്റന്റു സഭകളോട് പ്രതിപത്തി കാണിക്കുന്നു. ഈ രണ്ടു വലിയ സഭാ വിഭാഗങ്ങൾക്കിടയിൽ സഭാപാലം (Bridge Church) ആയി അവർ വർത്തിക്കുന്നു. ഓർത്തഡോക്സ് സഭകൾ അപ്പസ്തോലിക വിശ്വാസം കാത്തു സൂക്ഷിക്കുന്നു.

## 8. കൽക്കദൂൻ സുന്നഹദോസ് തീരുമാനങ്ങളോടുള്ള ഇന്നത്തെ നിലപാട്

അഞ്ചാം നൂറ്റാണ്ടിൽ ക്രിസ്തീയസഭയിലുണ്ടായ വിവാദങ്ങൾക്ക് പരിഹാരം കാണുവാൻ 20-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം വരെ കാര്യമായ ശ്രമം ഒന്നും നടന്നിട്ടില്ല. സഭകൾ ഭിന്നിച്ചതിനാൽ ലോകരാഷ്ട്രങ്ങൾക്കിടയിൽ ക്രൈസ്തവസഭയുടെ സ്വാധീനം കുറഞ്ഞു. സഭകൾ തമ്മിൽ ഐക്യതയിൽ കഴിയണം എന്ന ചിന്താഗതി പ്രബലപ്പെട്ടു. Y.M.C.A., World Council of Churches, Faith and Order Commission മുത



www.malankaralibrary.com

ലായ പ്രസ്ഥാനങ്ങൾ സഭൈക്യ സംഭാഷണങ്ങൾക്ക് നേതൃത്വം നൽകുന്നു. ഐക്യതയിൽ വരുന്നതിന് വിഘ്നാതമായ സംഗതികൾ എന്താണ് എന്ന് നേതാക്കൾ പഠിച്ച് വരികയാണ്.

കൽക്കദൂൻ സുന്നഹദോസ് നടക്കുവാനുണ്ടായ സാഹചര്യം എന്ത്? സുന്നഹദോസിലെ വാദഗതികൾക്കടിസ്ഥാനമെന്ത്? മാർ കുറീലോസിനെയും, മാർ ദിയസ്കോറസിനേയും മാറ്റി നിർത്തിയതെന്തിനാണ്? ചെയ്ത തീരുമാനങ്ങൾ ഏകമായിരുന്നുവോ? തീരുമാനങ്ങൾ അന്നുവരെ നിലനിർത്തിയ വിശ്വാസങ്ങൾക്കനുസൃതമായിരുന്നോ? ക്രിസ്തുശാസ്ത്രം പഠിച്ച് എടുത്ത തീരുമാനങ്ങളായിരുന്നോ? വിദ്വേഷപരമായി തീരുമാനങ്ങൾ ചെയ്തിട്ടുണ്ടോ? അധികാരഭ്രമത്തിൽ തീരുമാനങ്ങൾ എടുത്തോ? ഒരു ഐക്യ സുന്നഹദോസായി അതിനെ പരിഗണിയ്ക്കാമോ? സഭകൾ തമ്മിൽ കൂടുതൽ സഹകരണത്തിൽ വരുവാനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്? ഈ വക കാര്യമൊന്നും അന്നുമുതൽ 15 നൂറ്റാണ്ടുകാലം ആരും ചിന്തിച്ചിട്ടില്ല.

## കൽക്കദൂൻ സുന്നഹദോസ് നിശ്ചയങ്ങൾ പുനപരിശോധിയ്ക്കണം

ക്രൈസ്തവ ലോകത്ത് ക്രിയാത്മകമായ ചലനമുണ്ടാക്കി സഭകളെ ഐക്യപാതയിലേയ്ക്ക് നയിക്കുവാൻ കഴിഞ്ഞ അഞ്ചു ദശാബ്ദത്തിനുള്ളിൽ കഴിഞ്ഞിട്ടുണ്ട്. തെറ്റിദ്ധാരണയും അജ്ഞതയും മൂലം ചരിത്രത്തിൽ വന്നു പോയ അപാകതകൾ പുനരവലോകനം ചെയ്തു സത്യത്തെ അനാവരണം ചെയ്യുവാൻ സാധിച്ചത് ദൈവിക പ്രവർത്തനമായി കരുതണം. കത്തോലിക്കാ-ഓർത്തഡോക്സ് സഭകളിലെ വേദശാസ്ത്രജ്ഞന്മാർ ഒരുമിച്ച് സമ്മേളിച്ച് പിതാക്കന്മാർക്കു വന്നു പോയ ആശയക്കുഴപ്പങ്ങൾ പരിഹരിക്കുവാൻ പലവട്ടം ശ്രമിച്ചിട്ടുണ്ട്-ഇപ്പോഴും തുടരുന്നു.

> ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ, കൽക്കദൂൻ തീരുമാനങ്ങളെ സ്വീകരിക്കാതെയിരുന്ന ദൈവശാസ്ത്ര നിലപാടിനെ സമർത്ഥമായി പുനർവ്യാഖ്യാനിച്ച് ആശയവിനിമയത്തിനും സംവാദത്തിനും സാഹചര്യമുണ്ടാക്കി. പൂർണ്ണമായും വിശ്വാസത്തിന്റെ ഐക്യപാതയിലേക്ക് നയിച്ച ആഗോള പ്രശസ്തനും ക്രിസ്തുശാസ്ത്രപണ്ഡിതനും സഭൈക്യദൂതനുമായി വർത്തിച്ച



www.malankaralibrary.com

ഒരു ശ്രേഷ്ഠ വൈദികനാണ് റവ.ഡോ.ഫാ. വി.സി. ശമുവേൽ. 1954 മുതൽ യേൽ യൂണിവേഴ്സിറ്റിയിൽ, സുന്നഹദോസിന്റെ ചരിത്ര പശ്ചാത്തലവും കാരണങ്ങളും ഗവേഷണ വിധേയമാക്കുവാൻ പല ഭാഷകൾ പഠിച്ച്, മൂല ഭാഷയിലുള്ള രേഖകൾ പരിശോധിച്ച് നിഗമനത്തിലെത്തി- "One Incarnate Nature of God the Word" എന്ന ശ്രദ്ധേയമായ വിഷയം ക്രൈസ്തവ ലോകത്ത് അവതരിപ്പിച്ചു. യേശുക്രിസ്തുവിന്റെ ആളത്വത്തെക്കുറിച്ച് വ്യക്തമായ വിശദീകരണം നല്കി, ഭിന്നാഭിപ്രായക്കാരെ യോജിപ്പിച്ച് വിശ്വാസത്തിന്റെ ഐക്യതയിലേയ്ക്കു നയിക്കുവാൻ ഈ പഠനം സാഹചര്യം സൃഷ്ടിച്ചു. ക്രിസ്തുശാസ്ത്ര വിജ്ഞാനിയായ ബ. ശമുവേലച്ചന്റെ ഗവേഷണ പഠനം വേദശാസ്ത്രജ്ഞന്മാരെ സംതൃപ്തരാക്കി. കൽക്കദൂൻ സുന്നഹദോസ് തീരുമാനങ്ങൾ പുനപ്പരിശോധിച്ച് ഐക്യതയിലേക്കു വരുവാനുള്ള മാർഗ്ഗങ്ങൾ അതു മൂലം തെളിഞ്ഞു. ഈ വിഷയം "The Council of Chalcedon Re-examined" എന്ന ഗവേഷണ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. "As one incarnate nature of God the Word, Jesus Christ is composed of two natures of Godhead and manhood, which are united in Him in the same way as the body and the soul are united in everyman". യേശു ക്രിസ്തു പൂർണ്ണ ദൈവവും പൂർണ്ണമനുഷ്യനും ഒരു ആളത്വവുമാണെന്ന് പാശ്ചാത്യരും പൗരസ്ത്യരും ഒരു പോലെ ഏറ്റു പറഞ്ഞിരിക്കുന്നതിനാൽ ഇരു വിഭാഗവും തമ്മിൽ വിശ്വാസ ഐക്യമുണ്ട് എന്നു വിശദീകരിച്ച് ഐക്യപ്പെടുത്തുവാനുള്ള മാർഗ്ഗം നിർദ്ദേശിച്ചു.

ഓരോ "ഉസ്യാ"യും അതിന്റെ പൂർണ്ണതയിൽ സ്ഥിതി ചെയ്യുന്നു. പിതാവ് പൂർണ്ണ ദൈവം, പുത്രൻ പൂർണ്ണ ദൈവം, പരിശുദ്ധാത്മാവ് പൂർണ്ണ ദൈവം. ത്രിയേക ദൈവത്തെയല്ലാതെ ആരെയും നാം ദൈവമായി ആരാധിക്കുന്നില്ല. പിതാവായ ദൈവം നമ്മെ കാത്തു സൂക്ഷിക്കുന്നു. പുത്രനായ ദൈവം നമ്മെ വീണ്ടെടുത്തു രക്ഷിക്കുന്നു. പരിശുദ്ധാത്മാവായ ദൈവം നമ്മെ വിശുദ്ധിയിൽ പരിപാലിക്കുന്നു.



www.malankaralibrary.com

യേശുക്രിസ്തുവിന്റെ ആളത്വത്തെപ്പറ്റി അന്നു വിശദീകരിച്ചത് ചിലർ ലത്തീൻ ഭാഷയിലും മറ്റു ചിലർ ഗ്രീക്കു ഭാഷയിലുമാണ്, ഭാഷകൾ ശരിയായി മനസ്സിലാക്കുവാനുള്ള വൈഷമ്യം ആശയങ്ങൾ പൂർണ്ണമായി ഗ്രഹിക്കുവാൻ കുറെ തടസ്സമായിട്ടുണ്ട് എന്ന് അനുമാനിക്കാം. ഗ്രീക്കിൽ "En" എന്നും "Ek" എന്നുമുള്ള രണ്ടു prepositions ഉണ്ടാക്കിയ വ്യത്യാസമാണ് ആശയക്കുഴപ്പത്തിനിടയാക്കിയത്. അതിന്മേൽ ഇരു വിഭാഗവും അവരവരുടെ ന്യായങ്ങൾ വിശദീകരിച്ചു. വാസ്തവത്തിൽ കിടമത്സരമാണ് മുഖ്യകാരണം. യഥാർത്ഥത്തിൽ ഏക സ്വഭാവം, ഇരു സ്വഭാവം എന്നതു രണ്ടല്ല എന്നും, വിശദീകരണത്തിൽ വന്നു പോയ പിശകാണെന്നും, രണ്ടും ഒന്നു തന്നെയാണെന്നും ബ. അച്ചൻ തെളിയിച്ചു. പിന്നീട് നടന്ന ഐക്യ സംഭാഷണങ്ങളിൽ പിതാക്കന്മാർക്കുണ്ടായ പിശകുകൾ തിരുത്തുവാനും ഐക്യതയിൽ സമ്മേളിക്കുവാനും ഇടയായിട്ടുണ്ട്.

ക്രിസ്തുവിന്റെ ആളത്വത്തെ ശരിയായി വ്യാഖ്യാനിച്ചു പഠിപ്പിച്ച സുറിയാനിക്കാരുടെ കിരീടമായ മാർ സേവീറേയും ചരിത്ര പണ്ഡിതനായ ബാർ എബ്രായയും സുറിയാനി സഭയിലെ മഹാ പണ്ഡിതന്മാരായിരുന്നു. അവരുടെ ദൈവശാസ്ത്രം വഴി സഭയെ ബലപ്പെടുത്തിയെങ്കിലും, മലങ്കരസഭയെക്കുറിച്ച് അവർ അറിഞ്ഞിരുന്നില്ല. എന്നാൽ ബഹുമാന്യനായ ശമുവേലച്ചൻ ഭൂഖണ്ഡങ്ങളിലാകെ ചുറ്റിസഞ്ചരിച്ച് വിവിധ സർവ്വകലാശാലകളിൽ നിന്നും പുരാതന രേഖകൾ ഗവേഷണ വിധേയമായി പഠിച്ച്, പഠിപ്പിക്കുകയും അടിസ്ഥാനപരമായ രേഖകൾ കൊണ്ട് സുറിയാനി സഭയുടെ ദൈവശാസ്ത്രത്തെ ഇതര സഭാംഗങ്ങളുമായി ആശയവിനിമയം ചെയ്ത് സമർത്ഥിക്കുകയുമാണ് ചെയ്തത്.



www.malankaralibrary.com

# മുഖചിത്രം

*"യെഹൂദനെ നേടേണ്ടതിന് യെഹൂദനെപ്പോലെയായി."*
- വി. പൗലോസ്

കർത്താവ് നല്കിയ അപ്പോസ്തോലിക അധികാരമാണ് ശ്ലൈഹിക സിംഹാസനം. സഭ അപ്പോസ്തോലികവും, ഏകവും, വിശുദ്ധവും, ഭാരതീയവുമായി വികസിച്ച് ഉന്നതിപ്രാപിക്കണം. ശ്ലൈഹിക സഭയെ ശക്തിപ്പെടുത്തുന്നത് അപ്പോസ്തോല സമൂഹമാകുന്നു. ഇതിലെ 12 ദീപങ്ങൾ 12 ശ്ലീഹന്മാരെ സ്മരിക്കുന്നു.

മലങ്കരസഭ മാർത്തോമ്മാ ശ്ലീഹായിൽ നിന്നും ശ്ലൈഹിക പൗരോഹിത്യ അധികാരം പ്രാപിച്ചിട്ടുള്ളതാകുന്നു. ദൈവിക കൃപാവരം പ്രാപിക്കുന്നതിന്, ആരാധന നിർവ്വഹിക്കുവാൻ ശ്ലീഹാ ഏഴര ദേവാലയ ങ്ങൾ സ്ഥാപിച്ചു. സഭയെ ഭരിക്കുന്നതിനും കൃപാ നൽവരങ്ങളായ കൂദാശകൾ വിശ്വാസികൾക്കു നൽകുന്നതിനും വേണ്ടി നാലു ഉന്നത കുടുംബങ്ങളിൽ നിന്നും വൈദികരെ ശ്ലീഹാ പട്ടം കെട്ടി. അവയെ അനുസ്മരിച്ചുകൊണ്ട് നക്ഷത്രങ്ങളും ഇടയദണ്ഡും ഭക്ത്യാദരപൂർവ്വം സമർപ്പിക്കുന്നു. ദേശീയതയിൽ സഹകരിച്ചുള്ള സുവിശേഷീകരണത്തിന്റെ പ്രതീകമായി വിളക്കും ഉൾച്ചേർത്തിരിക്കുന്നു.

**ഭാരതമാകമാനം ദേശീയധാരയിൽ സുവിശേഷദീപം പ്രശോഭിക്കണം**

തമസോമഃ ജോതിർ ഗമയാ



www.malankaralibrary.com

# ഭാഗം 2
# മലങ്കര സഭ

## ഉള്ളടക്കം


9. മലങ്കരസഭ അതിപുരാതന സഭ –മാർത്തോമ്മാ ശ്ലീഹാ ഭാരതത്തിൽ
10. മലങ്കര സഭയെക്കുറിച്ച് പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ
11. പേർഷ്യൻ സഭ – മലങ്കരയുടെ പേർഷ്യൻ സഭാ ബന്ധം
12. പോർട്ടുഗീസ് ആഗമനവും അനന്തരഫലങ്ങളും
13. കൂനൻകുരിശു സത്യവും സിറിയൻ സഭാ ബന്ധവും – തോഴിയൂർ സഭ
14. ആംഗ്ലിക്കൻ സഭയുമായുള്ള സമ്പർക്കം – മാവേലിക്കര പടിയോല – മുളന്തുരുത്തി സിന്നഡ് – മാർത്തോമ്മാ സുറിയാനി സഭ
15. സിറിയൻ ഓർത്തഡോക്സു സഭയുമായുള്ള സഭാ ബന്ധം – സുറിയാനി സഭ – പാത്രിയർക്കീസന്മാർ
16. സുറിയാനി സഭാ ബന്ധം ഗതിവിഗതികൾ
17. സുറിയാനി സഭയുടെ കാനോനകൾ; നിഖ്യാ – അറബിക് – ഹൂദായ
18. കാതോലിക്കോസും പാത്രിയർക്കീസും സഭാ ചരിത്രത്തിൽ
19. The Orthodox Syrian Church of Malankara
20. സുറിയാനി ക്രിസ്ത്യാനികളും സുറിയാനി ഭാഷയും
21. മലങ്കരയിൽ വിഭജനങ്ങൾ ഉണ്ടായ കാരണങ്ങൾ
22. മലങ്കരയിൽ ഭിന്നിപ്പ് – അര ശതാബ്ദം
23. മലങ്കരയിൽ സമാധാനം – ഒരു വ്യാഴവട്ടക്കാലം
24. പാത്രിയർക്കീസിന്റെ അധികാര ദുർവിനിയോഗം
25. കോടതി വിധികൾ
26. കാതോലിക്കേറ്റിന്റെ ഭാവി കർത്തവ്യങ്ങൾ


www.malankaralibrary.com

# 9. മലങ്കര സഭ അതിപുരാതന സഭ

## മാർത്തോമ്മാ ശ്ലീഹാ ഭാരതത്തിൽ

മാർത്തോമ്മാ ശ്ലീഹായെക്കുറിച്ച് വി. യൂഹാനോൻ ശ്ലീഹാ മൂന്നു പ്രധാന കാര്യങ്ങൾ പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്.

1. **യോഹ.11: 14–16;** ബഥാന്യയിൽ ലാസറിന്റെ കല്ലറയ്ക്കൽ പോകാം എന്നു യേശു പറഞ്ഞപ്പോൾ അവിടെ പോയാൽ കല്ലെറിയും എന്ന് മറ്റു ശ്ലീഹർ പറഞ്ഞു. ഉടനെ തോമാശ്ലീഹാ പറഞ്ഞത്:– നമുക്കും പോയി അവനോടു കൂടി മരിക്കാം (Let us go and die with Him).

2. **യോഹ. 14: 5–6;** ഞാൻ പോയി വഴി ഒരുക്കാം എന്ന് യേശു പറഞ്ഞപ്പോൾ വഴി എങ്ങനെ അറിയും എന്ന് തോമാശ്ലീഹാ ചോദിച്ചു. യേശു പറഞ്ഞത്, ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. (I am the way, the truth and the life).

3. **യോഹ. 20: 19–21;** ഉയിർത്തെഴുന്നേറ്റ ക്രിസ്തു മർക്കോസിന്റെ ഭവനത്തിൽ പതിനൊന്നു ശിഷ്യന്മാരുടെ നടുവിൽ പ്രത്യക്ഷ്യപ്പെട്ട് "നിങ്ങൾക്ക് സമാധാനം" എന്നു പറഞ്ഞു. തോമാശ്ലീഹാ കർത്താവിന്റെ വിലാപ്പുറത്ത് കൈ തൊട്ടു പറഞ്ഞത്, "എന്റെ കർത്താവും എന്റെ ദൈവവുമേ" (My Lord and my God) എന്നാണ്.

മാർത്തോമ്മാ ശ്ലീഹാ പലസ്തീൻ, പേർഷ്യ എന്നിവിടങ്ങളിൽ സുവിശേഷം അറിയിച്ചശേഷം ഹാബാനോടു കൂടി എ.ഡി 52ൽ കൊടുങ്ങല്ലൂർ എത്തി–അത്ഭുത പ്രവർത്തനങ്ങളാലും ശക്തിമത്തായ സുവിശേഷഘോഷണത്താലും ഉൽകൃഷ്ടരായവരുൾപ്പെടെ വളരെപ്പേർ സുവിശേഷത്തിൽ ആകൃഷ്ടരായി. വിശ്വാസികൾക്കായി ഏഴു പ്രധാന



www.malankaralibrary.com

കേന്ദ്രങ്ങളായ കൊടുങ്ങല്ലൂർ, പാലൂർ, ഗോക്കമംഗലം, നിലയ്ക്കൽ, കോട്ടക്കാവ്, നിരണം, കൊല്ലം എന്നിവിടങ്ങളിൽ പള്ളികൾ സ്ഥാപിച്ചു. തിരുവിതാംകോട്ട് അരപ്പള്ളിയും സ്ഥാപിച്ചു എന്ന് ചരിത്രം പറയുന്നു. സഭയെ മേയിപ്പാനായി ശങ്കരപുരി, പകലൊമറ്റം, കള്ളി, കാളിയാങ്കൽ എന്ന നാലു ബ്രാഹ്മണ കുടുംബങ്ങളിൽ നിന്നും വൈദികരെ വാഴിച്ചു നിയമിച്ചു സുവിശേഷപ്രവർത്തനം തുടർന്നു. പിന്നീട് കിഴക്കൻ ദിക്കിലും സഞ്ചരിച്ച് ക്രിസ്തുമാർഗ്ഗം അറിയിച്ചു. മൈലാപ്പൂരിൽ വച്ച് ശത്രുക്കൾ ശ്ലീഹായെ ശൂലം എയ്തു. 72 ധനു 21 നു ശ്ലീഹാ രക്തസാക്ഷിയായി ജീവകിരീടം അണിഞ്ഞു.

ഊർശ്ലേമിലും അന്ത്യോഖ്യായിലും സുവിശേഷം എത്തിയ കാലത്തിനടുത്ത് മലങ്കരയിലും സുവിശേഷം എത്തി – പിന്നീടാണ് റോമിൽ ക്രിസ്തുവിനെ അറിയിക്കുന്നത് എന്നതാണ് ചരിത്രം. അതിനാൽ മലങ്കര സഭയും അതിപുരാതന സഭയാകുന്നു. ഇന്ത്യയുടെ തെക്കേ കോണിൽ സ്ഥിതിചെയ്യുന്ന ഈ സമൂഹം ശ്ലൈഹിക വിശ്വാസം പുലർത്തി മാർത്തോമ്മാ പാരമ്പര്യത്തിൽ വികസിച്ചു. ഈ സമൂഹത്തെ മാർത്തോമ്മാ നസ്രാണികൾ എന്നു വിളിച്ചിരുന്നു.

തദ്ദേശീയരോട് ഒരുമപ്പെട്ട് സ്നേഹത്തിലും സൗഹാർദ്ദത്തിലും കഴിയുകയും, കേരളീയ സംസ്ക്കാരവും കലകളും പോഷിപ്പിക്കുകയും ചെയ്തിരുന്നു. നസ്രാണികൾ ശ്ലൈഹിക വിശ്വാസവും ആചാരവും പാലിച്ച് സ്വാതന്ത്ര്യത്തിലും സ്വകീയതയിലും വികസിച്ചിരുന്നു. വൈദികർ സഭയെ നയിച്ചിരുന്നതിനാൽ ഒരേ വിശ്വാസത്തിൽ സഭ അഭിവൃദ്ധിപ്പെട്ടു വന്നു. എന്നാൽ ചെറിയ പല നാട്ടുരാജ്യങ്ങളിലായി സഭ വ്യാപിച്ചു കിടന്നതിനാൽ ശരിയായ നേതൃത്വമോ സംഘടനാ ശക്തിയോ ഇല്ലാതെ പോയി. അതിനാൽ സഭയുടെ ശക്തി കേന്ദ്രീകരിക്കുവാൻ സാധിക്കാതെ പോയി.

മാർത്തോമ്മാശ്ലീഹായല്ലാതെ മറ്റൊരു ശ്ലീഹാ ഭാരതത്തിൽ വന്നതായി ചരിത്രമില്ല. ശ്ലീഹായുടെ കബറിടം മൈലാപ്പൂരിൽ മാത്രമാണുള്ളത്. മറ്റൊരിടത്തുള്ളതായി ആരും അവകാശപ്പെടുന്നില്ല. അതിനാൽ മലങ്കരയുടെ ചരിത്രപാരമ്പര്യം വിശ്വാസയോഗ്യമാകുന്നു.



www.malankaralibrary.com

# 10. മലങ്കര സഭയേക്കുറിച്ച് സഭാ പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ

1. ആദിമ സഭയിലെ പിതാവും, വി.പത്രോസിന്റെ ശിഷ്യനുമായ വി.ക്ലിമ്മീസ് എഴുതിയ 'മൽപോനൂസോ ദശ്ലീഹേ' എന്ന പുരാതന സുറിയാനി ഗ്രന്ഥത്തിൽ ഓരോ ശ്ലീഹന്മാരുടേയും പ്രവർത്തന മണ്ഡലങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

"ഇൻഡ്യയും അറബിക്കടൽ വരെയുള്ള സകല പ്രദേശങ്ങളിലും സഭ സ്ഥാപിക്കുകയും, അതിലെ ഭരണാധികാരിയും നായകനുമായിരുന്നു. അതിൽ പ്രവർത്തിക്കുകയും ചെയ്ത തോമ്മാശ്ലീഹായിൽ നിന്നും ശ്ലൈഹിക പൗരോഹിത്യാധികാരം പ്രാപിച്ചു".

2. സഭാ പിതാവായ ബർസ്ലീബായുടെ വ്യാഖ്യാനത്തിൽ "ത്രേസർത്തോ," (The college of the Twelve) 12 പേർ ചേർന്ന സംഘത്തിന് ആത്മീയനൽവരം ലഭിച്ചു. 12 പൂർണ്ണതയുടെ സംഖ്യയാകുന്നു.

3. വന്ദ്യ അബ്ദൽ ആഹാദ് റമ്പാൻ (Late. യാക്കോബ് III പാത്രിയർക്കീസു ബാവ) എഴുതിയ സുറിയാനി സഭാ ചരിത്രം പേജ് (160–164) പറയുന്നത് ഇപ്രകാരമാകുന്നു.

"പരിശുദ്ധ റൂഹായുടെ നൽവരത്തിനു ശേഷം മാർത്തോമ്മാ ശ്ലീഹാ പലസ്തീൻ ദേശങ്ങളിൽ പ്രസംഗിച്ചു. പിന്നീട് പേർഷ്യയിൽ എത്തി. എ.ഡി.52ൽ കൊടുങ്ങല്ലൂരിൽ കടൽ മാർഗ്ഗം വന്നു സുവിശേഷം ഘോഷിച്ചു. ശക്തിമത്തായ പ്രഭാഷണങ്ങൾ മൂലം പല ഉൽകൃഷ്ട വംശജരും ക്രിസ്തുമാർഗ്ഗം സ്വീകരിച്ചു. ഏഴു സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിച്ചു. ഈ ബാലസഭയെ ഭരിപ്പാൻ നാലു കുടുംബങ്ങളിൽ നിന്നും അദ്ദേഹം സ്ഥാനം കൊടുത്തു പട്ടക്കാരെ ഏർപ്പെടുത്തി......... എ.ഡി.72ൽ ശ്ലീഹാ രക്തസാക്ഷിയായി നിദ്ര പ്രാപിച്ചു.

മാർ അപ്രേമിന്റെ "മദറോസോ"യിലും ബാർ എബ്രായയുടെ "ഔസർ റോസെ" എന്ന വിശ്രുത ചരിത്ര ഗ്രന്ഥത്തിലും അതു പ്രതിപാദിച്ചിട്ടുണ്ട് എന്നാണ്.

4. പ്രശസ്ത പണ്ഡിതനും, പരിശുദ്ധാത്മാവിന്റെ കിന്നരം എന്നു വിശേഷിപ്പിക്കപ്പെട്ടവനുമായ സ്രൂഗിലെ മാർ യാക്കോബ് തന്റെ വിശ്രു



www.malankaralibrary.com

തമായ കാവ്യങ്ങളിൽ മാർത്തോമ്മാ ശ്ലീഹായുടെ അപ്പോസ്തോല പദ വിയേക്കുറിച്ചും പ്രേഷിത പ്രവർത്തനങ്ങളേക്കുറിച്ചും അതിമനോഹര മായി വർണ്ണിച്ചിട്ടുണ്ട്.

5. ശീമയിലെ പാരമ്പര്യം. (കാലം ചെയ്ത വയലിപ്പറമ്പിൽ മാർ ഗ്രീഗോറിയോസ് രചിച്ച ശീമയാത്ര എന്ന ഗ്രന്ഥം, പേജ് 233) മാർത്തോമ്മാ ശ്ലീഹാ തന്റെ സുവിശേഷ പര്യടനത്തിനിടയിൽ മൂസലിലെത്തി. അവിടെ ഒരു വിശ്വാസിയുടെ ഭവനത്തിൽ താമസിച്ച് സുവിശേഷഘോഷണം നടത്തി. അവിടെ പതിവായി വി. കുർബ്ബാന അർപ്പിക്കുകയും, വിശ്വാസികൾ അതിൽ പങ്കുകൊള്ളുകയും ചെയ്തിരുന്നു. അത് വളർന്ന് ഇന്നു മാർത്തോമ്മൻ പള്ളി എന്ന പേരിൽ ഭദ്രാസന ദേവാലയമായി സ്ഥിതിചെയ്യുന്നു.

6. 1840 ൽ ചേപ്പാട്ടു മാർ ദീവന്നാസ്യോസ് എഴുതിയ ഒരു കല്പന യിൽ മലങ്കരയെ പരിശുദ്ധ അപ്പോസ്തോലനായ "മാർത്തോമ്മാ ശ്ലീഹാ യുടെ സിംഹാസന ഇടവക" എന്ന് വ്യക്തമായി വിശേഷിപ്പിച്ചിട്ടുണ്ട്.

7. റാക്കാട്ടു പള്ളി രേഖയിൽ "മലങ്കരയുള്ള മാർത്തോമ്മാ ശ്ലീഹയുടെ സിംഹാസനത്തിന്മേൽ " വാഴുന്ന മാർ കൂറിലോസ്" എന്ന് രേഖപ്പെടു ത്തിയിരിക്കുന്നു.

8. വന്ദ്യ അപ്രേം ആബുദി റമ്പാൻ (പിന്നീട് മെത്രാപ്പോലീത്താ) രചിച്ച "സ്തുതി ചൊവ്വാകപ്പെട്ട സുറിയാനി സഭ" എന്ന പുസ്തകത്തിൽ (പേജ് 7–10) വി. തോമ്മാശ്ലീഹായുടെ അപ്പോസ്തോലികത്വവും, സുവി ശേഷ വയലും വ്യക്തമായി വിവരിച്ചിട്ടുണ്ട്.

9. വന്ദ്യ കണിയാമ്പറമ്പിൽ കുര്യൻ കോറെപ്പിസ്ക്കോപ്പായുടെ മലങ്കര സുറിയാനി സഭ എന്ന ചരിത്ര ഗ്രന്ഥത്തിൽ ഇപ്രകാരം കാണു ന്നു. (പേജ് 3–51 )

"കേരള സഭയുടെ ഉല്പത്തിക്കു കാരണക്കാരൻ മാർത്തോമ്മാ ശ്ലീഹായാകുന്നു. വി. ശ്ലീഹാ മലങ്കരയിൽ ദിവ്യബലി അർപ്പിച്ചിട്ടുണ്ട് എന്നത് പുതിയനിയമ ദൃഷ്ടിയിൽ സ്വീകാര്യമാണ്. വി.കുർബ്ബാനയ്ക്ക് അദ്ദേഹം പുളിയുള്ള അപ്പം ഉപയോഗിച്ചു. മലങ്കരയ്ക്ക് പ്രദാനം ചെയ്ത ക്രമം വി. യാക്കോബിന്റെ തക്സ പ്രകാരമാണ്. അദ്ദേഹം മലങ്കരയിൽ ഏഴര പള്ളികൾ സ്ഥാപിച്ചു എന്നും നാലു കുടുംബങ്ങ ളിൽ നിന്ന് പട്ടക്കാരെ വാഴിച്ചു എന്നുള്ളതും വിശ്വാസ്യമാണ്. അദ്ദേ



www.malankaralibrary.com

ഹത്തിന്റെ കാലശേഷം ശ്ലീഹായുടെ കൈകളാൽ സ്ഥാനം നൽകപ്പെട്ട കാശ്ശീശ്ശന്മാർ മാത്രമാണ് ഈ സഭയെ നയിച്ചത്.''

1970 ന് മുമ്പ് ഒരു സഭാ പിതാവും മാർത്തോമ്മാ ശ്ലീഹായുടെ പൗരോഹിത്യ പദവിയേക്കുറിച്ച് സംശയം പറഞ്ഞില്ല. മാർ യാക്കൂബ് III ബാവായാണ് ആദ്യം ഈ മ0യത്തരം പറഞ്ഞത്. പാത്രിയർക്കീസിന്റെ ആധിപത്യം പുനഃസ്ഥാപിക്കുവാൻ ചെയ്ത ഒരു കുതന്ത്രം ലോകം അവജ്ഞയോടു കൂടി വീക്ഷിക്കുകയും, ചരിത്രത്തിലെ ഒരു കറുത്ത പാടായി അവശേഷിക്കുകയും ചെയ്യുന്നു.

> യേശുകർത്താവ് തോമസിനെ അപ്പോസ്തോല പദവിയിലേക്ക് വിളിച്ചു. അദ്ദേഹം പരസ്യശുശ്രൂഷയിൽ കർത്താവിനോടു കൂടി പ്രവർത്തിച്ച്, ക്രൂശുമരണത്തിനും ഉയിർപ്പിനും സാക്ഷിയായി. മാളികയിൽ വച്ച് സംഘത്തിന്റെ നടുവിൽ യേശു പ്രത്യക്ഷപ്പെട്ടപ്പോൾ കർത്താവിന്റെ മഹത്വീകരിക്കപ്പെട്ട ശരീരത്തിലെ തിരുമുറിവിൽ തൊട്ടു അനുഗ്രഹം പ്രാപിക്കുവാൻ വി. തോമസിനു മാത്രമേ സാധിച്ചുള്ളു. ''എന്റെ കർത്താവും എന്റെ ദൈവവുമേ'' എന്നുച്ചരിച്ച് ക്രിസ്തുവിന്റെ ദൈവികത്വത്തെ ഘോഷിച്ച ശ്ലീഹാ മറ്റു ശ്ലീഹന്മാരോടൊപ്പം സ്വർഗ്ഗാരോഹണത്തിനും പെന്തിക്കുസ്തിക്കും സാക്ഷിയായി, യെറുശലേം സുന്നഹദോസുകളിൽ അപ്പോസ്തോലന്മാരോടോപ്പം സംബന്ധിച്ചു. റൂഹാ വരത്താൽ പൂർവ്വദേശത്ത് സുവിശേഷിച്ച് അത്ഭുതം പ്രവർത്തിച്ച് വിശ്വാസികൾക്ക് ജ്ഞാപനം നൽകി സഭ സ്ഥാപിച്ച് ദേവാലയങ്ങളേയും, ശുശ്രൂഷയ്ക്കായി വൈദികരേയും ഉണ്ടാക്കി. വി. കുർബ്ബാനയും ക്രിസ്തീയ ആരാധനയും നടപ്പാക്കി. തുടർന്ന് ക്രിസ്തുവിനുവേണ്ടി സാക്ഷിമരണം പ്രാപിച്ച ശ്രേഷ്ഠാചാര്യന്റെ നാമം സർവ്വാത്മന എന്നെന്നും കീർത്തിക്കപ്പെടും.



www.malankaralibrary.com

# 11. പേർഷ്യൻ സഭ

പേർഷ്യൻ സഭാ സ്ഥാപകൻ മാർത്തോമ്മാ ശ്ലീഹായാണ്. മെസപ്പോട്ടേമ്യയിലെ ഒരു പ്രധാന നഗരമായ ഉറഫായിൽ (എഡേസ്സാ) ശ്ലീഹാ കുറെക്കാലം താമസിച്ചു ക്രിസ്തുമത പ്രചരണം നടത്തി. ശ്ലീഹാ സ്വന്ത ശിഷ്യരായ ആദായി, ആഗായി എന്നിവരെ സഭാ പ്രവർത്തനം ചുമതലപ്പെടുത്തിയ ശേഷമാണ് ഇന്ത്യയിലേക്കു പുറപ്പെട്ടത്. ആദായി സ്വശിഷ്യനായ മാറിയെ തലസ്ഥാനമായ സെലൂഷ്യയിൽ അയച്ചു ക്രിസ്തുമാർഗ്ഗം പ്രസംഗിപ്പിച്ചു. പേർഷ്യൻ സഭ വേഗത്തിൽ ശക്തമായി വികസിച്ചു എന്നാണ് പേർഷ്യൻ പാരമ്പര്യം. സെലൂഷ്യ നഗരം തെഗ്രീസ് നദീതീരത്തു സ്ഥിതി ചെയ്തിരുന്നു. സെലൂഷ്യയിലെ ബിഷപ്പായി മാറിയെ അവരോധിച്ചു. എ.ഡി. 280നടു ത്ത് പേർഷ്യാക്കാരനും പണ്ഡിതനുമായ പാപ്പാ എന്ന ദേഹത്തെ സെലൂഷ്യൻ സഭാദ്ധ്യക്ഷനായി നിയമിച്ചു. തലസ്ഥാന നഗരിയിലെ പ്രസിദ്ധനായ ബിഷപ്പ് എന്ന നിലയിൽ അദ്ദേഹം സഭ മുഴുവന്റേയും ബഹുമാനാദരവുകൾക്ക് പാത്രിഭൂതനായി. ഈ സാഹചര്യം കണക്കിലെടുത്ത് അദ്ദേഹം പേർഷ്യ മുഴുവന്റേയും അധീശത്വം അവകാശപ്പെട്ടു. സാമ്രാജ്യങ്ങൾ തമ്മിൽ മത്സരമുണ്ടായിരുന്നതിനാൽ പൗരസ്ത്യഭാഗങ്ങളിലുള്ള ബിഷപ്പന്മാരുടെ മുഴുവൻ പിന്തുണയും പാപ്പായ്ക്ക് ലഭിച്ചു. ആകമാന പേർഷ്യൻ സഭ മുഴുവനിലും അധികാരമുള്ള കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ എന്ന സ്ഥാനം പാപ്പായ്ക്കു ലഭിച്ചു. ആ സ്ഥാനിയെ പിന്നീട് പൊതുവിന്റെ പിതാവ് എന്നർത്ഥമുള്ള കാതോലിക്കാ എന്നു വിളിച്ചു. ഒന്നാമത്തെ പൗരസ്ത്യ കാതോലിക്കാ എന്ന സ്ഥാനം പാപ്പായ്ക്കു ലഭിച്ചു. ഒന്നാമത്തെ പൗരസ്ത്യ കാതോലിക്കായായ പാപ്പായെ എ.ഡി. 291 ൽ അവരോധിച്ചു.

പൗരസ്ത്യർക്ക് സ്വന്തമായി ബിഷപ്പിനെ വാഴിക്കുവാനുള്ള അധികാരം യെറുശലേം സുന്നഹദോസിൽ നൽകി എന്ന് ബാർ എബ്രായ പറയുന്നുണ്ട്. യോഗം എന്നു കൂടി? ആരൊക്കെ അതിൽ സംബന്ധിച്ചു? അന്നത്തെ പാത്രിയക്കീസ് ആര്? എന്തിനുകൂടി? എന്നൊന്നും ബാർ എബ്രായ പറഞ്ഞിട്ടില്ലാത്തതിനാൽ അതൊരു സങ്കല്പചരിത്രമാണെന്ന് ചില ചരിത്രകാരന്മാർ പറയുന്നുണ്ട്.

എ.ഡി. 325ലെ നിഖ്യാ സുന്നഹദോസിൽ കാതോലിക്കായെ അംഗീകരിച്ചു നിശ്ചയം ചെയ്തു. പാത്രിയർക്കീസിന്റെ തുല്യ പദവി നൽകി



www.malankaralibrary.com

അതും കാനോനിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അന്ത്യോഖ്യായിലെ മെത്രാന് ആ ഭദ്രാസനത്തിനു പുറത്ത് അധികാരമില്ലായിരുന്നു. കിഴക്കൊക്കയും അധികാരമുണ്ടെന്ന് അവർ തന്നെ എഴുതിചേർത്തതാണ്. അന്ത്യോഖ്യർ എന്നാളും കാതോലിക്കാ സ്ഥാപനം അതൃപ്തിയോടെ വീക്ഷിച്ചിരുന്നു.

എ.ഡി.486 ൽ കൂടിയ പേർഷ്യൻ സുന്നഹദോസ് നെസ്തോറിനെ സഭാപിതാവായി അംഗീകരിക്കുകയും സഭ നെസ്തോറിയ വിശ്വാസം. സ്വീകരിക്കുകയും ചെയ്തു. സിറിയായിൽ നിന്നു കൂടിയേറി പാർത്തവരും, തടവുകാരായി പിടിക്കപ്പെട്ടവരുമായ ഒരു ന്യൂനപക്ഷം അന്ത്യോഖ്യൻ പ്രേമികളായി തുടർന്നു. യാക്കോബ് ബുർദാന അവരെ സംഘടിപ്പിച്ച് നെസ്തോറിയർക്കു ബദലായി ഒരു സമൂഹമാക്കി എ.ഡി. 628 ൽ മോറൂത്തോ എന്ന ദേഹത്തെ അവർക്കധികാരിയായി മഫ്രിയാന എന്ന പേരിൽ വാഴിച്ചു. പിന്നീട് നെസ്തോറിയൻ കാതോലിക്ക, പാത്രിയർക്കീസ് എന്ന പേർ സ്വീകരിച്ച് ബാഗ്ദാദ് ആസ്ഥാനമാക്കി ഭരിച്ചു. ഇന്ന് അവർ കൽദായ സഭയെന്നും മേലദ്ധ്യക്ഷൻ ബാബിലോൺ പാത്രിയർക്കീസെന്നും അറിയപ്പെടുന്നു. കേരളത്തിൽ അവരുടെ ആസ്ഥാനം തൃശൂരാണ്. മഫ്രിയാനയുടെ ആസ്ഥാനം തിഗ്രീസായിരുന്നു.

## മലങ്കരയുടെ പേർഷ്യൻ സഭാബന്ധം

പേർഷ്യൻ രാജാവായ സാപ്പോർ രണ്ടാമൻ (307–377) ക്രിസ്ത്യാനികളെ ക്രൂരമായി പീഡിപ്പിച്ചു. അനേകർ പ്രാണരക്ഷാർത്ഥം നാടുവിട്ടു. ക്നായിതോമ്മായുടെ നേതൃത്വത്തിൽ വൈദികരുൾപ്പെടെ ഒരു സംഘം മലങ്കരയിൽ കുടിയേറി. നാട്ടുകാർ അവരെ ഹാർദ്ദവമായി സ്വീകരിച്ചതിനാൽ കച്ചവട പ്രധാനമായ സ്ഥലങ്ങളിൽ അവർ വാസമുറപ്പിച്ചു. എന്നാൽ നാട്ടുകാരേക്കാൾ മേന്മ ഭാവിച്ച് ഒരു പ്രത്യേക സമൂഹമായി അവർ നിലനിന്നു. അവർക്ക് സുവിശേഷപ്രവർത്തനങ്ങളിൽ താൽപര്യമില്ല. അവർക്ക് മാത്രമായിഅവർ ദേവാലയങ്ങൾ സ്ഥാപിച്ച്. നാട്ടുകാരുമായി വിവാഹ ബന്ധം ആഗ്രഹിക്കാതെ ജീവിക്കുന്നു. എ.ഡി. 345ലെ ഈ കുടിയേറ്റത്തിനുശേഷം മലങ്കര സഭ പേർഷ്യൻ സഭാ ബന്ധത്തിൽ വന്നു എന്നു കരുതാവുന്നതാകുന്നു. പേർഷ്യൻ സമ്പർക്കത്തിനു മുമ്പ് നസ്രാണികൾ ദ്രാവിഡ ഭാഷാ ആരാധന നിർവ്വഹിച്ചിരുന്നു എന്ന് പറയാം. പേർഷ്യൻ ബന്ധത്തോടുകൂടി കിഴക്കൻ സുറിയാനി (കൽദായ) ആരാധന ക്രമേണ നടപ്പിൽ വന്നു.



www.malankaralibrary.com

മലങ്കരയിലെ ഭരണം പരമ്പരാഗതമായി പകലോമറ്റം തറവാട്ടിലെ "ജാതിക് കർത്തവ്യൻ" അഥവാ "അർക്കദിയാക്കോൻ" സ്ഥാനി നിർവ്വഹിച്ചിരുന്നു. പേർഷ്യൻ മെത്രാന്മാർ മലങ്കരയിൽ വന്നു ആത്മീയ കാര്യങ്ങൾ മാത്രം നടത്തിയിരുന്നു. മലങ്കരയിലെ അർക്കദിയക്കോൻ ഭരണം പേർഷ്യൻ മെത്രാന്മാർ അംഗീകരിച്ചിരുന്നു. കൽദായ മെത്രാന്മാരും മലങ്കരയിൽ വന്നു. ആത്മീയ മേൽനോട്ടം നിർവ്വഹിച്ചിട്ടുണ്ട്. പേർഷ്യൻ സഭാ ബന്ധകാലത്ത് മലങ്കരയിൽ ഐക്യമുണ്ടായിരുന്നു. കുറെ വ്യക്തിത്വവും സ്വാതന്ത്ര്യവും അനുഭവപ്പെട്ടിരുന്നു.

**മാർ തോമ്മാ സിംഹാസനവും മാർ പത്രോസ് സിംഹാസനവും**

മാർത്തോമ്മായുടെ പൗരസ്ത്യ കാതോലിക്കാ സിംഹാസനം പാത്രിയർക്കീസ് സിംഹാസനത്തിനു തുല്യപദവിയിലുള്ളതായി നിഖ്യായുടെ ആറാം കാനോനിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാർ പത്രോസിന്റെ സിംഹാസനം റോമും, അന്ത്യോഖ്യായും അവകാശപ്പെടുന്നുണ്ട്. തെഗ്രീസിലെ കാതോലിക്കാ സ്ഥാപനം മലങ്കരയ്ക്കും ലഭിച്ചു. പത്രോസിനാണ് കൂടുതൽ സ്ഥാനം എന്ന ധാരണയുണ്ടാക്കി മാർത്തോമ്മായെ തരംതാഴ്ത്തുവാൻ അന്ത്യോഖ്യ എന്നും ശ്രമിക്കുന്നുണ്ട്. നെസ്തോറിനെ സെലൂഷ്യ അംഗീകരിച്ചതിന്റെ ഒരു കാരണം ഈ മത്സരമാണെന്ന് പറയുന്നവരുമുണ്ട്. മാർത്തോമ്മാ സിംഹാസനത്തെക്കുറിച്ച് പാത്രിയർക്കീസ് ഇന്നും പറയുന്ന തെറ്റായ വാദങ്ങളുടെ രഹസ്യവും ഇതു തന്നെയാണ്.

## 12. പോർട്ടുഗീസ് ആഗമനവും അനന്തരഫലങ്ങളും

16-ാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാർ വാസ്ഗോഡിഗാമായുടെ നേതൃത്വത്തിൽ കച്ചവടത്തിനായി വന്നു. അവരോടു കൂടി പിന്നീട് മതപ്രചരണത്തിനായി കത്തോലിക്കാ മിഷ്യനറിമാരും എത്തി. അവർ നസ്രാണികളുടെ ഇടയിൽ റോമാ വിശ്വാസം പ്രചരിപ്പിച്ച് പ്രവർത്തിച്ചു. കത്തോലിക്കാ വിശ്വാസം മാത്രമാണ് ശരിയായത് എന്ന് അവർ പഠിപ്പിച്ച് നസ്രാണികളെ മുഴുവനും റോമിന്റെ അധീനതയിൽ വരുത്തുവാൻ അതിയായി പരിശ്രമിച്ചു. അതിനായി പല തന്ത്രങ്ങൾ അവർ ആവിഷ്ക്കരിച്ചു.



www.malankaralibrary.com

## ഉദയംപേരൂർ സുനഹദോസ് (1599)

റോമിൽ നിന്നും വന്ന മെനേസീസ് മെത്രാൻ മുൻകയ്യെടുത്തു ഒരു പങ്കു നസ്രാണികളെ വശത്താക്കി ഒരു സഭായോഗം വിളിച്ചു കൂട്ടുവാൻ പരിശ്രമിച്ചു. കൊച്ചിക്കടുത്ത് ഉദയംപേരൂർ എന്ന സ്ഥലത്ത് 1599 ജൂൺ 20-26 ഒരു സഭായോഗം സമ്മേളിച്ചു. 153 പട്ടക്കാരും 660 അന്മേനികളും അതിൽ സംബന്ധിച്ചു. പോർട്ടുഗീസ് പട്ടാളക്കാരുടെ നിയന്ത്രണത്തിൽ യോഗം നടത്തിയെടുത്തു. കാലെക്കൂട്ടി തയ്യാറാക്കിയ നിശ്ചയങ്ങൾ വായിച്ചു അംഗീകരിച്ചതായി പ്രഖ്യാപിച്ചു. പേർഷ്യൻ സഭാബന്ധം നിരോധിച്ചു. നിലവിലുള്ള ആരാധനാ രീതികൾ നിർബന്ധപൂർവ്വം നിർത്തലാക്കി, മാർപ്പാപ്പായെ സ്വീകരിച്ചു കൊണ്ട് ലത്തീൻ ആരാധനാ രീതികളും പാശ്ചാത്യവൽക്കരണവും നടപ്പാക്കുവാൻ വേണ്ടതീരുമാനങ്ങൾ കൈക്കൊണ്ടു. നസ്രാണികളുടെ സ്വാതന്ത്ര്യവും ജന്മാവകാശങ്ങളും നഷ്ടപ്പെടുത്തി സഭയെ രണ്ടായി വിഭജിച്ചു. തീരുമാനങ്ങളെ അനുകൂലിക്കാത്തവർക്ക് ഭീഷണിയും പീഡകളും അനുഭവിക്കേണ്ടിവന്നു.

> വിദേശികൾ നാട്ടുക്രിസ്ത്യാനികളോടു പുലർത്തിയ സംസ്ക്കാരശൂന്യവും, നീതിരഹിതവും, വിവേചനാപരവുമായ പ്രവർത്തനങ്ങൾ ചരിത്രത്തിലെ കളങ്കമായി എഴുതപ്പെട്ടു എന്നു പറയാം. കൽക്കദൂൻ സുന്നഹദോസിന്റെ രൂപത്തിൽ നടത്തിയ ഉദയംപേരൂർ സുന്നഹദോസു മൂലം നസ്രാണികൾ രണ്ടു തട്ടിലായി.

# 13. കൂനൻകുരിശു സത്യവും സിറിയൻ സഭാ ബന്ധവും

ഏകപക്ഷീയമായി നടത്തിയെടുത്ത ഉദയംപേരൂർ തീരുമാനങ്ങളോടു വിയോജിപ്പുള്ള സഭാസ്നേഹികളായ നസ്രാണികൾ മുഴുവനും കൂടിആലോചിച്ച് തങ്ങളുടെ പരമ്പരാഗതമായ സ്വാതന്ത്ര്യം പരിരക്ഷിക്കണമെന്ന് തീരുമാനിച്ചു. 1653ൽ മാർത്തോമ്മാ ക്രിസ്ത്യാനികൾ എല്ലാവരും തോമ്മാ അർക്കദിയാക്കോന്റെ നേതൃത്വത്തിൽ മട്ടാഞ്ചേരിയിലുള്ള പ്രസിദ്ധമായ കൂനൻ കുരിശിന്റെ മുമ്പിൽ കൂടി അതിൽ ആലാത്തുകൾ കെട്ടി അതിൽ പിടിച്ചു കൊണ്ട് താഴെ പറയും പ്രകാരം സത്യം ചെയ്തു. "ഞങ്ങളും ഞങ്ങളുടെ സന്തതിയുള്ളോരുകാലം റോമാ സഭ



www.malankaralibrary.com

യിൽ ചേരുകയില്ല.'' അനന്തരം അവർ ആലങ്ങാട്ടു പള്ളിയിൽ സമ്മേളിച്ച് വൈദിക സംഘം ചേർന്നു കൈവച്ച് തോമ്മാ അർക്കദിയാക്കോനെ മാർത്തോമ്മാ എന്ന പേരിൽ മെത്രാനായി വാഴിച്ചു. ഇദ്ദേഹമാണ് മലങ്കരയിലെ ആദ്യത്തെ നാട്ടുമെത്രാൻ. നിഖ്യാ സുന്നഹദോസു വരെ വൈദികരുടെ കൗൺസിൽ ചേർന്നു മെത്രാനെ വാഴിക്കുന്ന പതിവ് നിലനിന്നിരുന്നു. പേർഷ്യൻ മെത്രാന്മാർക്ക് ഇവിടെ വിലക്കുള്ളതിനാൽ സത്യവിശ്വാസികളായ ഇതര സഭകളിലെ അദ്ധ്യക്ഷന്മാരുടെ സഹായത്തിനായി ഇവിടെനിന്നും അപേക്ഷകൾ അയച്ചു. 1665 യെറുശലേമിൽ നിന്നും മാർ ഗ്രിഗോറിയോസു മെത്രാൻ വന്ന് മാർത്തോമ്മായോടു ചേർന്നു സഭാ കാര്യങ്ങൾ നിർവ്വഹിച്ചു. നമ്മുടെ പിതാക്കന്മാർ പൗരോഹിത്യ ബന്ധം മാത്രമേ ആഗ്രഹിച്ചുള്ളു. അന്നു മുതൽ സിറിയൻ അന്ത്യോഖ്യൻ സഭയുമായി പുതിയ സഭാബന്ധം മലങ്കര സഭയ്ക്കുണ്ടായി. മലങ്കരസഭ അതിന്റെ വ്യക്തിത്വം കാത്തുസൂക്ഷിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. സിറിയൻ സഭാബന്ധം മൂലം പേർഷ്യൻ സഭാരീതികളും ആരാധനയും മാറ്റി അന്ത്യോഖ്യൻ രീതിയിലുള്ള ആരാധനകൾ പ്രചരിച്ചു തുടങ്ങി. 200 വർഷങ്ങൾകൊണ്ട് അതു നിലവിൽ വന്നു. സിറിയായിൽ നിന്നും വീണ്ടും വന്ന മെത്രാന്മാർ സഭാ കാര്യങ്ങളിൽ അധീശത്വം ഭാവിച്ചു തുടങ്ങി. 1876 വരെ മലങ്കരയിൽ മാർത്തോമ്മാ എന്ന പേരിൽ തുടർച്ചയായി മെത്രാന്മാരെ വാഴിക്കുക പതിവായിരുന്നു. സഭാഭരണകാര്യങ്ങൾ മലങ്കരയിലെ തീരുമാനങ്ങൾ അനുസരിച്ച് നിർവ്വഹിച്ചിരുന്നു.

## മലബാർ സ്വതന്ത്ര സുറിയാനി സഭ (തോഴിയൂർ സഭ)

1751ൽ ശീമയിൽ നിന്നും ശക്രുള്ള മാർ ബസ്സേലിയോസും, മാർ ഗ്രീഗോറിയോസും ഏതാനും വൈദികരും മലങ്കരയിൽ വന്നു. മാർ ബസ്സേലിയോസ് 1754ൽ കൂടെ വന്ന ഒരു റമ്പാനെ മാർ ഈവാനിയോസ് എന്ന നാമത്തിൽ മെത്രാനാക്കി. കാട്ടുമങ്ങാട്ടു ഗീവറുഗീസു കത്തനാരെ റമ്പാനാക്കിയ ശേഷം മാർ ബസ്സേലിയോസ് മട്ടാഞ്ചേരിയിൽ ഒരു പള്ളി സ്ഥാപിച്ചു അവിടെ താമസമാക്കി. തങ്ങൾക്കനുകൂലമായ ഒരു സമൂഹത്തെ വളർത്തി അന്ത്യോഖ്യായുടെ അധീശത്വം സ്ഥാപിച്ചുറപ്പിച്ചിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. മലങ്കരയുടെ വലിയ മാർത്തോമ്മാ ആറാമന്റെ അറിവു കൂടാതെ മാർ ഗ്രീഗോറിയോസ് 1772ൽ ഗീവറുഗീസൂറമ്പാനെ മാർ കുറിലോസ് എന്ന പേരിൽ മെത്രാനാക്കി. മാർ കൂറിലോസ് ചില പള്ളികളെ സ്വാധീനിച്ചു സ്വതന്ത്രമാക്കു



www.malankaralibrary.com

വാൻ ശ്രമിച്ചു. മെത്രാപ്പൊലീത്തായുടെ എതിർപ്പുമൂലം സർക്കാർ അത നുവദിച്ചില്ല. പരാജിതനായ മാർ കുറീലോസ് അനുയായികളുമായി മലബാറിൽ ആഞ്ഞൂർ (തോഴിയൂർ) എന്ന സ്ഥലത്തു താമസം മാറ്റി ഒരു സ്വാതന്ത്ര സഭ സ്ഥാപിച്ചു. ഈ വിധം തോഴിയൂർ സഭ ആവിർഭ വിച്ചു. ആദ്യ കാലങ്ങളിൽ അവർ മലങ്കര സഭയുമായി സമ്പർക്കവും മെത്രാൻ വാഴ്ചയിൽ സഹകരണവുമുണ്ടായിരുന്നു. സിറിയാക്കാർ മുഖാന്തിരം സഭയിൽ പിളർപ്പുണ്ടായെങ്കിലും തോഴിയൂർ സഭ മലങ്കര സഭയുടെ വിശ്വാസാചാരങ്ങൾ ഇന്നും പുലർത്തുന്നു.

## 14. ആംഗ്ലിക്കൻ സഭയുമായുള്ള സമ്പർക്കം

17-ാം നൂറ്റാണ്ടിൽ ഈസ്റ്റ് ഇന്ത്യാ കമ്പനി ഇന്ത്യയിൽ വന്നു വ്യാപാ രകേന്ദ്രങ്ങൾ സ്ഥാപിച്ചു. 18-ാം നൂറ്റാണ്ടിൽ അവരോടുകൂടി ആംഗ്ലേയ മിഷ്യനറിമാരും വന്നു മതപ്രചരണം നടത്തി. അന്ന് മലങ്കരയിൽ ആത്മീ യനവോത്ഥാനവും, സഭാപരമായ വിദ്യാഭ്യാസവും കുറവായിരുന്ന ഒരു കാലഘട്ടമായിരുന്നു. അത് മിഷ്യനറിമാർ മെത്രാപ്പോലീത്തായെ സന്ദർശിച്ച് സഭയെ ശക്തിപ്പെടുത്തുവാൻ സഹായിക്കും എന്നറിയിച്ചു. ആദ്യം മാർത്തോമ്മാ അതിൽ സന്തുഷ്ടനായി. അദ്ദേഹത്തിന്റെ പക്ക ലുണ്ടായിരുന്ന പുതിയ നിയമത്തിന്റെ ഒരു സുറിയാനി കയ്യെഴുത്തു പ്രതി അച്ചടിപ്പിക്കുവാൻ ഡോ. ബുക്കാനനെ ഏല്പിച്ചു. 1808ൽ സഭയ്ക്ക് പലിശ ലഭിക്കത്തക്കവണ്ണം വട്ടിപ്പണം എന്നറിയപ്പെടുന്ന 3000 പൂവരാഹൻ (10500രൂപ) ഖജനാവിൽ നിക്ഷേപിച്ചു. 1815ൽ കോട്ടയം പഴയ സെമിനാരി സ്ഥാപിതമായി. സെമിനാരിയിലെ അഭ്യസനത്തിന് മിഷ്യനറിമാരുടെ സഹായം ലഭിച്ചു. എന്നാൽ പിന്നീട് വന്ന ചില മിഷ്യനറിമാർ നവീകരണാശയങ്ങൾ പഠിപ്പിച്ചു. ചേപ്പാട്ടു മാർ ദീവ ന്നാസ്യോസും മറ്റും അതിനെ എതിർത്തപ്പോൾ ഭിന്നതകൾ വർദ്ധി ക്കുകയാണ് ഉണ്ടായത്.

### മാവേലിക്കര പടിയോല

1836ൽ മാവേലിക്കര വച്ച് ഇരുകൂട്ടരും ചേർന്ന് ഒരു യോഗം നട ത്തി. ആലോചനകൾ വിജയിച്ചില്ല. സുറിയാനിക്കാർ മിഷ്യനറിമാരുടെ സഹകരണം തിരസ്കരിച്ചു തീരുമാനങ്ങൾ ചെയ്തു. മിഷ്യനറിമാരു മായി ചേർന്ന് സമ്പാദിച്ച സ്വത്തുക്കൾ കൊച്ചിക്കോടതിയുടെ തീരുമാ



www.malankaralibrary.com

നമനുസരിച്ച് ഭാഗിച്ചു പിരിഞ്ഞു. ഇതിനെ മാവേലിക്കര പടിയോല എന്നു പറയുന്നു. 1815 ൽ മിഷ്യനറിമാരുമായി ആരംഭിച്ച ബന്ധം 1836 ൽ ഉപേക്ഷിച്ചു. മിഷ്യനറിമാരുടെ വാദങ്ങളെ അതിജീവിക്കുവാൻ മലങ്കരസഭ അന്ത്യോഖ്യ ബന്ധത്തിലാണെന്നു പറയേണ്ടി വന്നു.

ആംഗ്ലേയ ബന്ധം മൂലം ചില പ്രയോജനങ്ങൾ സഭയ്ക്കുണ്ടായി എന്നു പറയാമെങ്കിലും സഭയുടെ ഭദ്രതയ്ക്കും, ഐക്യത്തിനും ഹാനികരമായി വിഭജനങ്ങൾ ഉണ്ടായി മിഷ്യനറിമാരുടെ ഉപദേശങ്ങൾ സ്വീകരിച്ചവർ പൂർവ്വിക രീതികൾ ഉപേക്ഷിച്ച് ആംഗ്ലേയവൽക്കരണം നടപ്പാക്കി. ആദ്യത്തെ നാട്ടുപട്ടക്കാരനാണ് റവ. ജോർജ്ജ് മാത്തൻ. അവർ പ്രബലപ്പെട്ടു ഇന്നു ഒരു സഭയായി വികസിച്ചു.

രണ്ടാമത് ഒരു വിഭാഗം മലങ്കര പാരമ്പര്യം ഉപേക്ഷിക്കാതെ നവീകരണാശയം സ്വീകരിച്ചു. പാലക്കുന്നത്ത് ഏബ്രഹാം മല്പാനച്ചന്റെ നേതൃത്വത്തിൽ അവർ ശക്തിയാർജിച്ചു. പാലക്കുന്നത്തു മാത്യൂസ് ശെമ്മാശനെ പാത്രിയർക്കീസിന്റെ അടുക്കലേക്ക് അയയ്ക്കുകയും പാത്രിയർക്കീസ് ശെമ്മാശനെ മാർ അത്താനാസ്യോസ് എന്ന പേരിൽ ഒരു മെത്രാനായി വാഴിച്ചയയ്ക്കുകയും ചെയ്തു. അതിനു മലങ്കരയുടെ പൊതുസമ്മതമുണ്ടായിരുന്നില്ല. പാത്രിയർക്കീസ് മലങ്കരയ്ക്ക് പട്ടം കൊടുത്ത ആദ്യത്തെ മെത്രാൻ പാലക്കുന്നത്തു തിരുമേനിയാണ്. തിരുമേനിയുടെ നേതൃത്വത്തിൽ നവീകരണാശയം ശക്തിപ്പെട്ടു. പ്രശ്നപരിഹാരത്തിനായി സർവ്വ ചെലവുകളും കൊടുത്ത് പത്രോസ് തൃതീയൻ പാത്രിയർക്കീസു ബാവായെ മലങ്കര വരുത്തി. മലങ്കര സന്ദർശിച്ച ആദ്യത്തെ പാത്രിയർക്കീസും അദ്ദേഹമാണ്.

## മുളന്തുരുത്തി സുന്നഹദോസ്

1876 ജൂൺ മാസത്തിൽ പാത്രിയർക്കീസ് ബാവായുടെ അദ്ധ്യക്ഷതയിൽ മുളന്തുരുത്തി പള്ളിയിൽ വച്ച് നടന്ന പള്ളിപ്രതിപുരുഷയോഗം മലങ്കരസഭയിലെ പ്രധാനപ്പെട്ട ഒരു ചരിത്രസംഭവമാണ് . സമുദായത്തിൽ അതുവരെ നിലനിന്ന ഭിന്നതയായിരുന്നു ആ സഭാസമ്മേളനത്തിനു പ്രേരകമായത്. ആസൂത്രിതമായി ചെയ്ത തീരുമാനങ്ങൾ ഫലത്തിൽ സഭയ്ക്കു ദോഷമായി ഭവിച്ചു.

1) നവീകരണ വിഭാഗത്തെ വ്യവഹാരത്തിൽ തോല്പിച്ച് സഭാസമ്പത്തുകൾ വീണ്ടെടുക്കുവാൻ മെത്രാപ്പോലീത്തായെ സഹായിക്കുന്നതിന് മലങ്കര അസ്സോസിയേഷനേയും കമ്മറ്റിയേയും യോഗം നിശ്ചയിച്ചു.



www.malankaralibrary.com

2) പാത്രിയർക്കീസിന് മലങ്കരസഭമേൽ ആധിപത്യം ലഭിക്കത്തക്ക വണ്ണം ഓരോ ഇടവകയും പാത്രിയർക്കീസിന് ഉടമ്പടി കൊടുക്കണം എന്നും പുതുതായി രസ്സീസാ പിരിവും നടപ്പാക്കണമെന്നും തീരുമാനിച്ചു. പാത്രിയർക്കീസ് ആഗ്രഹിച്ച പ്രകാരം യോഗം നടക്കുകയും, സഭ രണ്ടായി പിരിയുകയും ചെയ്തു.

## മാർത്തോമ്മാ സുറിയാനി സ്വതന്ത്രസഭ

മാത്യൂസ് മാർ അത്താനാസിയോസിനെ അനുകൂലിച്ചവർ മാർത്തോമ്മാ സുറിയാനി സഭ രൂപീകരിച്ചു. മലങ്കര സഭയുടെ പാരമ്പര്യത്തിലധിഷ്ഠിതമായ സഭാ രൂപം അവലംബിച്ചുകൊണ്ട് സുവിശേഷ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന ഉപദേശങ്ങൾ നിലനിർത്തി സഭ അതിന്റെ വ്യക്തിത്വത്തിൽ വികസിച്ചു വളർന്നു – 1889ലെ റോമൻ കോടതിവിധി ഇരുവിഭാഗവും അംഗീകരിച്ചു പ്രവർത്തിച്ചു വരുന്നു.

> വിദേശികളുടെ വഞ്ചന പിതാക്കന്മാർ മനസ്സിലാക്കാഞ്ഞതു മൂലം മലങ്കര സഭയിൽ വിഭജനങ്ങൾ ഉണ്ടായി. പതിനഞ്ചാം നൂറ്റാണ്ടിനു മുമ്പ് മലങ്കരയിൽ കാതോലിക്കോസ്, നിലവിൽ വന്നിരുന്നെങ്കിൽ സഭയിൽ വിഭജനങ്ങൾ ഉണ്ടാകുകയില്ലായിരുന്നു.

# 15 സിറിയൻ ഓർത്തഡോക്സ് സഭയുമായുള്ള സഭാ ബന്ധം

അന്ത്യോഖ്യൻ സുറിയാനി സഭയെക്കുറിച്ച് നാം ചില കാര്യങ്ങൾ മനസ്സിലാക്കിയിരിക്കേണ്ടതാകുന്നു.

## 1) സുറിയാനി സഭ

പലസ്തീൻ നാടിന്റെ വടക്ക് സ്ഥിതിചെയ്യുന്ന സിറിയായിലെ ഒരു നഗരമായ അന്ത്യോഖ്യാ റോമാ സാമ്രാജ്യത്തിന്റെ കിഴക്കൻ പ്രവിശ്യയുടെ തലസ്ഥാനമായിരുന്നു. നടപ്പുകൾ 11ൽ വിവരിക്കുന്ന പ്രകാരം ബർന്നബാസും മറ്റു സുവിശേഷകരും അവിടെ എത്തി ക്രിസ്തുമാർഗ്ഗം സുവിശേഷിച്ചു. സഭ വളരുന്നതിന് അവിടെ അനുകൂലമായ സാഹ



www.malankaralibrary.com

ചര്യമായിരുന്നതിനാൽ പൗലോസിനെ ജാതികളുടെ ഇടയിലെ വേലയ്ക്ക് നിയോഗിച്ചപ്പോൾ പത്രോസും യോഹന്നാനും സിറിയായിലും ചുറ്റുപാടും സഭാപ്രവർത്തനങ്ങൾ നടത്തി. പ്രധാന കേന്ദ്രങ്ങളിൽ ബിഷപ്പന്മാർ നിയമിതരായപ്പോൾ അന്ത്യോഖ്യായും ഒരു ബിഷപ്പിന്റെ ആസ്ഥാനമായി. നിഖ്യാ സുന്നഹദോസിൽ മൂന്നാം സ്ഥാനമുള്ള ഒരു പാത്രിയർക്കാ സ്ഥാനമായി ഉയർത്തി.

നിഖ്യാ സുന്നഹദോസിനു ശേഷം അറിയോസിന്റെ അനുയായികൾക്ക് അന്ത്യോഖ്യായിൽ പ്രാമാണ്യം ലഭിച്ചു. അവർ പാത്രിയർക്കീസായ ഒസ്ത്യാത്യോസിനെ നാടുകടത്തി ഭരണം പിടിച്ചെടുത്തു. എ.ഡി. 380 വരെ അറിയോസുകാർ അന്ത്യോഖ്യാ കയ്യടക്കി ഭരിച്ചു. പിന്നീട് നെസ്തോറിന്റെ അനുയായികളും അന്ത്യോഖ്യയിൽ ശക്തിപ്പെട്ടു. അതിനുശേഷം സുറിയാനിക്കാർക്ക് കുറെ കാലം അല്പം ആശ്വാസം ലഭിച്ചു. എ.ഡി. 451ലെ കൽക്കദൂൻ തീരുമാനങ്ങൾ അംഗീകരിക്കാത്തവർക്ക് സാമ്രാജ്യത്തിൽ സ്ഥാനമില്ലാതെ വന്നതിനാൽ സുറിയാനിക്കാർ അവിടം വിട്ടു താമസിക്കേണ്ടി വന്നു. കൽക്കദൂൻ സ്വീകരിച്ച ഗ്രീക്കുകാരുടെ വിഭാഗം അവിടെ ശക്തിയാർജ്ജിച്ചു. സുറിയാനി സഭയുടെ പാത്രിയർക്കീസന്മാർ പലവിധ പ്രയാസങ്ങൾ സഹിച്ച് പല സ്ഥലങ്ങളിലേക്ക് ആസ്ഥാനം മാറ്റേണ്ടി വന്നു. അന്ത്യോഖ്യായിൽ നിന്നും തെല്ല, തുറബ്ദീൻ, മെലിത്തിനി, ദാറ, കാലിത്തിക്കേസ്, ഓമീദ്, മർദ്ദീൻ, ഹോംസ്, എന്നിവിടങ്ങളിൽ മാറി മാറി ആസ്ഥാനങ്ങൾ ഉണ്ടാക്കി. കുറെക്കാലം മുമ്പ് ദമസ്കോസിൽ പാത്രിയർക്കാ ആസ്ഥാനം മാറ്റി സ്ഥാപിക്കുകയും ചെയ്തു.

എ.ഡി. 636ൽ റോമൻ ഗവൺമെന്റിൽ നിന്നും അറബികൾ ഭരണം പിടിച്ചെടുത്തു. പിന്നെ കുറെക്കാലം സുറിയാനിക്കാർക്ക് ശക്തിപ്പെടുവാൻ സാഹചര്യമുണ്ടായി. 13-ാം നൂറ്റാണ്ടു വരെ സഭ പല വിധത്തിൽ വികസിച്ചു. അതിനുശേഷം അറബികൾ സുറിയാനിക്കാരുടെ മേൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ഇസ്ലാം വിശ്വാസികളല്ലാത്ത സഭാനേതാക്കൾ കാലിഫിൽ നിന്നും സിഗിലിയോൻ അഥവാ ഫർമാൻ വാങ്ങിക്കണമെന്ന് നിബന്ധനയുണ്ടാക്കി. ധനശേഷിയുള്ളവർക്ക് ഈ അധികാരപത്രം വേഗത്തിൽ ലഭിക്കും. കാലാന്തരത്തിൽ കോഴ നൽകി ഫർമാൻ വാങ്ങി അർഹതയില്ലാത്തവരും ഭരണം നടത്തി. ഈ സ്വാധീന ശക്തി കാലിഫിനെ പ്രീതിപ്പെടുത്തി ഒന്നിലധികം പാത്രിയർക്കീസന്മാർ ഭരിച്ച ചരിത്രമുണ്ട്. ഇതുപോലെയുള്ള കാരണങ്ങൾ മൂലം 13-ാം നൂറ്റാ



www.malankaralibrary.com

ണ്ടിനുശേഷം ഒരു രംഗത്തും സുറിയാനിസഭ വികസിച്ചിട്ടില്ല. അന്ത്യോഖ്യാ ഭദ്രാസനത്തിനു പുറത്ത് അവിടത്തെ മെത്രാന് ഒരധികാരവും ലഭിച്ചിട്ടില്ല. പേർഷ്യയിൽ നേരത്തെ കാതോലിക്കോസ് ഉണ്ടായിരുന്നതിനാൽ ആ സഭ എല്ലാ പ്രകാരത്തിലും സ്വയം വികസിച്ചു ശക്തിപ്പെടുകയും ചെയ്തു. അറിയോസിനുശേഷം സുറിയാനിസഭ രണ്ടായി. കൽക്കദൂനിനു ശേഷം വീണ്ടും മൂന്നായി പിളർന്നു. ഇങ്ങനെ സുറിയാനിക്കാർ വിഭജിക്കപ്പെടുകയും, അധഃപതിക്കപ്പെടുകയും സഭയുടെ അംഗസംഖ്യ ക്രമേണ ശോഷിക്കുകയും ചെയ്തു.

അന്ത്യോഖ്യയെക്കുറിച്ച് നമ്മുടെ ആളുകൾക്ക് പല മിഥ്യാധാരണകളുമുണ്ട്. സിറിയായിലും, പിസിദ്യായിലും അന്ത്യോഖ്യാ എന്ന പേരിൽ പട്ടണങ്ങളുണ്ട്. അന്ത്യോഖ്യായിലെ സഭ പലതായി പിരിഞ്ഞതുമൂലം ഓരോന്നിനും പ്രത്യേകം പാത്രിയർക്കീസന്മാർ ഉണ്ടായി. അന്ത്യോഖ്യായ്ക്ക് നമ്മുടെ ആളുകൾ അതിശയോക്തിപരമായും, ഐതിഹ്യപരമായും, വസ്തുനിഷ്ഠമല്ലാത്ത പ്രാധാന്യം കൊടുക്കുന്നത്, ഭൂമിശാസ്ത്രപരമായും, ചരിത്രപരമായും അവർക്കുള്ള അജ്ഞതമൂലമാണ്. അറബിരാജ്യങ്ങളിൽ നിന്നു വരുന്ന വേഷധാരികളെല്ലാം ദിവ്യന്മാരായ ദേവദൂത സാദൃശ്യരാണെന്ന് ആരെങ്കിലും ധരിച്ചാൽ അത് അവരുടെ പാമരത്വംമൂലമാണെന്ന് ധരിക്കണം. സിറിയാ, പാലസ്തീൻ നിവാസികളെ ചിലപ്പോൾ പുതിയ നിയമത്തിൽ ശാസിക്കുന്നത് ആ നാട്ടുകാരെയാണ്, മലങ്കരക്കാരെയല്ല.

17–ാം നൂറ്റാണ്ടിൽ മലങ്കര സഭയ്ക്ക് ബന്ധമുണ്ടായ ന്യൂനപക്ഷമായ സുറിയാനി സഭയ്ക്ക്, വലിയ സമൂഹമായ മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് പ്രദാനം ചെയ്യുവാൻ വേദശാസ്ത്രപരമായോ, അദ്ധ്യാത്മികമായോ പ്രാപ്തിയുണ്ടായിരുന്നില്ല. നസ്രാണികളെ നേരായ മാർഗ്ഗത്തിൽ കൂടി ഐക്യതയിൽ നയിക്കുവാൻ അവർക്ക് കഴിവില്ലാതിരുന്നതുകൊണ്ട് ഭിന്നിപ്പിച്ച് ഭരിക്കുക മാത്രമാണ് ചെയ്തത്. മലങ്കരസഭയുടെ വികസനത്തിനുവേണ്ടി ശീമക്കാർ ഒന്നും ചെയ്തിട്ടില്ല.

അന്ത്യോഖ്യാ സിംഹാസനം സൗകര്യാർത്ഥം



www.malankaralibrary.com

അന്ത്യോഖ്യായിൽ നിന്നും പല സ്ഥലങ്ങളിലേക്കും മാറ്റി സ്ഥാപിക്കുന്നതിന് മറ്റൊരു സഭയുടെ അനുവാദം ആവശ്യമില്ലായിരുന്നു. അതു പോലെ മാർത്തോമ്മായുടെ പൗരസ്ത്യ സിംഹാസനം മലങ്കരയിലേക്ക് സൗകര്യാർത്ഥം മാറ്റി സ്ഥാപിക്കുന്നതിന് മറ്റാരുടേയും അനുവാദം ആവശ്യമില്ല തന്നെ.

## 2 അന്ത്യോഖ്യായുടെ പേരിൽ അറിയപ്പെടുന്ന പാത്രിയർക്കീസന്മാർ

അന്ത്യോഖ്യായുടെ പേരിൽ പല പാത്രിയർക്കീസന്മാരുണ്ട്. അന്ത്യോഖ്യൻ സഭയിൽ വിഭജനങ്ങൾ ഉണ്ടായപ്പോൾ പ്രത്യേക പാത്രിയർക്കീസന്മാരുണ്ടായി. അവരെല്ലാം വി. പത്രോസിന്റെ പിൻഗാമിത്വം അവകാശപ്പെടുകയും, അന്ത്യോഖ്യായിൽ മൂന്നാമത്തെ ബിഷപ്പായിവാണ് എ.ഡി.117 ൽ റോമിൽ വച്ച് സാക്ഷിമരണം പ്രാപിച്ച വി. ഇഗ്നാത്തിയോസിന്റെ നാമധേയം സ്വീകരിക്കുകയും ചെയ്തു. അവർക്കാർക്കും തന്നേ യഥാർത്ഥത്തിൽ അന്ത്യോഖ്യായുമായി ബന്ധമൊന്നുമില്ല, ആസ്ഥാനവുമില്ല. സ്ഥാനമഹിമയ്ക്കു വേണ്ടി അന്ത്യോഖ്യയുടെ നാമം സ്വീകരിക്കുന്നു. മറ്റൊരു സിംഹാസനത്തിനും പലർ അവകാശികളുമല്ല.

1. സിറിയൻ ഓർത്തഡോക്സ് (യാക്കോബായ) പാത്രിയർക്കീസ്.
   ആസ്ഥാനം – ദമാസ്കോസ്. അംഗസംഖ്യ – 2.50 ലക്ഷം.
2. ഗ്രീക്ക് ഓർത്തഡോക്സ് പാത്രിയർക്കീസ്.
   ആസ്ഥാനം – ദമാസ്കോസ്. അംഗസംഖ്യ – 7.50 ലക്ഷം.
3. സിറിയൻ കാത്തലിക് പാത്രിയർക്കീസ്
   ആസ്ഥാനം – ബയിറൂട്ട്. അംഗസംഖ്യ – 1.50 ലക്ഷം.
4. മൽക്കയിറ്റ് കാത്തലിക് പാത്രിയർക്കീസ്
   ആസ്ഥാനം – ദമസ്കോസ്. അംഗസംഖ്യ – 11.50.
5. മോറാനൈറ്റ്സ് കാത്തലിക് പാത്രിയർക്കീസ്
   ആസ്ഥാനം – ബെയിറൂട്ട്. അംഗസംഖ്യ – 32.50
6. അർമ്മേനിയൻ കാത്തലിക് പാത്രിയർക്കീസ്
   ഇപ്പോൾ നിലവിലില്ല.



www.malankaralibrary.com

മലങ്കര സഭ 1665 ന് ശേഷം സഭാ സമ്പർക്കത്തിൽ വന്നത് സിറിയൻ ഓർത്തഡോക്സ് സഭയുമായിട്ടാകുന്നു.

## 3) പാത്രിയർക്കീസന്മാരുടെ പട്ടികയിലെ വൈരുദ്ധ്യങ്ങൾ

1932ൽ മാർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസുബാവ മഞ്ഞനിക്കര വന്നപ്പോൾ നൽകിയ സ്വീകരണത്തിൽ പറഞ്ഞത് ഞാൻ ശരിയായി ഓർക്കുന്നു. ശ്ലീഹന്മാരിൽ തലവനായ മാർ പത്രോസിന്റെ സിംഹാസനത്തിൽ വാഴുന്ന 152-ാമത്തെ പാത്രിയർക്കീസാകുന്നു നാം. കർത്താവിന്റെ വചനമനുസരിച്ച് ഇനിയും ഒരു പാത്രിയർക്കീസു കൂടെ വാഴുകയുള്ളു.

മാർ അപ്രേം പാത്രിയർക്കീസു ബാവ തയ്യാറാക്കിയ ലിസ്റ്റിൽ അദ്ദേഹം 141-ാമത്തെ പാത്രിയർക്കീസാണ് എന്നു കാണുന്നു. (സഭാ ചന്ദ്രിക. പുസ്തകം 2, ലക്കം 3, പേജ് 44.)

മാർ യാക്കോബ് തൃതീയൻ ബാവ പ്രസിദ്ധപ്പെടുത്തിയ ലിസ്റ്റിൽ വേദവിപരീതികളെയും എതിർ പാത്രിയർക്കീസന്മാരെയും തള്ളി സത്യ വിശ്വാസികളെ മാത്രം ഉൾപ്പെടുത്തിപ്പോൾ അദ്ദേഹം 121-ാമത്തെ പാത്രിയർക്കീസാണ്. ഇനിയും ഉണ്ടാകുന്ന ഒരു ലിസ്റ്റിൽ വിരുദ്ധോപദേശം കല്പിച്ച യാക്കോബ് III പാത്രിയർക്കീസിന്റെ പേരും നീക്കി എന്നു വരാം. അദ്ദേഹം മൂലമാണ് സഭയിൽ വീണ്ടും കലഹമുണ്ടായത്.

## 4) പാത്രിയർക്കീസന്മാരുടെ മലങ്കര സന്ദർശനോദ്ദേശ്യങ്ങൾ

1. **മാർ പത്രോസ് III പാത്രിയർക്കീസു ബാവ. എ.ഡി.1875**

മലങ്കര സന്ദർശിക്കുന്ന ആദ്യത്തെ പാത്രിയർക്കീസ് വി. പത്രോസ് തൃതീയനാകുന്നു. അദ്ദേഹം മാത്യൂസ് മാർ അത്താനാസ്യോസിന്റെ പേരിൽ നടപടിയെടുക്കുവാൻ മുളന്തുരുത്തി സുന്നഹദോസ് 1876-ൽ വിളിച്ചുകൂട്ടി സഭയെ രണ്ടായി പിളർത്തി മലങ്കരസഭയെ സുറിയാനി സഭയുടെ ഭാഗമാക്കിത്തീർക്കുവാൻ പരിപാടികൾ ആസൂത്രണം ചെയ്തു. മലങ്കരക്കാർ നിരുത്തരവാദപരമായി ചില അധികാരങ്ങൾ പാത്രിയർക്കീസിനു കാഴ്ചവച്ച് സ്വാകീയത നഷ്ടപ്പെടുത്തി.

2. **മാർ അബ്ദുള്ള പാത്രിയർക്കീസു ബാവ** 1911ൽ വന്ന് മലങ്കര മെത്രാപ്പോലീത്തായുടെ അധികാരാവകാശങ്ങൾ ദുർബലപ്പെടുത്തി മെത്രാപ്പോലീത്തയുടെ മേൽ നടപടി എടുത്ത് അധീശത്വം സ്ഥാപിക്കുവാൻ ശ്രമിച്ചു.



www.malankaralibrary.com

3. **മാർ അബ്ദുൾ മിശിഹാ പാത്രിയർക്കീസു ബാവ** 1912ൽ വന്നത് മലങ്കര സഭയ്ക്ക് സ്വതസിദ്ധമായി അവകാശപ്പെട്ട പൗരസ്ത്യ കാതോലിക്കാ സ്ഥാപനം പൂർണ്ണമാക്കുവാനും, സിറിയൻ സഭയുടെ സഹകരണം നൽകുവാനും ആണ്.

4. **മാർ ഏലിയാസ് തൃതീയൻ പാത്രിയർക്കീസു ബാവ** 1932ൽ സഭയിൽ സമാധാനം സ്ഥാപിക്കുവാൻ എന്ന വ്യാജേന മാർ ദിവന്നാസ്യോസ് തിരുമേനിയുടെ പേരിൽ എടുത്ത നടപടി നീക്കി, രമ്യതയിൽ കാതോലിക്കാ സ്ഥാപനം ദുർബലപ്പെടുത്തുവാൻ ഉദ്ദേശിച്ചാണ് വന്നത്.

5. **മാർ യാക്കോബ് തൃതീയൻ ബാവ 1964**

1958ലെ സുപ്രീം കോടതി വിധിക്കുശേഷം സഭയിൽ സമാധാനമുണ്ടാക്കി കാതോലിക്ക ബാവായെ 1964ൽ വാഴിക്കുന്നതിൽ ശീമയിലെ സഭയുടെ സഹകരണം നൽകുവാനും സഭാ സമാധാനം ഉറപ്പിക്കുവാനും അദ്ദേഹം വന്നു.

6. **മാർ സഖാ പ്രഥമൻ ബാവ** 1982ലും, 2000മാണ്ടും വന്നു. ന്യൂനപക്ഷത്തിന്മേൽ അന്ത്യോഖ്യായുടെ അധീശത്വം ഉറപ്പിക്കുവാനും ശ്രേഷ്ഠ കാതോലിക്കാ കീഴ്സ്ഥാനിയെന്നു ധരിപ്പിക്കുവാനും ശ്രമിച്ചു.

# 16. സുറിയാനി സഭാ ബന്ധം ഗതിവിഗതികൾ

മലങ്കരസഭയ്ക്ക് അന്ത്യോഖ്യൻ സഭയുമായി ബന്ധമുണ്ടാകുന്നത് 1665ന് ശേഷമാണല്ലോ. റോമൻ കത്തോലിക്കരുടെ പ്രചാരണങ്ങളെ അതിജീവിക്കുവാനാണ് മാർ ഗ്രിഗോറിയോസ് മെത്രാനെ മലങ്കര സഭ സ്വീകരിച്ചത്. മലങ്കരസഭയുടെ ആരംഭം മുതലേ ശ്ലൈഹിക പൗരോഹിത്യം തുടരെ ലഭിക്കുകയും, സത്യവിശ്വാസം സംരക്ഷിക്കപ്പെടുകയും ചെയ്തു പോന്നു. ശ്ലൈഹിക പൗരോഹിത്യം നിലനിർത്തണമെന്നും, നേരായ വിശ്വാസം പാലിക്കണമെന്നും മാത്രമേ നമ്മുടെ പിതാക്കന്മാർ അന്ന് ആഗ്രഹിച്ചുള്ളു. സിറിയായിൽ നിന്നും വന്ന പിതാക്കന്മാർ നിലവിൽ നിന്ന പൗരസ്ത്യ(കൽദായ) ആരാധനയ്ക്കു പകരം സുറിയാനി സഭയുടെ ആരാധനാ രീതികൾ അവരുടെ സുറിയാനി ഭാഷയിൽ പ്രചരിപ്പിക്കുകയും, വേഷസംവിധാനങ്ങൾ നടപ്പാക്കുകയും



www.malankaralibrary.com

ചെയ്തതിനാൽ ക്രമേണ മലങ്കര സഭ അന്ത്യോഖ്യൻ രീതികൾ സ്വീകരിച്ചു.

> പൗരോഹിത്യനൽവരം തുടരെ ലഭിക്കുകയും, സത്യവിശ്വാസം അഭംഗുരം പാലിക്കപ്പെടുവാൻ സഹായിക്കുകയും, അവരിൽ നിന്നും ലഭിച്ച മറ്റു നല്ല കാര്യങ്ങൾക്കു വേണ്ടിയും പ്രത്യേകിച്ചും മാർത്തോമ്മായുടെ പൗരസ്ത്യ സിംഹാസനം മലങ്കരയിൽ സ്ഥാപിക്കുവാൻ സഹായിച്ചതിനു വേണ്ടിയും സുറിയാനിസഭയിലെ പിതാക്കന്മാരോടും ജനതയോടും നാം പ്രത്യേകം നന്ദിയുള്ളവരായിരിക്കണം.

അവരുടെ ഇടപെടൽ മൂലം ഭരണപരമായി പല ദോഷങ്ങൾ ഇവിടെ സംഭവിച്ചു എന്നത് യഥാർത്ഥമാണ്. അവ ചുരുക്കി പറയാം.

### 1. ആധിപത്യശ്രമം

100കോടി കത്തോലിക്കരുടെ പരമാദ്ധ്യക്ഷനായ മാർപ്പാപ്പ അധീശത്വം അവകാശപ്പെടുന്നരീതി ഓർത്തഡോക്സ് സഭകൾ സ്വീകരിക്കുന്നില്ല. ഒരു ഓർത്തഡോക്സ് സഭ വേറൊരു ഓർത്തഡോക്സ് സഭയുടെ മേൽ ആധിപത്യം അവകാശപ്പെടരുത് എന്നതാണ് തത്വം. പാത്രിയർക്കീസിന്റെ ആധിപത്യത്തിൻ കീഴിൽ ഒരു സമൂഹത്തെ നിലനിർത്തുവാൻ അസംതൃപ്തരായ വിഭാഗത്തെ കൂട്ടുപിടിച്ച്, തത്വദീക്ഷയില്ലാതെ വൈദികസ്ഥാനങ്ങൾ നൽകുകയും, നിരർത്ഥകമായ സ്ഥാനമാനങ്ങൾ കൊടുത്ത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഭിന്നതകൾ വർദ്ധിപ്പിച്ച് മലങ്കക്കാരെക്കൊണ്ട് ശീമക്കാർക്ക് പള്ളികളും സ്ഥാപനങ്ങളും കെട്ടിപ്പടുക്കുന്നു. സ്നേഹത്തിന്റെയും അനുരഞ്ജനത്തിന്റെയും പാത വെടിഞ്ഞ് അകാരണമായി മുടക്കുകൾ നടത്തുന്നു.

### 2. സ്വകീയതയും, സ്വാതന്ത്ര്യവും ഇല്ലാതെയാക്കി

1653 മുതൽ 1876 വരെ മാർത്തോമ്മായുടെ സിംഹാസനത്തിൽ മാർത്തോമ്മാ മെത്രാന്മാരെ മലങ്കര സഭ വാഴിച്ചിരുന്നു. ആ അവകാശം 1876ൽ പാത്രിയർക്കീസ് കവർന്നെടുക്കുകയും, മാർത്തോമ്മാ പൈതൃകം മാറ്റി, സിറിയൻ പൈതൃകവും, സിറിയൻ നാമങ്ങളും നൽകുകയും ചെയ്തു. പിതാക്കന്മാരെ തെറ്റിദ്ധരിപ്പിച്ചാണ് അധീശകത്വം സ്ഥാപിച്ചെടുത്തത്.



www.malankaralibrary.com

**3. നസ്രാണി ക്രിസ്ത്യാനികളെ ഭിന്നിപ്പിച്ച് വിഭജനങ്ങൾ ഉണ്ടാക്കി**

സുറിയാനിക്കാരുടെ ആധിപത്യം ഉറപ്പാക്കുവാനായി തങ്ങൾക്കനുകൂലമായ സമൂഹത്തെ വളർത്തിയെടുക്കുവാൻ സിറിയൻ മെത്രാന്മാർ പരിശ്രമിച്ചു. അനുരഞ്ജന മാർഗ്ഗമോ സമധാനാന്തരീക്ഷമോ അവരുടെ പ്രവർത്തിപഥത്തിലില്ല. അധികാരഭ്രമത്താൽ ക്രമവിരുദ്ധമായ മുടക്കുണ്ടാക്കി സഭയെ പല വിഭാഗങ്ങളാക്കി. നീതിരഹിതമായ മുടക്കുകൾ മൂലം വാശിയും വൈരാഗ്യമുള്ള കലഹവും കേസുകളും സംജാതമായി.

**4. പിതാക്കന്മാരുടെ അജ്ഞതയെ ചൂഷണം ചെയ്തു**

സഭാചരിത്ര വിജ്ഞാനം കുറവായ നമ്മുടെ പിതാക്കന്മാരെ തെറ്റിദ്ധരിപ്പിച്ച് സിറിയൻ സഭയുടെ അധീശത്വം ഉറപ്പിച്ചു. ചരിത്രവൈജ്ഞാനിക പഠനം ഇല്ലാതെ തങ്ങൾക്കനുകൂലമായ നിലപാടു നിലനിർത്തുവാൻ വസ്തുനിഷ്ഠമല്ലാത്ത ചരിത്ര സംഭവങ്ങൾ സമാഹരിച്ച് സ്വന്തം താല്പര്യപ്രകാരം ചരിത്രസൃഷ്ടി നടത്തി അധികാരം നിലനിർത്തുവാൻ അവർ ശ്രമിച്ചു. സഭാരാഷ്ട്രീയക്കാർ കക്ഷി വഴക്കുകാലത്ത് നിർമ്മിച്ച വികലമായ ചരിത്രം വിശ്വസിച്ച് അന്ത്യോഖ്യൻ ജനതയോട് ദേവതുല്യമായ ഭക്തിയും മറ്റും വളർത്തിയെടുക്കുകയും നമ്മൾ വഞ്ചിക്കപ്പെടുകയും ചെയ്തു.

**5. നിയമ നിഷേധം ആവർത്തിച്ചു**

സഭയുടെ നിശ്ചിതമായ നിയമാവലിയും, കോടതി അംഗീകരിച്ച ഭരണഘടനയും എല്ലാവർക്കും ബാധകമാകുന്നു. വിവേകമില്ലാത്തവർ നിയമം ലംഘിച്ചു കേസുകളും മറ്റുമുണ്ടാക്കി സഭയെ അവഹേളിക്കുന്നു.

**6. വർണ്ണവിവേചനം**

മലങ്കരയിലെ മെത്രാന്മാരേയും ജനങ്ങളേയും ശീമയിലേക്കുള്ളവരോടു തുല്യമായി ഗണിക്കുവാനുള്ള സന്മനസ്സ് സിറിയാക്കാർക്ക് ഇതുവരെ ഉണ്ടായിട്ടില്ല. മേലാളത്ത മനോഭാവത്തിൽ മലങ്കരക്കാരെ രണ്ടാംതരക്കാരായി കരുതുന്നു. കറുത്തവരെന്ന് പുച്ഛിച്ച് വിവേചനം കാട്ടുന്ന പ്രവർത്തനമാണ് ശീമക്കാർക്കുള്ളത്. സിറിയായിലെ മെത്രാൻ സംഘം മാത്രം തീരുമാനിക്കുന്ന കാര്യങ്ങളാണ് മലങ്കരയിൽ നടത്തേണ്ടത്. പാത്രിയർക്കീസിനെ തിരഞ്ഞെടുക്കുന്ന യോഗത്തിൽ പോലും മലങ്കര മെത്രാന്മാർക്ക് വോട്ടവകാശമില്ല. ഈ വിധവിവേചനങ്ങൾ മലങ്കരക്കാർക്കറിവില്ല. ഇത്തരം ഹീനമായ നടപടി മലങ്കര മക്കളുടെ അഭിമാ



www.malankaralibrary.com

നത്തെ ക്ഷതപ്പെടുത്തുന്നു എന്ന വസ്തുത നാം മനസ്സിലാക്കി ബോധ വാന്മാരാകേണ്ടതാകുന്നു.

**7. ക്രിസ്തീയ മൂല്യങ്ങളുടെ തകർച്ച**

ക്രിസ്തീയ മൂല്യങ്ങളുടെ കാവൽഭടന്മാരും സംരക്ഷകരുമാകേണ്ടവർ അധർമ്മത്തിന്റെ വഴിയേ അർത്ഥസമ്പാദനത്തിനായി മൂല്യങ്ങൾ വിസ്മരിച്ചു പോകുന്നത് സഭാനാഥനോടു ചെയ്യുന്ന അപരാധമാകുന്നു. ദേവാലയത്തോടും വി. കൂദാശകളോടും കാട്ടുന്ന അവഹേളനം മൂലം വിശ്വാസസത്യങ്ങൾക്ക് കോട്ടം സംഭവിക്കുകയും, വൈദികരുടെ മഹിമയ്ക്ക് മങ്ങൽ ഏല്ക്കുകയും, സഭാമക്കൾ ചിന്നിച്ചിതറുകയും ചെയ്യുന്നു. ഫലത്തിൽ സഭ ശോഷിക്കുന്നു.

ചുരുക്കത്തിൽ സിറിയൻ സഭാ ബന്ധം മൂലം മലങ്കരസഭയുടെ വ്യക്തിത്വം നഷ്ടപ്പെടുകയും, മാർത്തോമ്മാ പൈതൃകം ഇല്ലാതാകുകയും, ഓർത്തഡോക്സ് സഭകളുടെ പദവിയിലേയ്ക്ക് ഉയരുവാൻ സാധിക്കാതെ പോകുകയും ചെയ്തു. ഈ വിവേചനം ആത്മാഭിമാനമുള്ള സഭാമക്കൾക്ക് വിഷമമുണ്ടാക്കുന്നതാകയാൽ നാം ബോധവാന്മാരായി ആഗോള ഓർത്തഡോക്സ് സഭകളുടെ പദവിയിലേക്ക് മലങ്കര സഭയേയും ഉയർത്തുവാൻ വേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുമാകുന്നു.

## 17. സുറിയാനി സഭയുടെ കാനോനാകൾ

കാനോൻ തിരുസഭയുടെ നിയമസമുച്ചയമാകുന്നു. യെരുശലേമിൽ ശ്ലീഹന്മാർ കൂടി സഭയ്ക്കുവേണ്ടി പല നിശ്ചയങ്ങൾ ചെയ്തിട്ടുള്ളതായി വായിക്കുന്നുണ്ട്. സഭ പല സ്ഥലങ്ങളിലേയ്ക്ക് വ്യാപിച്ചപ്പോൾ പ്രശ്ന പരിഹാരത്തിനായി ഐകകണ്ഠേന ചെയ്ത തീരുമാനങ്ങൾ പലതും പൊതുവിൽ അംഗീകരിച്ചിട്ടുണ്ട്. യെറുശലേം, കാർത്തേജ്, അലക്സാന്ത്രിയ, റോം, സെലൂഷ്യാ, അന്ത്യോഖ്യാ, സർദീസ്, ക്പർതൂത്തോ, എഫേസൂസ് മുതലായ സ്ഥലങ്ങളിൽ സഭാപിതാക്കന്മാർ കൂടി വിശ്വാസനിർണ്ണയം, ഭരണക്രമം മുതലായവ തീരുമാനിച്ചിട്ടുണ്ട്.

**1. നിഖ്യായുടെ കാനോൻ**

റോമാ സാമ്രാജ്യത്തിലെ സഭയിൽ ഉത്ഭവിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ കുസ്തന്തീനോസ് ചക്രവർത്തി എ.ഡി. 325ൽ



www.malankaralibrary.com

വിളിച്ചു കൂട്ടിയ ആദ്യത്തെ ക്രൈസ്തവ മഹാസമ്മേളനമായിരുന്നു നിഖ്യാ സുന്നഹദോസ്.

പേർഷ്യൻ, റോമൻ സാമ്രാജ്യങ്ങൾ തമ്മിൽ ശത്രുതയിലായിരുന്നതിനാൽ പേർഷ്യയിലെ പിതാക്കന്മാരെ ക്ഷണിച്ചതായി രേഖകളില്ല. നിഖ്യായിൽ 20 നിശ്ചയങ്ങൾ പൊതുവിൽ അംഗീകരിച്ചിട്ടുണ്ട്. അതിന്റെ ആറാം നിശ്ചയം ഇപ്രകാരമാണ്: "റോമാ, അലക്സാന്ത്രിയ, അന്ത്യോഖ്യാ എന്നീ പ്രധാന പട്ടണങ്ങളിലെ മേലദ്ധ്യക്ഷന്മാർ പാത്രിയർക്കീസന്മാരായി ഗണിക്കപ്പെടണം, പൗരസ്ത്യ ദേശത്തെ വലിയ മെത്രാന്മാർക്ക് ഇനി മേലാൽ പാത്രിയർക്കീസിനേപ്പോലെ പൗരസ്ത്യ ദേശത്ത് മെത്രാപ്പോലീത്തന്മാരെ വാഴിക്കുവാനുള്ള അധികാരം നൽകപ്പെട്ടിരുന്നു. അദ്ദേഹം കാതോലിക്കാ എന്നു വിളിക്കപ്പെടണം.

## 2. അറബിക് കാനോൻ

നാലാം നൂറ്റാണ്ടു മുതൽ 9-ാം നൂറ്റാണ്ടുവരെ സഭാ പിതാക്കന്മാർ പല സ്ഥലങ്ങളിൽ കൂടി നിശ്ചയിച്ച 85 ഓളം അനുശാസനകൾ ക്രോഡീകരിച്ചതാണ് അറബിക് കാനോൻ. പൗരസ്ത്യ സഭകളുടെ നിയമസമുച്ചയമാണെന്ന് പറയുന്ന ആ നിശ്ചയങ്ങൾ മിക്കതും 9-ാം നൂറ്റാണ്ടിൽ അന്നു നിലവിലുള്ള പാരമ്പര്യങ്ങളെ എടുത്തു പറയുന്നവയാണ്. എന്നാൽ ആ നിയമവിധിയോടു ചേർത്ത് അന്തോഖ്യായുടെ അധീശത്വം ഊന്നിപ്പറയുവാൻ ചില തല്പരകക്ഷികൾ കരുതിക്കൂട്ടി എഴുതിച്ചേർത്ത ഏതാനും കൃത്രിമമായ അനുശാസനകളും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തന്നെയുമല്ല, അറബിക് കാനോനിലെ നിശ്ചയങ്ങൾ നിഖ്യായിൽ വച്ചു നിശ്ചയിച്ചതാണെന്ന് തെറ്റിദ്ധരിപ്പിക്കത്തക്കവണ്ണം അതിൽ സൂചനകൾ ഉണ്ട്. അതും ഒട്ടും ശരിയല്ല. അന്ത്യോഖ്യായുടെ അധീശത്വാവകാശം എ.ഡി. 9-ാം നൂറ്റാണ്ടിനുമുമ്പ് ആരും ഉന്നയിച്ചിട്ടില്ല. അതും ചരിത്രപരമായി വില കല്പിക്കാവുന്നതുമല്ല. അലക്സാന്ത്രിയായും അന്ത്യോഖ്യായും ആധിപത്യം കയ്യടക്കുവാൻ, എത്യോപ്യായിലും, പേർഷ്യയിലും മെത്രാൻ സ്ഥാനം കറുത്ത വർഗ്ഗക്കാർക്കു കൊടുത്തു കൂടാ എന്നു നിശ്ചയം ചെയ്തിട്ടുണ്ട്. മലങ്കരയിൽ മെത്രാന്മാരെ പേർഷ്യൻ മെത്രാന്മാർ നൽകാത്തത് അറബിക് കാനോന്റെ മറ പിടിച്ചു കൊണ്ടാണ്.

## 3. ഹൂദായ കാനോൻ

13-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പണ്ഡിതനായ ബാർ എബ്രായ



www.malankaralibrary.com

പൗരസ്ത്യ കാതോലിക്കയായിരുന്നു. 1286ൽ കാലം ചെയ്ത അദ്ദേഹം 30–ൽ പരം നല്ല ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ആ കാലത്തിനനുയോജ്യമായ നിലയിൽ നിയമങ്ങൾ ക്രോഡീകരിച്ച് 40 അദ്ധ്യയങ്ങളിലാക്കി അദ്ദേഹം വിശദീകരണങ്ങൾ കൊടുത്ത് നിർമ്മിച്ചിട്ടുള്ളതാണ് ഹൂദായ കാനോൻ. നിശ്ചയങ്ങൾ പലതും അറബിക് കാനോനിൽ നിന്നും എടുത്തിട്ടുള്ളതാകയാൽ അവ നിഖ്യായിൽ നിശ്ചയിച്ചിട്ടുള്ളതാണെന്ന അബദ്ധധാരണ ഇതിലും ജനിപ്പിക്കുന്നുണ്ട്. 1952–ൽ പ്രസിദ്ധപ്പെടുത്തിയ മലയാളം പരിഭാഷ ഗ്രന്ഥത്തിന്റെ അവതാരികയിൽ ഹൂദായ കാനോന്റെ 30 അദ്ധ്യായങ്ങൾ ഇക്കാലസ്ഥിതിക്ക് കാര്യമായ പ്രയോജനമില്ലാത്ത ലൗകിക നിയമങ്ങളാകയാൽ അവ ഇതിൽ തർജ്ജിമ ചെയ്തു ചേർത്തിട്ടില്ല എന്നു പറയുന്നുണ്ട്.

ബാർ എബ്രായ രചിച്ച ഹൂദായ കാനോൻ ഗ്രന്ഥം ഒന്നേയുള്ളു. എന്നാൽ മലങ്കരയിൽ ഇന്നു കാനോന്റെ രണ്ടു പാഠാന്തരങ്ങൾ പ്രചാരത്തിലുണ്ട്. ഹൂദായ കാനോൻ, അച്ചടിച്ച ഒരു ഗ്രന്ഥമുണ്ട്. അതു സുലഭമാണ്. ചുരുക്കം ചില കയ്യെഴുത്തു പ്രതികളുമുണ്ട്. പാത്രിയർക്കീസിനു കൂടുതൽ അധികാരം സ്ഥാപിച്ചെഴുതിയ കയ്യെഴുത്തു പ്രതികളുമുണ്ട്. യൗനായ വർഷം 1601ൽ പകർത്തിയെഴുതിയ ഒരു പുരാതന സുറിയാനി കയ്യെഴുത്തു പ്രതി കടവിൽ മാർ അത്താനാസിയോസു തിരുമേനി വശം സൂക്ഷിച്ചിരുന്നത് ഇപ്പോൾ കോനാട്ടു ലൈബ്രറിയിലുണ്ട്. ഈ കയ്യെഴുത്തു പ്രതിയും അച്ചടിച്ച കാനോൻ കോപ്പിയും നമ്മുടെ സഭയിലെ പല കാനോൻ വിദഗ്ധർ പരിശോധിച്ചതിൽ രണ്ടും തമ്മിൽ ഒരു വ്യത്യാസവുമില്ല എന്ന് സാക്ഷിച്ചിട്ടുണ്ട്. കേസിൽ കാതോലിക്ക പക്ഷം ഹാജരാക്കിയത് അച്ചടിച്ച കാനോനാണ്. അതു A അക്കമായി സ്വീകരിച്ചു. പാത്രിയർക്കീസ് പക്ഷം ഹാജരാക്കിയ കയ്യെഴുത്തു പ്രതി 18 അക്കമായി സ്വീകരിച്ചു. അച്ചടിച്ച എ അക്കം പാരീസ് കാനോനാണ് ബാർ എബ്രായയുടെ മൂലഗ്രന്ഥവുമായി യോജിച്ചത് എന്ന് ഏവരും സമ്മതിച്ചിട്ടുണ്ട്. കോടതികളും അതാണ് അംഗീകരിച്ചത്.

> ഈ കാനോനകൾ സിറിയൻ ജനതക്ക് ഇന്ന് ആവശ്യമില്ലാത്തതിനാൽ മലങ്കര സഭയിലെ വഴക്ക് പൊറുക്കാവ്യാധിയാക്കുവാൻ മലങ്കരക്കാർ സ്വീകരിച്ചിരിക്കുകയാണ്. ഇവയിലൊന്നിലും മലങ്കര സഭയെക്കുറിച്ച് പരാമർശങ്ങളില്ല. അവയുടെ രചയിതാക്കൾക്ക് മലങ്കര സഭയേക്കു



www.malankaralibrary.com

റിച്ച് അറിവില്ല എന്നു തോന്നുന്നു. 12-ാം നൂറ്റാണ്ടിൽ ജീവിച്ച് ബൃഹത്തായ ചരിത്രഗ്രന്ഥങ്ങൾ എഴുതിയ മഹാനായ മീഖായേൽ റാബോ പാത്രിയർക്കീസും മലങ്കര സഭയേക്കുറിച്ച് ഒന്നും രേഖപ്പെടുത്തിയിട്ടില്ല. പൂർവ്വകാലം മുതൽ അന്ത്യോഖ്യൻ സുറിയാനിക്കാർ അറിയാതെ ഒരു സഭ മലങ്കരയിൽ വികസിച്ചുകൊണ്ടിരുന്നു എന്ന് ഇതിൽ നിന്നും മനസ്സിലാക്കാവുന്നതാകുന്നു.

**ഹൂദായ കാനോനിലെ ചില വ്യവസ്ഥകൾ**

കല്ക്കീദൂനാ-ഹൂദായ വിശ്വാസത്തിൽ ഭിന്നതയില്ലാതിരിക്കെ അധികാരഭ്രമം മൂലം ഒരു സിംഹാസനത്തിൽ രണ്ടു പാത്രിയർക്കീസന്മാർ വാഴിക്കപ്പെടുവാൻ ഇടയായാൽ ആദ്യത്തെ ആൾ (സീനിയർ) ഭരണം നടത്തുകയും രണ്ടാമൻ പ്രവർത്തനരഹിതനായിരിക്കയും വേണം.

**ക്പർതൂത്തോ (എ.ഡി.869)**

പാത്രിയർക്കീസിനും കാതോലിക്കായ്ക്കും(മഫ്രിയാനാ) മാത്രം മൂറോൻ കൂദാശ നടത്തുവാൻ അധികാരമുള്ളു.

ക്ഷണിക്കപ്പെടുമ്പോളല്ലാതെ തെഗ്രീസിലെ ഇടവകകളിൽ ഭരണ രീത്യാ അന്ത്യോഖ്യാ പാത്രിയർക്കീസ് പ്രവേശിച്ചു കൂടാ. കാതോലിക്കായും ക്ഷണിക്കപ്പെടാതെ പാത്രിയർക്കീസിന്റെ ഇടവകകളിൽ പ്രവേശിക്കരുത്.

കാതോലിക്കാ ജീവിച്ചിരിക്കെ അദ്ദേഹത്തിന്റെ സമ്മതം കൂടാതെ പാത്രിയർക്കീസിനെ വാഴിക്കരുത്.

അറബിക് കാനോനിൽ അന്ത്യോഖ്യായുടെ അധികാരാതിർത്തി നിർണ്ണയിച്ചിട്ടുണ്ട്. തെഗ്രീസിലെ മഫ്രിയനായ്ക്ക് കിഴക്കിന്റെ കാതോലിക്കാ എന്ന ബഹുമതിയുമുണ്ടായിരുന്നു. തെഗ്രീസിലെ മഹാ ഇടവകയിൽ കാതോലിക്കായ്ക്ക് പരിപൂർണ്ണ ഉൾഭരണ സ്വാതന്ത്ര്യമുണ്ടായിരുന്നു എന്ന നിലപാട് ബാർ ഏബ്രായാ അവലംബിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ക്പർതൂത്തോ, മലങ്കരയ്ക്ക് ബാധകമാണോ എന്ന ചോദ്യം ഉദിക്കുന്നില്ല.



www.malankaralibrary.com

# 18 സിംഹാസനങ്ങൾ

**കാതോലിക്കോസും പാത്രിയർക്കീസും സഭാ ചരിത്രത്തിൽ**
– റവ. ഡോ. ഫാ. വി. സി. സാമൂവേൽ

സിംഹാസനങ്ങളെക്കുറിച്ച് ചില കാര്യങ്ങൾ നാം മനസ്സിലാക്കിയിരിക്കണം. എ.ഡി. 400ൽ ക്രൈസ്തവ സഭയിൽ സർവ്വപ്രധാനമായി നാലു ക്രൈസ്തവ കേന്ദ്രങ്ങൾ ഉണ്ടായിരുന്നു. ആ കേന്ദ്രങ്ങളാണ് പില്ക്കാലത്ത് നാലു സിംഹാസനങ്ങളായി പറയുന്നത്. അവ 1) റോം, 2) കുസ്തന്തീനോപോലീസ്, 3) അലക്സാന്ത്രിയ, 4)അന്ത്യോഖ്യാ. അന്ത്യോഖ്യായ്ക്ക് എ.ഡി.400 ൽ നാലാം സ്ഥാനം മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ എ.ഡി. 325ൽ അന്ത്യോഖ്യായ്ക്ക് മൂന്നാം സ്ഥാനമുണ്ടായിരുന്നു. എ.ഡി. 330ൽ കുസ്തന്റീനോ ചക്രവർത്തി ബൈസന്തിയ എന്ന പട്ടണം പണിത് തന്റെ തലസ്ഥാന നഗരമായി പ്രഖ്യാപിക്കുകയും അതിന് കുസ്തന്തീനോപോലീസ് എന്നു പേരിട്ടു തന്റെ നാമം നിലനിർത്തുകയും ചെയ്തു. അക്കാലത്തെങ്ങും അത് ഒരു മെത്രാസനമായിരുന്നില്ല. അവിടെ ബിഷപ്പും ഉണ്ടായിരുന്നില്ല. എന്നാൽ 381 ലെ കുസ്തന്തീനോപോലീസ് സുന്നഹദോസിൽ റോം കഴിഞ്ഞുള്ള സ്ഥാനം കുസ്തന്തീനോപോലീസിനുണ്ടായിരിക്കണമെന്ന് അവർ അവകാശപ്പെട്ടു. ഇതിൽ നിന്നും നാം മനസ്സിലക്കുന്നത് ചക്രവർത്തിയുടെ സ്വാധീനം കൊണ്ട് അതിന് രണ്ടാം റോം (ന്യൂ റോം) എന്ന പ്രാധാന്യമുണ്ടായി എന്നാണ്.

ഇതു ശരിയായി വിലയിരുത്തുന്ന പക്ഷം ഇന്നുള്ള വാദവുമായി ബന്ധപ്പെടുത്താവുന്നതാകുന്നു. ഇന്നു പാത്രിയർക്കീസ് കക്ഷി പറയുന്നത് പാത്രോസിനു മാത്രമെ സിംഹാസനമുള്ളൂ, മറ്റാർക്കും സിംഹാസനം ഉണ്ടാകുവാൻ പാടില്ല എന്നാണ്. ഇവിടെ നാം കണ്ടത് അന്ത്യോഖ്യായേക്കാൾ ഉയർന്ന സ്ഥാനം കുസ്തന്റീനോപോലീസിനുണ്ട്. നാലാം നൂറ്റാണ്ടിൽ ഉണ്ടായ ആ പട്ടണത്തിൽ പത്രോസുമില്ലാ അപ്പസ്തോലനുമില്ല. അലക്സാന്ത്രിയായ്ക്കും അന്ത്യോഖ്യായേക്കാൾ ഉയർന്ന സ്ഥാനം നേരത്തേ ലഭിച്ചു. അതിന്റെ സ്ഥാപകൻ അപ്പോസ്തോലനല്ല. അതിന്റെ സ്ഥാപകൻ മർക്കോസാണ്. മർക്കോസ് ഒരു ഇവാഞ്ചലിസ്റ്റ് ആയിരുന്നു, അതായത് ഒരു ശെമ്മാശന്റെ സ്ഥാനം



www.malankaralibrary.com

മാത്രം. അതുകൊണ്ട് മർക്കോസ് ഒരു ശെമ്മാശനാണെന്ന പേരിൽ അന്ത്യോഖ്യായുടെ മുകളിലുള്ള ഒരു സിംഹാസനം നൽകുവാൻ ക്രൈസ്തവസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. പത്രോസിനു മാത്രമേ സിംഹാസനമുണ്ടാകു എന്ന് വാദത്തെ ഈ വസ്തുത പൂർണ്ണമായി ഖണ്ഡിക്കുന്നതാകുന്നു.

അന്ത്യോഖ്യായേക്കുറിച്ച് പ്രത്യേകമായി പറഞ്ഞാൽ നിഖ്യാ സുന്നഹദോസിനു ശേഷം ഒരു കാലത്തും അന്ത്യോഖ്യാ ഒരുമിച്ചു നിന്നിട്ടില്ല. സുന്നഹദോസ് കാലത്ത് അന്ത്യോഖ്യാ പാത്രിയർക്കീസ് മാർ ഒസ്താത്ത്യോസായിരുന്നു. 327ൽ അറിയോസുകാർ ഒരു സുന്നഹദോസുകൂടി അദ്ദേഹത്തെ മുടക്കുകയും നാടുകടത്തുകയും ചെയ്തു. അതിനു ശേഷം അന്ത്യോഖ്യാ അറിയോസുകാരുടെ കയ്യിലായിരുന്നു. അറിയോസുകാരല്ലാത്ത നിഖ്യാ വിശ്വാസികൾക്ക് നഗരത്തിൽ പള്ളികൾ ഉണ്ടായിരുന്നില്ല. അവർ നഗരത്തിന് വെളിയിൽ പള്ളികൾ സ്ഥാപി ച്ച് ജീവിച്ചിരുന്നു. അറിയോസുകാരല്ലാത്തവരും രണ്ടു കക്ഷികളായിരുന്നു. അതിൽ ഒരു കക്ഷി മാത്രമേ 431ലെ എഫേസൂസ് സുന്നഹദോസിനെ സ്വീകരിച്ചുള്ളു. 451ലെ കൽക്കദൂൻ സൂന്നഹദോസിനൂശേഷം അന്ത്യോഖ്യായിൽ മൂന്നു കക്ഷികൾ ഉണ്ടായി. സുന്നഹദോസിനെ സ്വീകരിച്ചവരും, സ്വീകരിക്കാത്തവരും കൂടാതെ എഫേസൂസ് സൂന്നഹദോസിനേയും കൽക്കദൂൻ സുന്നഹദോസിനേയും സ്വീകരിക്കാത്തവരുമായി മൂന്നു കക്ഷികൾ ഉണ്ടായി. 536 ന് ശേഷം കൽക്കദൂൻ സ്വീകരിക്കാത്തവർക്ക് അന്ത്യോഖ്യായിൽ യാതൊരു സ്ഥാനവും ലഭിച്ചില്ല. അന്നു മുതൽ കൽക്കദൂൻ സ്വീകരിച്ച പാത്രിയർക്കീസന്മാർ അവിടെ തുടർച്ചയായി ഭരിച്ചിരുന്നു. മറ്റുള്ളവർ വടക്കേ സിറിയായിൽ പലയിടത്ത് പള്ളികളും ആശ്രമങ്ങളും സ്ഥാപിച്ച് അവരുടെ പാത്രിയർക്കീസന്മാർ നിലനിന്നിരുന്നു, അവരുടെ പാത്രിയർക്കീസന്മാരുമായിട്ടാണ് നമ്മുടെ സഭയ്ക്ക് ബന്ധമുണ്ടായത്. നമ്മുടെ സഭയുമായി ബന്ധമുള്ള പാത്രിയർക്കീസിന് അന്ത്യോഖ്യായുമായി ബന്ധവും അവിടെ പ്രവേശനവും ഉണ്ടായിരുന്നില്ല. വാസ്തവത്തിൽ അന്ത്യോഖ്യായായുടെ പേരിൽ 5 പാത്രിയർക്കീസന്മാരെങ്കിലുമുണ്ട്. കൽക്കദൂൻ തീരുമാനങ്ങൾ സ്വീകരിച്ച് ഗ്രീക്ക് സഭയുമായി ബന്ധമുള്ള പാത്രിയർക്കീസ് തുടർച്ചയായി വാഴുന്നുണ്ട്. സിറിയൻ പാത്രിയർക്കീസ് വടക്കൻ സിറിയായിൽ അനവധി സ്ഥലങ്ങളിൽ മാറി മാറി താമസിച്ച് ഇപ്പോൾ ദമാസ്കോസിൽ വാഴുന്നു. അന്ത്യോഖ്യായിലെ സഭ



www.malankaralibrary.com

പൊതുവെ ക്ഷീണിച്ച് ശോഷിച്ചിട്ട് ഇന്നു പേരിനു മാത്രം നിലനില്ക്കുന്നു. വാസ്തവത്തിൽ നമ്മുടെ പാത്രിയർക്കീസിന് അന്ത്യോഖ്യായുടെ മഹിമയും പ്രാധാന്യവുമെല്ലാം അവകാശപ്പെടുന്നതിൽ വലിയ അർത്ഥമൊന്നുമില്ല. കാരണം അദ്ദേഹം അന്ത്യോഖ്യായിലെ ക്രിസ്ത്യനികളുടെ വളരെ വളരെ ഒരു ന്യൂനപക്ഷത്തിന്റെ മാത്രം നേതാവാണ്. പുരാതനത്വം അവകാശപ്പെടാൻ അദ്ദേഹത്തേപ്പോലെ മറ്റു പാത്രിയർക്കീസന്മാർ അവിടെയുണ്ട്. അതുകൊണ്ട് നമ്മുടെ ആളുകൾ പറയുന്നത് വസ്തുതകൾക്ക് നിരക്കാത്തതാകുന്നു.

**ഇപ്പോഴുണ്ടായ ഒരു പുതിയ വാദം**

1958 ൽ നമ്മുടെ സഭയിൽ സമാധാനമുണ്ടായശേഷം അടുത്തകാലത്ത് പാത്രിയർക്കീസ് കാതോലിക്കയേയും മറ്റും ഒരു സുന്നഹദോസുകൂടി മുടക്കി എന്നുള്ളതാണ്. ആ സംഗതിയേക്കുറിച്ച് ചില കാര്യങ്ങൾ പറയാം. ഒന്നാമത് പ്രസ്തുത സുന്നഹദോസിൽ മലങ്കരയുള്ള ഒരു മെത്രാനും വോട്ടവകാശം കൊടുത്തില്ല. രണ്ടാമത് 1958 ൽ സഭ യോജിച്ചപ്പോൾ പാത്രിയർക്കീസ് എന്നും കാതോലിക്കോസ് എന്നും രണ്ടു സ്ഥാനികൾ സഭയിലുണ്ടായിരുന്നു. അവ രണ്ടും അംഗീകരിച്ചാണ് രമ്യമായത്. ഈ കാതോലിക്കോസ് എന്ന സ്ഥാനം സഭയുടെ ചരിത്രത്തിൽ ഒരിക്കലും പാത്രിയർക്കീസിനു കീഴിലുള്ള ഒരു സ്ഥാനമല്ല. പാത്രിയർക്കീസിനോടു സമത്വമുള്ള ഒരു സ്ഥാനമാണ്. സുറിയാനി സഭയുടെ ചരിത്രത്തിൽ തന്നെയും നിശ്ചിതമായ ഒരു നിയമവും പാരമ്പര്യവുമുണ്ട്. പാത്രിയർക്കീസ് ആവശ്യപ്പെടാതെ പാത്രിയർക്കീസിന്റെ ഇടവകയിൽ കാതോലിക്കാ പ്രവേശിച്ചുകൂടാ. അതുപോലെ കാതോലിക്കാ ക്ഷണിക്കാതെ കാതോലിക്കയുടെ ഇടവകയിൽ പാത്രിയർക്കീസ് പ്രവേശിച്ചുകൂടാ. ഈ അടിസ്ഥാനത്തിൽ നിൽക്കുന്ന ഒരു നിലപാടിലാണ് 1958ൽ രണ്ടു പേരും തമ്മിൽ രമ്യമുണ്ടായത്. ഈ കാനോൻനിയമത്തെ ലംഘിച്ച് പാത്രിയർക്കീസ് ഇവിടെ മേല്പട്ട സ്ഥാനം കൊടുക്കുകയും മറ്റുമാണ് ചെയ്തത്. ഇത് ഒരു പ്രകാരത്തിലും സാധൂകരിക്കാവുന്നതല്ല. നീതികരിക്കാവുന്നതുമല്ല. ഒരു മുടക്കുണ്ടെങ്കിൽ മുടക്കിനർഹൻ കാതോലിക്കോസല്ല. വാസ്തവത്തിൽ മുടക്കിനർഹൻ പാത്രിയർക്കീസും കൂടെയുള്ളവരുമാണ്. അതുകൊണ്ട് മുടക്ക് എന്നൊരു വസ്തുതയുണ്ടെങ്കിൽ അതു കാതോലിക്കോസിന്റെ പേരിൽ ആരോപിക്കുവാൻ യാതോരു ന്യായവുമില്ലാതാകുന്നു.



www.malankaralibrary.com

തെറ്റിദ്ധാരണ

ഓർത്തഡോക്സ് സഭകൾ കത്തോലിക്കാ സഭയുടെ പാരമ്പര്യം വച്ചു പുലർത്തുന്നു എന്ന് ചിലർ തെറ്റിദ്ധരിക്കുന്നു. രണ്ടു സഭകളും തമ്മിൽ തത്വത്തിൽ വളരെ പ്രധാനമായ ഒരു വ്യത്യാസമുണ്ട്. മാർപ്പാപ്പായുടെ കീഴിൽ സകല സഭകളും കീഴ്പ്പെട്ടിരിക്കുന്നുവെന്ന് കത്തോലിക്കാ സഭ വിശ്വസിക്കുന്നു. അങ്ങനെ ഒരു തത്വം പൗരസ്ത്യ സഭകൾ ഒരു കാലത്തും വിശ്വസിക്കുന്നില്ല. തന്നെയുമല്ല പൗരസ്ത്യസഭകൾക്കാകമാനമായിട്ടു ഒരു ദൃശ്യതലവൻ വേണമെന്നു വിശ്വസിക്കുന്നില്ല. എല്ലാ ബിഷപ്പുന്മാരും തത്വത്തിൽ പട്ടത്വം സംബന്ധിച്ച് സമത്വനിലയുള്ളവരാണ്. ഈ ബിഷപ്പന്മാരുടെ സംഘമാണ് സഭയുടെ ആത്യന്തികമായ തീരുമാനങ്ങൾ എടുക്കുന്നത്. കത്തോലിക്കാസഭയുടെ ഏകതലവനാണെന്നവാദം പൗരസ്ത്യ സഭകൾ സ്വീകരിക്കുന്നില്ല. അങ്ങനെ വിശ്വസിക്കാത്ത സഭകളാണ് അന്ത്യോഖ്യൻ സഭയും നമ്മുടെ മലങ്കര സഭയും. ഈ തത്ത്വം അന്ത്യോഖ്യൻ സഭയ്ക്ക് മലങ്കരമേൽ അധീശത്വം അവകാശപ്പെടാൻ ന്യായമില്ലെന്നുള്ള വസ്തുത വ്യക്തമാക്കുന്നു. പൗരസ്ത്യസഭകളെല്ലാം ഓരോ ദേശീയ പശ്ചാത്തലത്തിൽ സ്വന്തം ഭാഷയും സംസ്ക്കാരവും നിലനിർത്തി രൂപപ്പെടുത്തി വികസിച്ചതാണ്. സിറിയൻ സഭ അവരുടേതായ ഭാഷയിലും സംസ്ക്കാരത്തിലും വികസിച്ചതാണ്. പേർഷ്യൻസഭയും അങ്ങനെ വികസിച്ചുവന്നു. ഗ്രീക്കു സഭയും കോപ്റ്റിക്ക് സഭയും അങ്ങനെ തന്നെ വളർന്നു വന്നതാണ്. എത്യോപ്യൻ സഭയും അവരുടെ ഭാഷാ സംസ്ക്കാരത്തിൽ വികസിച്ചതാണ്. ഇതുപോലെയുള്ള ഒരു വികസനം മലങ്കരസഭയ്ക്കുണ്ടായിട്ടില്ല എന്നുള്ളത് ഖേദകരമായ ഒരു സംഗതിയാകുന്നു. അതുകൊണ്ട് ഇനി മേലാൽ വാസ്തവത്തിൽ നമ്മുടെ സഭയ്ക്കുണ്ടാകേണ്ടത് സുറിയാനി സഭയിൽ നിന്നും മറ്റു സഭകളിൽ നിന്നും നമുക്ക് ലഭിച്ച വിലയുള്ള കാര്യങ്ങൾ നിലനിർത്തിക്കൊണ്ടും, ആരാധനയിലുംസഭാഗാനങ്ങളിലും നല്ലത് നമ്മുടെ സഭയുടെ വളർച്ചക്ക് അനുയോജ്യമായവ ഉൾക്കൊള്ളിച്ച് ഒരു ദേശീയ സഭയായി വളർത്തി മൂല്യങ്ങൾ രൂപപ്പെടുത്തേണ്ടതാകുന്നു. അങ്ങിനെ വന്നെങ്കിലേ ഓർത്തഡോക്സ് സഭകൾക്കുള്ള സ്വഭാവ വിശേഷം അതിന്റെ പൂർണ്ണതയിൽ നമ്മുടെ സഭയ്ക്കുണ്ടാവുകയുള്ളു. അങ്ങനെ പ്രവർത്തിക്കുവാനുള്ള ഒരു സാഹചര്യമാണ് പാത്രിയർക്കീസിന്റെ പ്രവർത്തനങ്ങളിൽ നിന്നുമുണ്ടായത് എന്നു മനസ്സിലാക്കേണ്ടതാകുന്നു. നാം സുറിയാനിമയമായി ജീവിച്ചത് നമ്മുടെ ബലഹീനത കൊണ്ടാണെന്ന് മറ്റുള്ളവർ ധരിക്കും. മറ്റു സഭകൾക്കുണ്ടായ വളർച്ചയും വികസനവും നമ്മുടെ സഭയ്ക്കും ഉണ്ടാകു



www.malankaralibrary.com

വാൻ നാം സർവ്വപ്രധാനമായി ശ്രമിക്കണ്ടതാകുന്നു. സ്വാതന്ത്ര്യമാണ് ഇന്നത്തെ തലമുറ ആഗ്രഹിക്കുന്നതും ആഗ്രഹിക്കേണ്ടതും - നമ്മുടെ സഭയും മറ്റു സഭകൾക്കൊപ്പം വികസിച്ച് വളർന്ന് ദൈവരാജ്യ പ്രവർത്തനം നടത്തുവാൻ സഭയ്ക്കുള്ള ചുമതല നാം നിർവ്വഹിക്കേണ്ടതാകുന്നു. (1981ൽ ടേപ്പിൽ റെക്കാർഡ് ചെയ്ത പ്രഭാഷണം).

## 19. The Orthodox Syrian Church of Malankara

- *It's Religion and Philosophy (1973)* (V. Rev. Kadavil Paul Ramban - Late. Dr. Mar Athanasious)

1. The St. Thomas Christians in Malankara were using Dravidian Liturgies for a century before there were Persian influence in the Church. By A.D.505 they lost the Dravidian Liturgies and started the Persian Syrian Liturgies.

2. The Orthodox Syrian Church of Kerala is by no means an offshoot or a branch of the Syrian Orthodox Church of Antioch -(p.XIV)

3. The Orthodox Syrian Church is an autonomous Church and the supreme head of the Church is the Catholicos of the East. The final authority of the Church vests in the Holy Synod headed by the Catholicos of the East. The present Catholicos is H.H. Augen-I of Kerala.

4. That the Kerala Church had no connection with the Antioch till the middle of the 17th Century. (p.XV.)

പേർഷ്യൻ സഭാ ബന്ധം വരുന്നതിനു മുമ്പ് മാർത്തോമ്മാ ക്രിസ്ത്യാനികൾ ദ്രാവിഡ ഭാഷാ ആരാധനകൾ അനുഷ്ഠിച്ചിരുന്നു. എ.ഡി. 505-ാമാണ്ടോടുകൂടി പേർഷ്യൻ പ്രേരണയാൽ അവക്കു പകരം പേർഷ്യൻ സുറിയാനി (കൽദായ) ആരാധനകൾ നടപ്പിൽ വന്നു.

മലങ്കര സുറിയാനി സഭ, സിറിയൻ അന്ത്യോഖ്യൻ സഭയുടെ പുത്രീ സഭയോ, ഭാഗമോ അല്ല.



www.malankaralibrary.com

മലങ്കര ഓർത്തഡോക്സ് സഭ സ്വയംശീർഷകമുളള സഭയാകുന്നു. സഭയുടെ പരമാദ്ധ്യക്ഷൻ കിഴക്കിന്റെ കാതോലിക്കയാകുന്നു. കാതോലിക്കാ അദ്ധ്യക്ഷനായുള്ള പരിശുദ്ധ സുന്നഹദോസിനാകുന്നു പരമാധികാരം. ഇപ്പോഴത്തെ കാതോലിക്കാ പരിശുദ്ധ ഔഗേൻ പ്രഥമനാകുന്നു. പതിനേഴാം നൂറ്റാണ്ടിന്റെ പകുതിക്കുമുമ്പ് കേരളസഭയ്ക്ക് അന്ത്യോഖ്യൻ സഭയുമായി ഒരു ബന്ധമുണ്ടായിരുന്നില്ല.

## 20. സുറിയാനി ക്രിസ്ത്യാനികളും സുറിയാനി ഭാഷയും

ഉദയംപേരൂർ സുന്നഹദോസിനു ശേഷം കത്തോലിക്കർ ലത്തീൻ ആരാധനാരീതികൾ പരക്കെ പ്രചരിപ്പിച്ചു. മാർത്തോമ്മാ ക്രിസ്ത്യാനികൾ സുറിയാനിസഭയുമായി ബന്ധപ്പെടുകയും ക്രമേണ സുറിയാനി ആരാധനാ രീതികൾ സ്വീകരിക്കുകയും ചെയ്തു. ഇരുവിഭാഗങ്ങളെ തിരിച്ചറിയുന്നതിന് പൊതുവെ മാർത്തോമ്മാ സുറിയാനി ക്രിസ്ത്യനികൾ എന്ന പേരിൽ അറിയപ്പെട്ടു. ഒന്നായി നിന്ന മാർത്തോമ്മാ സുറിയാനി ക്രിസ്ത്യാനികൾ കാലാന്തരത്തിൽ പല വിഭാഗങ്ങളായെങ്കിലും, എല്ലാവരും സുറിയാനി രീതികൾ സുറിയാനിയിലോ കവനം ചെയ്ത് മലയാളത്തിലോ ആരാധനയ്ക്ക് ഉപയോഗിച്ചു വരുന്നു. മലങ്കരയിൽ സുറിയാനി താദാത്മ്യം പ്രാപിച്ചതിനാൽ സിറിയായിലുള്ളതിനേക്കാൾ കൂടുതൽ സുറിയാനി പഠന കേന്ദ്രങ്ങളും ഗ്രന്ഥസമുച്ചങ്ങളും, സുറിയാനി ഭാഷാ പണ്ഡിതന്മാരും ഇന്ന് മലങ്കരയിലുണ്ട്. സുറിയാനിയിലെ ശ്രുതിമധുരമായ ഗാനങ്ങൾ അഷ്ട വ്യത്യസ്ഥരാഗങ്ങളിൽ സന്ദർഭാനുസരണം , സന്തോഷത്തിലും സന്താപത്തിലും നീട്ടിയും കുറുക്കിയും ഇമ്പകരമായിആലപിച്ചാൽ സ്തുതിപാടകരായ ആത്മീയവൃന്ദങ്ങളുടെ സ്തുതിഗാനങ്ങളേപ്പോലെ ആത്മീയതയുടെ അവാച്യമായ സ്വർഗ്ഗീയാനുഭൂതിയിൽ നമ്മെ ആനന്ദിപ്പിക്കുവാൻ കഴിയുന്നതാകുന്നു. സുറിയാനി സംഗീതം ഹൃദ്യമാകുന്നു. സംഗീതം ദൈവികമാകുന്നു. അതു കൊണ്ട് സുറിയാനി, ആരാധനയ്ക്ക് എന്നും ഉപയോഗിക്കുന്നു.

സുറിയാനി ഒരു സെമറ്റിക് ഭാഷയാകുന്നു. നോഹിന്റെ പുത്രനായ ശേമിന്റെ അഞ്ചാമത്തെ മകനായ ആരാമിന്റെ സന്താനപരമ്പരകൾ സംസാരിച്ചിരുന്ന ഭാഷയായിരുന്നതിനാൽ അതിനെ ആരാമ്യ ഭാഷ



www.malankaralibrary.com

യെന്നു പറയുന്നു. കർത്താവിന്റെ കാലത്തെ സംസാരഭാഷ അതു തന്നേ. അതുകൊണ്ട് അതിന് മോറാനായ എന്നു പേരുണ്ടായി. ഗ്രീക്കു വംശജരും, സിറിയാക്കാരും പേർഷ്യയിലും (ഇറാക്ക്) മെസപ്പൊട്ടേമ്യ യിലും (ഇറാൻ) പല കാരണങ്ങളാൽ കുടിയേറിയിട്ടുണ്ട്. അവരുടെ ഭാഷ ഗ്രീക്കുഭാഷയുമായി കലർന്ന് രൂപഭേദം പ്രാപിച്ച് പൗരസ്ത്യ സുറി യാനി (കൽദായ) ഭാഷയായി വികസിച്ചു. പേർഷ്യൻ നെസ്തോറി യൻ സഭ കൽദായ ഭാഷ ആരാധനയ്ക്ക് ഉപയോഗിക്കുന്നു. പടിഞ്ഞാ റൻ സിറിയായിലുള്ളവർ അവരുടെ ഭാഷ അറബിയുമായി യോജിപ്പിച്ച് വികസിപ്പിച്ച് പാശ്ചാത്യ സുറിയാനി (മോറാനായ) ഭാഷ പ്രയോഗത്തിൽ വരുത്തുകയും സുറിയാനി സഭ അതു ആരാധനാ ഭാഷയായി ഉപയോ ഗിക്കുകയും ചെയ്യുന്നു. മലങ്കരയിൽ പേർഷ്യൻ സഭാ ബന്ധകാലത്ത് കൽദായ സുറിയാനി സുപരിചിതമായതിനാൽ സുറിയാനി സഭാ ബന്ധ ത്തിൽ പാശ്ചാത്യ സുറിയാനി ഉപയോഗിക്കുവാൻ എളുപ്പമായിരുന്നു. പുരാതന "ഏസ്ത്രം ഗേല" ലിപികൾ കാല ദേശഭേദമനുസരിച്ച് രൂപ പ്പെടുത്തി സുറിയാനി ലിപികൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഗ്രീക്ക്, ഹീബ്രു, അറബി, എന്നീ ഭാഷകളോടു സാദൃശ്യമുള്ള സിറിയക്ക് ലിപി കൾ ഇടത്തോട്ടാണെഴുതുന്നത്. ഈ ഭാഷകൾ ഇന്നു സംസാരഭാഷ യായി പ്രയോഗിക്കുന്നില്ലെങ്കിലും ക്രിസ്തീയ ആരാധനകളിൽ ദേവഭാഷയായി പ്രശോഭിക്കുന്നു.

## 21. മലങ്കരയിൽ വിഭജനങ്ങൾ ഉണ്ടായ കാരണങ്ങൾ

മലങ്കര നസ്രാണികൾ 15 നൂറ്റാണ്ടുകാലം എല്ലാ രംഗങ്ങളിലും ഒന്നായി നിലനിന്നിരുന്നു. വിദേശീയ സഭകളുടെ ആഗമനവും പ്രവർത്തനവും മൂലം സഭയിൽ വിഭജനങ്ങളുണ്ടായി. ഉദയംപേരൂർ യോഗം, മാവേലിക്കര പടിയോല, മുളന്തുരുത്തി യോഗം, കോട്ടയം യോഗം എന്നിവ മൂലം റോമൻ, സിറിയൻ, ഓർത്തഡോക്സ്, മലങ്കര റീത്ത് എന്നീ വിഭാഗങ്ങൾ രൂപപ്പെട്ടു.

മറ്റ് ഓർത്തഡോക്സ് സഭകളിലെങ്ങും അനുഭവപ്പെടാത്ത ഈ സ്ഥിതി വിശേഷം മലങ്കരയിൽ ഉണ്ടായ പശ്ചാത്തലം എന്ത്? യഥാർത്ഥ ചരിത്രജ്ഞാനമില്ലാത്ത പിതാക്കന്മാർ കേട്ടുകേൾവി ചരിത്രം, ആധിപത്യശ്രമ ചരിത്രം, കേസുവാദ ചരിത്രം എന്നിവ വിശ്വസിച്ചു.



www.malankaralibrary.com

വിദേശികളുടെ വഞ്ചനാപരമായ പ്രവർത്തനം മനസ്സിലാക്കുവാൻ കഴിയാതെ അവരിൽ വിശ്വസിക്കേണ്ടിവന്നു. സഭാശാസ്ത്രജ്ഞാനവും, ഭരണക്രമവും നമുക്ക് കുറവായിരുന്നു എന്നീ കാരണങ്ങൾ ചൂണ്ടിക്കാണിക്കാവുന്നതാകുന്നു.

ഒരേ വിശ്വാസം കാത്തു സൂക്ഷിക്കുന്ന മലങ്കര സഭ 1958ൽ യോജിക്കുകയും, 1964ൽ സമാധാനം സഫലീകൃതമാക്കുകയും ചെയ്തശേഷം അടുത്ത കാലങ്ങളിലായി വീണ്ടും പോരാട്ടങ്ങൾ നടത്തുന്നതിന്റെ യാഥാർത്ഥ്യം സത്യാന്വേഷികൾക്ക് പ്രയാസം ഉണ്ടാക്കുന്നതാകുന്നു. പാത്രിയർക്കീസു പക്ഷത്തിന് യഥാർത്ഥത്തിൽ വ്യവസ്ഥാപിതമായ ഒരു നിലപാടുമില്ല. ഉണ്ടാകുവാനും പ്രയാസമാണ്. സഭാ പിതാക്കന്മാർ ഏകമായി ഉണ്ടാക്കിയ കാനോൻ നിയമങ്ങൾ ലംഘിക്കുവാനും മടിയില്ല. 1958 വരെ വാദിച്ച സംഗതികൾ ഒരടിസ്ഥാനവുമില്ലാത്തതും അർത്ഥശൂന്യവുമാണെന്ന് സുപ്രീം കോടതി വിധിച്ചിട്ടും, വീണ്ടും അടിസ്ഥാനരഹിതമായതും വേദവിപരീതവുമായ ആരോപണങ്ങൾ ഉന്നയിച്ചു സഭയിൽ കലഹങ്ങൾ വർദ്ധിപ്പിക്കുവാൻ ചിലർ മടിക്കുന്നില്ല. 1990ലും, 1995ലും സുപ്രീം കോടതി നീതിരഹിതമായ വാദങ്ങൾ വീണ്ടും തള്ളിയിട്ടും ചിലർ പിന്നെയും സഭാന്തരീക്ഷം കലുഷിതമാക്കുകയാണ്.

ആത്മീയ പരിവർത്തനരഹിത സഭാരാഷ്ട്രീയക്കാർ ഭിന്നത വളർത്തി കാര്യസാദ്ധ്യത്തിന് ശ്രമിക്കുന്നത് അപലപനീയമാണ്. നസ്രാണികളുടെ പാരമ്പര്യ സംസ്ക്കാരവും ക്രിസ്തീയ മൂല്യങ്ങളും നിലനിർത്തി ആത്മീയജീവിതം ശക്തിപ്പെടുത്തുകയും, അറിവിന്റെ ലോകത്തെ രൂപപ്പെടുത്തുകയും ചെയ്യേണ്ടവർ കലഹപ്രിയരായി തീരുന്നതെന്തിനാണ്? സഭാ മക്കളെ സ്വർഗ്ഗത്തിലേയ്ക്ക് നയിക്കേണ്ട ആത്മീയ ശില്പികൾ ആത്മഹത്യാപരമായ പ്രവർത്തനങ്ങളാൽ സഭയെ മലിനീമസമാക്കുന്നതെന്തിനാണ്? ക്രൈസ്തവ ലോകത്തു മാതൃക കാട്ടേണ്ട അദ്ധ്യക്ഷന്മാർ സ്വാർത്ഥ ലക്ഷ്യങ്ങൾക്കു വേണ്ടി നീതിപീഠത്തെ നിസ്സാരമാക്കി മലങ്കരസഭയെ ദ്രോഹിക്കുന്നതെന്തിനാണ്? ക്രിസ്തുമത സിദ്ധാന്തങ്ങൾക്ക് വിരുദ്ധവും, രക്ഷയുടെ മഹത്വമറിഞ്ഞ സമൂഹത്തിന് അപമാനവും, ഭാരതജനതയുടെ ഇടയിൽ അവജ്ഞയുമുണ്ടാക്കുന്ന ഇത്തരം പ്രവർത്തനങ്ങളുടെ ദോഷവശങ്ങൾ മനസ്സിലാക്കിയിട്ടും ഈ ദുഷ്പ്രവർത്തനങ്ങളിൽ നിന്നും പിന്മാറാത്തതെന്താണ്?



www.malankaralibrary.com

യേശുക്രിസ്തുവിന്റെ രക്ഷണ്യപ്രവർത്തനങ്ങൾക്കായി ചിലവിടേണ്ടതും, നല്ല കാര്യങ്ങൾക്കായി സഭാ ജനങ്ങളിൽ നിന്നും സമാഹരിക്കുന്നതുമായ ഭണ്ഡാരത്തിലെ ധനം ദുർവിനിയോഗം ചെയ്യുന്നത് നീതികരിക്കാമോ? സഭയിലെ വിരുദ്ധതകൾ മൂലം ദൈവമക്കളിൽ ആത്മീയാനുഭവം കുറയുകയും, വാശിയും വൈരാഗ്യവും വർദ്ധിക്കുകയും ചെയ്യുന്നഫലം നേതാക്കൾ മനസ്സിലാക്കുന്നുണ്ടോ? ഈ വക കാര്യങ്ങൾ പാപമാണെന്നും ആയതിന്റെ ശമ്പളം ഭിന്നതയുടെ കാരണക്കാരായ നേതാക്കൾക്കു ലഭിക്കും എന്നു മനസ്സിലാക്കുന്നുണ്ടോ?

## 22. മലങ്കര സഭയിൽ ഭിന്നിപ്പ് – അരശതാബ്ദം

ഓരോ കാലങ്ങളിൽ വന്ന സിറിയൻ മെത്രാന്മാർ, മലങ്കരസഭമേൽ ആധിപത്യം ഉണ്ടാകുവാൻ പരോക്ഷമായി ശ്രമിക്കുന്നുണ്ടായിരുന്നു. പത്രോസ് III ബാവായുടെ ആ ആഗ്രഹവും കുറെ സാധിച്ചെടുത്തു. അബ്ദുള്ള പാത്രിയർക്കീസുബാവായും ആ ദുർമ്മോഹത്തോടു കൂടിയാണ് 1911ൽ വന്നത്. ലൗകികാധികാരം കൂടി സ്ഥാപിച്ചെടുക്കുവാൻ അദ്ദേഹം മെത്രാന്മാരിൽ സമ്മർദ്ദം ചെലുത്തി. ധിഷണശാലിയായ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനി അതിനു വഴങ്ങിയില്ല. തന്മൂലം സഭ രണ്ടു വിഭാഗമായി. 1912ൽ അന്ത്യോഖ്യായുടെ സീനിയർ പാത്രിയർക്കീസായ മാർ അബ്ദുൾ മിശിഹാ ബാവ മലങ്കരയിൽ എഴുന്നെള്ളി മലങ്കരയ്ക്കർഹമായ കാതോലിക്കാ സ്ഥാപനം നിലവിൽ വരുത്തി. കാതോലിക്കാ സ്ഥാപനം ലോകത്തിലുള്ള ഇതരസഭകളും അംഗീകരിച്ചു. മലങ്കരയിൽ രണ്ടു കക്ഷികൾ ഉണ്ടായി കേസുകളും വർദ്ധിച്ചു. 1958ൽ സമുദായക്കേസ് സുപ്രീം കോടതിയിൽ തീർപ്പായി. സഭാഭാസുരൻ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ദീർഘവീക്ഷണവും ധീരവുമായ നേതൃത്വവും മൂലം ലഭിച്ച കാതോലിക്കാ സ്ഥാപനവും സഭയുടെ ഭരണഘടനയും കോടതി അംഗീകരിച്ചു. പാത്രിയർക്കീസിനെ കൂടാതെ കാതോലിക്കായെ വാഴിക്കാമെന്നും അനുവദിച്ചു.

## 23. മലങ്കര സഭയിൽ സമാധാനം–ഒരു വ്യാഴവട്ടക്കാലം

പാത്രിയർക്കീസ് പക്ഷത്തിന്റെ വാദങ്ങൾ കോടതി അംഗീകരിക്കാത്തതു കൊണ്ടും മറ്റും സഭയിൽ യോജിപ്പുണ്ടാക്കേണ്ട സാഹചര്യം



www.malankaralibrary.com

ഉണ്ടായി. 1958 ഡിസംബർ 16ന് കോട്ടയം പഴയ സിമ്മനാരിയിൽ വച്ച് മാർ യൂലീയോസ് തിരുമേനി മുഖാന്തിരം പാത്രിയർക്കീസ് ബാവയും, മലങ്കരയുടെ മാർ ബസ്സേലിയോസ് കാതോലിക്കാബാവ തിരുമേനിയും, സഭയിലെ എല്ലാ മേല്പട്ടക്കാരുടേയും ബഹുസഹസ്രം വൈദികരും. ജനങ്ങളും ചേർന്ന സംഘത്തിന്റെയും സാന്നിദ്ധ്യത്തിൽ പരസ്പരം സ്വീകരണ കല്പനകൾ കൈമാറി. സഭ സന്തോഷിച്ചു. 1964ൽ സിറിയൻ സഭയും മലങ്കര സഭയും ചേർന്ന് മലങ്കര തിരഞ്ഞെടുത്ത ഔഗേൻ മാർ തിമോത്തിയോസ് തിരുമേനിയെ കാതോലിക്കയായി, രണ്ടു സഭകളിലേയും മെത്രാന്മാരുടെയും മലങ്കരയിലെ ബഹുഭൂരിപക്ഷം വൈദികരുടേയും സഭാമക്കളുടേയും സാന്നിദ്ധ്യത്തിൽ മാർത്തോമ്മാ സിംഹാസനത്തിൽ അവരോധിച്ചു. ആയതിന് പ. യാക്കോബ് III പാത്രിയർക്കീസു ബാവായുടെ സാന്നിദ്ധ്യമുണ്ടായിരുന്നു. യോജിച്ച സഭയിൽ സമാധാനവും ഐശ്വര്യവും, പുരോഗതിയും കുറെ നാൾ നിലനിന്നു. പ. പാത്രിയർക്കീസ് ബാവായ്ക്ക് കൂടുതൽ ബഹുമതിയും, മലങ്കര സഭയ്ക്ക് പൂർവ്വാധികം ഉന്നതിയും സമാധാനവും, ശ്രേയസ്സും വർദ്ധിക്കുകയും ചെയ്തു.

## 24. പാത്രിയർക്കീസിന്റെ അധികാര ദുർവിനിയോഗം

പാത്രിയർക്കീസിനും കാതോലിക്കായ്ക്കും തുല്യ അധികാരങ്ങൾ ഉണ്ടെന്നും, ഒരാൾ അപരന്റെ ഇടവകയിൽ ക്ഷണിക്കപ്പെടാതെ ഭരണരീത്യാ പ്രവേശിപ്പിക്കരുതെന്നും സഭാ പിതാക്കന്മാർ കാനോനിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനനുസരണമായി കോടതി അംഗീകരിച്ച ഭരണഘടനയും മലങ്കരയിലുണ്ട്. 1970ൽ ഇതു വരെ കേട്ടിട്ടില്ലാത്ത വിധം ശ്ലീഹായെ അപഹസിക്കുകയും, നിയമവിരുദ്ധമായി മെത്രാന്മാരെ വാഴിച്ച് പാത്രിയർക്കീസ് മലങ്കരയിൽ അയയ്ക്കുകയും ചെയ്തു. തന്മൂലം മലങ്കരസഭ രണ്ടു ചേരിയിലായി വീണ്ടും കേസും ഛിദ്രവും നടത്തി ധനം ദുർവ്യയം ചെയ്യുന്നതിനിടയായി. 1990ലും 95ലും സുപ്രീം കോടതിവിധി കാതോലിക്കേറ്റിനനുകൂലമായി ഉണ്ടായി. വിധിയെ മാനിക്കാതെ കക്ഷിവഴക്കുകൾ തുടരുകയാണ് ചെയ്യുന്നത്. മലങ്കരസഭ എന്തായിത്തീരണമെന്ന് ചിന്തയില്ലാത്ത ഒരു സമൂഹം കലഹപ്രിയരായി തുടരുന്നു. 1958ന് ശേഷം മലങ്കര സഭയെ വിലമതിക്കുന്ന വലിയൊരു സമൂഹം കാതോലിക്കേറ്റിനോടു ചേർന്ന് പ്രവർത്തിക്കുന്നു. പൂർണ്ണ



www.malankaralibrary.com

മായി യോജിച്ച സഭയിൽ ഏകകണ്ഠമായി വാഴിച്ച കാതോലിക്കായുടെ മേൽ നടപടിയെടുത്തത് നീതിരഹിതവും ബുദ്ധിശൂന്യവുമാകുന്നു.

ആകമാന സുറിയാനി സഭാ സുന്നഹദോസ് എന്നു കേട്ടാൽ തോന്നുന്നത് ആഗോള സുറിയാനി സഭയിലെ ബിഷപ്പന്മാരും സഭാ പിതാക്കന്മാരും ചേർന്നു തീരുമാനിക്കുന്നു എന്നാണ്. സുന്നഹദോസ് ആദ്യമായി കൂടിയത് 1971ൽ ഡമാസ്കസിലാണ്. മലങ്കരയിലെ ഭരണ കാര്യങ്ങൾ തീരുമാനിക്കുവാൻ സിറിയയിലെ മെത്രാന്മാർ കൂടിയ യോഗ മാണത്. അതിൽ സിറിയാക്കാരല്ലാത്ത മെത്രാന്മാർക്ക് അഭിപ്രായം പറയുവാനും വോട്ടു ചെയ്യുവാനും അവകാശമില്ല. സിറിയാക്കാരുടെ ഇംഗിതം പോലെ മലങ്കരയിലെ കാര്യങ്ങൾ നടക്കണം. അതുപോലെ ഒരു യോഗം 1981ൽ രണ്ടാമതും കൂടി. പാത്രിയർക്കീസാണ് സുന്നഹ ദോസ് പ്രസിഡന്റ്. മലങ്കരയിൽ മെത്രാന്മാർ കൂടി തീരുമാനിച്ചാൽ അതു അംഗീകാരയോഗ്യമല്ല. മലങ്കരക്കാരെ അധഃസ്ഥിതരായി കണ ക്കാക്കുന്ന ഇത്തരം യോഗങ്ങളിൽ ആത്മാഭിമാനമുള്ളവരാരും സംബ ന്ധിക്കുകയില്ല. അതിനെ ഒരു സുന്നഹദോസായി കരുതാമോ? സുപ്രീം കോടതി ഇതിനെക്കുറിച്ച് പറയുന്നത് വിചിത്രതരമായ സുന്നഹദോസ് – ആകെ കൗതുകാത്മജനകമാണ്. തീരുമാനങ്ങൾ സ്വഭാവനീതിയുടെ തത്വങ്ങളുടെ ലംഘനമാണ്. ഒരു സഭയുടെ മേലദ്ധ്യക്ഷന് മറ്റൊരു സഭമേൽ നടപടിയെടുക്കുവാൻ കാനോനിൽ വ്യവസ്ഥയില്ല.

## 25. കോടതി വിധികളിലെ പ്രസക്തഭാഗങ്ങൾ

Findings of the Supreme court - 1958

By the establishment of the Catholicos in Malankara in 1912, the power of Ordination of the Metropolitans, the Consecration of the Mooran, and the Allocation of the Edavaka was taken away and vested in the Catholicos.

Highcourt 1990. Revival of the Catholicos by Patriarch Abdul Missiah in 1912 is valid (page 43).

1912ലെ കാതോലിക്കാ സ്ഥാപനം സാധുതയുള്ളതാകുന്നു. ഇനിയും കാതോലിക്കേറ്റിന്റെ സാധുതയെ ചോദ്യം ചെയ്യുന്നത് തീർച്ച യായും നിഷ്ഫലമാകുന്നു.



www.malankaralibrary.com

No Patriarch can Ordain Metrapolitans, a person not accepted by the Malankara Association (page 45).

മലങ്കര അസ്സോസിയേഷനാൽ തെരഞ്ഞെടുക്കപ്പെടാത്തവർക്ക് മെത്രാൻ സ്ഥാനം കൊടുക്കുവാൻ ഒരു പാത്രിയർക്കീസിനും അധികാരമില്ല.

The patriarch has no active spiritual supremacy over the Malankara Church (page 49).

മലങ്കരയുടെ മേൽ പാത്രിയർക്കീസിനു യാതൊരുവിധ ആത്മീയാധികാരവുമില്ല.

The 1934 constitution is valid binding on the Association and the community as a whole (Page 56).

1934 ലെ ഭരണഘടന സാധുവും, മലങ്കര അസ്സോസിയേഷനേയും, സമുദായത്തേയും, മെത്രാസനങ്ങളുടെ ഇടവക പള്ളികളെയും ഇടവകക്കാരെയും ബന്ധിക്കുന്നതുമാണ്.

The Patriarch group accepted the constitution and its amendments of 1951, 1967. Hence binding. The Patriarch group accepted the authority of the Catholicos during 1958 - 1970. Unity in action from 1958 - 1970 (page 127).

1958–1970 വരെ കാതോലിക്കയുടെ അധികാരവും ഭരണഘടനയും എല്ലാവർക്കും ബാധകമാണെന്ന് പാത്രിയർക്കീസുപക്ഷം അംഗീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാകുന്നു. പിന്നീട് അതിൽ നിന്നും പിന്മാറുവാൻ എങ്ങനെ സാധിക്കും.

Supreme Court 1995; The Patriarch has no temporal powers over the Catholicos. The constitution framed in 1934 is valid - (page 162).

ഭരണഘടന പാസ്സാക്കിയ മലങ്കര അസ്സോസ്സിയേഷനുവേണ്ടി 1934ൽ അയച്ച നോട്ടീസ് കല്പനയിൽ വി. മാർത്തോമ്മാശ്ലീഹായുടെ കിഴക്കിന്റെ സിംഹാസനം എന്നു പറഞ്ഞിട്ടുള്ളതാണ്. പാത്രിയർക്കീസിനെ His Holiness എന്നു പറയുന്നതുപോലെ കാതോലിക്കോസിനേയും അപ്രകാരം പറയാവുന്നതാകുന്നു. എ.ഡി. 325ൽ കൂടിയ നിഖ്യാസുന്നഹദോസ് അതിന് മുമ്പ് 231 ൽ യെറുശലേം സുന്നഹദോസിൽ വച്ച് പൗരസ്ത്യസഭയെ കാതോലിക്കേറ്റായി ഉയർത്തിയത് അംഗീകരിച്ചിട്ടുള്ളതാകുന്നു.



www.malankaralibrary.com

There is no power in the Hudaya Canon to excommunicate Catholicos (page 163).

പാത്രിയർക്കീസ് പക്ഷം ഹാജരാക്കിയ കാനോൻ പകർപ്പിൽ പോലും പാത്രിയർക്കീസിനു കാതോലിക്കായെ മുടക്കുവാൻ അധികാരം കൊടുത്തിട്ടില്ല.

Catholicos is the spiritual superior of the Kananaya Community (page 127).

ക്നാനായ സമൂഹത്തിന്റെ ആത്മീയതലവൻ കാതോലിക്കയാകുന്നു

## 26. കാതോലിക്കേറ്റിന്റെ ഭാവി കർത്തവ്യങ്ങൾ

അവകാശപരമായും, വിശ്വാസപരമായും, ചരിത്രപരമായും മലങ്കരസഭയ്ക്കർഹമായ കാതോലിക്കേറ്റും, മലങ്കരസഭയുടെ ഭരണഘടനയും, ഇൻഡ്യയുടെ പരമോന്നത നീതിന്യായപീഠം അംഗീകരിച്ചു. അസ്സോസ്സിയേഷൻ തിരഞ്ഞെടുക്കുന്ന കാതോലിക്കായെ, പാത്രിയർക്കീസിനെ കൂടാതെ ഇവിടെ വാഴിക്കാമെന്നും അനുവദിച്ചു. കാതോലിക്കാ സ്ഥാപനം മലങ്കര സഭയ്ക്ക് ജീവനും, ശക്തിയും, വികസനവും നൽകുന്ന നാഴികക്കല്ലും ശക്തികേന്ദ്രവുമാകുന്നു. അതിനാൽ കാതോലിക്കേറ്റിന്റെ കർത്തവ്യങ്ങൾ കാര്യക്ഷമമായി നിറവേറ്റണം.

1. **സഭാ ജീവിതം** – സഭാമക്കൾ യേശു ക്രിസ്തുവുമായുള്ള ബന്ധത്തിൽ ജീവിത പരിവർത്തനമുണ്ടായി സ്നേഹത്തിലും സാഹോദര്യത്തിലും വളർന്ന് സഭയുടെ ഉത്തമ സന്താനങ്ങളായിത്തീരണം.
2. **സഭയുടെ വ്യക്തിത്വവും സ്വാതന്ത്ര്യവും** – വിദേശഭ്രമത്താൽ വന്നുപോയ അപകർഷതാബോധം മാറ്റി സഭയുടെ വ്യക്തിത്വം വീണ്ടെടുക്കണം. അതതു കാലങ്ങളിൽ നിലനിന്ന ജീവിത സാഹചര്യങ്ങളും, ബുദ്ധിപരവും സാംസ്ക്കാരികവുമായ നിലവാരങ്ങളും അർത്ഥപൂർവ്വം മനസ്സിലാക്കി പൗരസ്ത്യസഭകളുടെ സ്വഭാവവിശേഷങ്ങളും രീതികളും വളർത്തിയെടുത്ത് സജീവമായി സഭ മുന്നേറണം.
3. **ചരിത്രപരം** – വിദേശാധിപത്യത്തിനു മുമ്പ് മാർത്തോമ്മാ നസ്രാണികൾക്ക് ഒരു യഥാർത്ഥ ചരിത്രവും പാരമ്പര്യവുമുണ്ടായിരുന്നു.



www.malankaralibrary.com

യഥാർത്ഥ സഭാ ചരിത്രം സഭാ ജനങ്ങൾ പഠിക്കുവാൻ പദ്ധതി ആവിഷ്ക്കരിക്കണം. മലങ്കരയുടെ ചരിത്രത്തിൽ അഭിമാനമുള്ളവരായി വരുംതലമുറ തീരുവാൻ ചരിത്രസത്യങ്ങൾ പഠിച്ച് പ്രബുദ്ധരാകണം.

4. **നിയമങ്ങൾ** – ശിക്ഷണബോധം സമൂഹത്തെ ഉന്നതിയിലേക്ക് നയിക്കും. അനുസരണയോഗ്യമായ നിയമങ്ങൾ ജനങ്ങൾക്ക് നന്മ വരുത്തും എന്ന ബോധം സഭയിലുണ്ടാകണം. ഒരു പ്രദേശത്തെ ആവശ്യത്തിനുണ്ടാക്കിയ നിയമങ്ങൾ അതേപടി പകർത്തുന്നതു അഭിലഷണീയമല്ല. വിവിധ സഭകളിലെ നിയമങ്ങൾ തമ്മിൽ പൊരുത്തപ്പെടണം. സ്നേഹത്തിലധിഷ്ഠിതവും നന്മ പ്രദാനം ചെയ്യുന്നതുമായ നിയമങ്ങൾ സ്വാഗതാർഹമാണ്. വളരെ ചിന്തിച്ച് നിയമനിർമ്മാണം നടത്തണം.

5. **ആരാധന** – പൗരസ്ത്യ സഭാ ആരാധനയ്ക്ക് അനവധി സവിശേഷതകളുണ്ട്. യേശുക്രിസ്തുവിൽ കൂടി പാപമോചനം പ്രാപിച്ച്, ദൈവകൃപയും, സമാധാനവും അനുഭവിച്ച് നിത്യരക്ഷ പ്രാപിക്കുവാൻ നാം ദൈവത്തെ ആരാധിക്കുന്നു. സമർപ്പണം, സ്തുതി, പുകഴ്ച, നന്ദി, വന്ദനം, ദൈവകൃപയിൽ കരുതുവാൻ എന്നിവയ്ക്ക് നാം അപേക്ഷകൾ സമർപ്പിക്കുന്നു. ദൈവിക കൂട്ടായ്മയിൽ പൂർണ്ണമാക്കുന്ന ആരാധന പ്രത്യാശ നൽകുന്നു.

ആരാധന വൈദികർ മാത്രമായി നടത്തേണ്ട ഒന്നല്ല. സമൂഹമായി ആരാധന നടത്തുവാൻ വേണ്ട പരിശീലനം ഉണ്ടാകണം. ദയറാക്കാരുടെ ജീവിതരീതിയുമായി ബന്ധപ്പെടുത്തിയ രീതികൾ കുടുംബസ്ഥർക്ക് പറ്റിയതല്ല. കുടുംബപ്രാർത്ഥനകളിൽ കുടുംബജീവിത്തിന്റെ മാഹാത്മ്യവും കർത്തവ്യവും ഗ്രഹിക്കത്തക്ക പ്രാർത്ഥനകൾ ചേർക്കാം. പ്രാർത്ഥനാഗാനങ്ങൾ ധാരാളമായി ഉണ്ടാകണം. ഭക്തിജന്യം, കാവ്യഭംഗി, ഇമ്പമായ രാഗം, ലളിത്യം, ഇവയ്ക്ക് ഗാനങ്ങളിൽ പ്രാധാന്യം നൽകണം. ആരാധന ബാഹ്യമായ ഭംഗിയിൽ മാത്രം പ്രകടമാകാതെ ആന്തരിക ആത്മീയാനുഭൂതിയിൽ ലയിക്കുന്നതായിരിക്കണം.

6. **സാമൂഹിക സേവനം** – സഭയുടെ കർത്തവ്യം ഭക്താദരപൂർവ്വം സത്യാരാധന നടത്തുകയും, ദൈവസ്വഭാവത്തിന്റെയും, സ്നേഹത്തിന്റെയും പ്രതിഫലനം മനുഷ്യസ്നേഹത്തിന്റെ സേവന പ്രവർത്തനങ്ങളിൽക്കൂടി പൂർത്തീകരിക്കുകയുമാണ്. ജാതിമത വർഗ്ഗ ചിന്തകൾക്കതീതമായി മനുഷ്യന് ആശ്വാസം നൽകുവാനും മതസൗ



www.malankaralibrary.com

ഹാർദ്ദം കാത്തു സൂക്ഷിക്കുവാനും നമുക്ക് കടപ്പാടുണ്ട്. പ്രാർത്ഥനയുടെ സ്വർഗ്ഗീയാനന്ദം എല്ലാവരും അനുഭവിക്കണം. പരിശീലനം ലഭിച്ച സഭാപ്രവർത്തകർ ധാരാളമായി ഉണ്ടാകണം. നന്മയുടെ സഭയായി വളരണം.

7. **നല്ല ബന്ധം** – ക്രിസ്തീയ സഭയിലുണ്ടായ എല്ലാ വിഭാഗങ്ങളും നിലനില്പിനു വേണ്ടി ശ്രമിക്കുന്നു. കലഹിച്ചു മുരടിക്കുന്ന അവസ്ഥയിൽ നിന്നും സഭയെ രക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാകുന്നു. ന്യൂനപക്ഷങ്ങൾക്കും, സുവിശേഷപ്രവർത്തനങ്ങൾക്കും ഭീഷണി ഏറിവരുന്ന സാഹചര്യത്തിൽ സഭകൾ തമ്മിൽ കൂട്ടായ ധാരണയും സഹകരണവും അനുപേക്ഷണീയമാകുന്നു. മറ്റുള്ളവരുടെ നന്മകൾ പഠിച്ച് ഇതരർ പ്രവൃത്തിപഥത്തിൽ കൊണ്ടുവരണം. യോജിക്കാവുന്ന മണ്ഡലങ്ങളിൽ സഭകൾ യോജിച്ചു പ്രവർത്തിക്കണം. ഭാരതത്തിലെ ഇതര മതസ്ഥരുമായി സ്നേഹബന്ധവും സഹകരണവുമുണ്ടാകണം. ഇവയെല്ലാം സഭയുടെ നന്മയ്ക്കും വളർച്ചയ്ക്കും ഉപേക്ഷിച്ചു കൂടാൻ പാടില്ലാത്ത കർത്തവ്യമാകുന്നു.

8. **നിലവിലുള്ള അബദ്ധങ്ങൾ തിരുത്തുക** – വിദേശ സഭാബന്ധം മൂലവും പിതാക്കന്മാരുടെ ജ്ഞാനക്കുറവുകൊണ്ടും വന്നുപോയ അബദ്ധങ്ങൾ തിരുത്തേണ്ടതാകുന്നു. തല്ക്കാല വിജയത്തിനു വേണ്ടി ചെയ്തത് ദോഷം ചിന്തിച്ചു കൊണ്ടല്ല. ഭാവിയിൽ അങ്ങനെ സംഭവിക്കാതെയിരിപ്പാൻ ബുദ്ധിയോടെ പ്രവർത്തിക്കണം. മലങ്കരയ്ക്കാവശ്യമില്ലാത്ത ചരിത്രങ്ങളും, പ്രാർത്ഥനാഭാഗങ്ങളും, തിരുത്തേണ്ടതാകുന്നു. മലങ്കരയുടെ ശ്രേയസ്സിനുതകുന്നവ ചേർക്കേണ്ടതാകുന്നു. സഭ സമാഹരിക്കുന്ന ധനം വിശ്വസ്തതയോടും നീതിയോടും ചെലവിടണം.

സത്യത്തെ മാനിക്കാതെയും നീതി പീഠത്തെ ആദരിക്കാതെയും ദൈവത്തെ ഭയമില്ലാതെയും വിരുദ്ധതകൾ ഉണ്ടാക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കണം. സഭയുടെ ഐക്യം കാത്തു സൂക്ഷിക്കുവാൻ ശ്രമിക്കണം, കതോലിക്കേറ്റിന് ഇതുപോലെയുള്ള അനവധി കർത്തവ്യങ്ങൾ നിറവേറ്റുവാനുണ്ട്. ദൈവം സഭയെ രക്ഷിക്കട്ടെ എന്ന് നമുക്കു പ്രാർത്ഥിക്കാം.



www.malankaralibrary.com

# ഭാഗം 3

# ക്രൈസ്തവസഭകളുടെ ഐക്യസംഭാഷണ വേദി

## ഉള്ളടക്കം

27. സഭകളുടെ എക്യുമെനിക്കൽ സമ്മേളനങ്ങൾ
(Pan Orthodox Newdelhi Assemby, Faith and Order Commission, Addis Ababa Conference, World Council of Churches)

28. മലങ്കര സഭയുടെ എക്യുമെനിക്കൽ ബന്ധങ്ങൾ
(N.C.C.I., K.C.C., കത്തോലിക്കാ ഓർത്തഡോക്സ് സംഭാഷണങ്ങൾ)

29. നിലയ്ക്കൽ സെന്റ് തോമസ് എക്യുമെനിക്കൽ സെന്റർ

30. മെയാ കുൾപെ – മാക്സിമാ കുൾപെ

31. ഉപസംഹാരം

32. ഗ്രന്ഥസൂചിക

www.malankaralibrary.com

## 27. സഭകളുടെ എക്യുമെനിക്കൽ സമ്മേളനങ്ങൾ

ക്രിസ്തുവിന്റെ ആത്മാവിൽ വളരുന്നവർ ഐക്യതയിൽ വസിക്കണം. ഭിന്നത ദൈവികമല്ല. ഭിന്നതയിൽ കഴിയുന്ന സഭകളുടെ ശക്തി ക്ഷയിക്കും. ക്രൈസ്തവ സഭയിലെ ഭിന്നിപ്പ് ലോകരാഷ്ട്രങ്ങൾക്കിടയിൽ സഭകളുടെ മഹിമയ്ക്ക് കളങ്കം ഉണ്ടായി. അതിനാൽ സഭകൾ തമ്മിൽ സഹകരിച്ച് ഐക്യതയിൽ കഴിയണം എന്ന ചിന്ത കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായി.

മനുഷ്യശരീരം ദൈവത്തിന്റെ ആലയമാകുന്നു. ദൈവനിർമ്മിതമായ ആലയത്തിൽ ദൈവം വസിക്കുന്നില്ലെങ്കിൽ മനുഷ്യനിർമ്മിതമായ ആലയത്തിൽ ദൈവം വസിക്കുമോ? മനുഷ്യശരീരത്തിലുള്ള അവയവങ്ങൾ തമ്മിൽ ഒരിക്കൽ പോലും ശണ്ഠ കൂടുന്നില്ല. രണ്ടുവിതമുള്ള അവയവങ്ങൾ പരസ്പരം സഹകരിച്ച്, സഹായിച്ച് പ്രവർത്തിക്കുന്നു. സഭകൾ പരസ്പരബദ്ധമായ വ്യക്തിബന്ധങ്ങളുടെ സങ്കീർണ്ണ സംവിധാനത്തിന്റെ ഒരു കണ്ണിയായി വർത്തിക്കുവാനാണ് സ്രഷ്ടാവായ ദൈവം പ്രവർത്തിക്കുന്നത്. മനുഷ്യനിലെ പാപസ്വഭാവം ചില ബന്ധങ്ങളെ പ്രശ്നപൂരിതവും, വേദനാജനകവും, വ്യാമോഹാധിഷ്ഠിതവുമായ ബന്ധങ്ങളാക്കിത്തീർക്കുന്നു. ബാഹ്യകാര്യങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കുന്ന നസ്രാണികൾ ദൈവത്തിന്റെയും ദേവാലയത്തിന്റെയും കാര്യത്തിൽ വിവേചനം കാട്ടുന്നത് വെറും സ്വാർത്ഥത മാത്രമാണ്. പരസ്പരം സമീപിക്കുക - മനസ്സിലാക്കുക - ക്ഷമിക്കുക - സ്നേഹിക്കുക - ഒന്നിക്കുക.

സഭകൾ തമ്മിൽ എങ്ങനെ സഹകരിച്ചു പ്രവർത്തിക്കാം എന്നു ചിന്തിച്ച് കഴിഞ്ഞ കാലങ്ങളിൽ പല കൂടിയാലോചനകൾ നടത്തിയിട്ടു



www.malankaralibrary.com

ണ്ട്. പല സംഘടനകൾ അതിനു വേണ്ട നേതൃത്വവും നൽകിയിട്ടു ണ്ട്. അവയിൽ പ്രധാനപ്പെട്ട ചിലവ ചുരുക്കമായി പറയാം.

**1. പാൻ ഓർത്തഡോക്സ് കോൺഫറൻസ് (1961)**

എക്യുമിനിക്കൽ പാത്രിയർക്കീസായ മാർ അത്തനഗോറസ് തിരു. മേനി 1961ൽ ഗ്രീസിലെ പ്രകൃതി രമണീയമായ റോഡ്സ് ദ്വീപിൽ ഈ സമ്മേളനം വിളിച്ചു കൂട്ടി. ഗ്രീക്ക്, റഷ്യൻ മുതലായ ബൈസന്ത്യൻ ഓർത്തഡോക്സ് സഭകളിലെ എല്ലാ പാത്രിയർക്കീസന്മാരും, ഓറി യന്റൽ ഓർത്തഡോക്സ് സഭകളിലെ അഞ്ചു പാത്രിയർക്കീസന്മാരും, പ്രതിനിധികളും അവിടെ സമ്മേളിച്ചു. സഭകൾ തമ്മിൽ എങ്ങനെ സഹകരിക്കാം എന്ന വിഷയം ചർച്ചചെയ്യുകയും ചില തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

**2. ന്യൂഡൽഹി അസംബ്ളി (1961)**

അഖില ലോക സഭാ കൗൺസിലിന്റെ മൂന്നാം സമ്മേളനം 1961 നവംബറിൽ ന്യൂഡൽഹിയിലെ വിജ്ഞാനഭവനിൽ സമ്മേളിച്ചു. സഭ കൾ തമ്മിൽ സഹകരിച്ചു പ്രവർത്തിക്കണമെന്ന ആവശ്യം ബോദ്ധ്യപ്പെ ടുകയും ചില തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. അന ന്തരം സഭാ പ്രതിനിധികൾ മലങ്കരയിലെ ചില പ്രധാന പള്ളികളും സ്ഥാപനങ്ങളും സന്ദർശിക്കുകയുണ്ടായി. മലങ്കര സഭ അവരെ യഥാ യോഗ്യം സ്വീകരിച്ചാദരിച്ചു.

3. ഫെയിത്ത് ആൻഡ് ഓർഡർ കമ്മീഷന്റെ സഹകരണത്തിൽ ബൈസന്ത്യൻ ഓർത്തഡോക്സ് സഭകളും ഓറിയന്റൽ ഓർത്ത ഡോക്സ് സഭകളും തമ്മിൽ സംവാദങ്ങൾ പല സ്ഥലങ്ങളിൽ വച്ചും നടന്നു.

1964ൽ ഡെന്മാർക്കിലെ ഓർഹൂസ് നഗരത്തിലും 1970ൽ സ്വിറ്റ്സർലാൻഡിലെ ജനീവ നഗരത്തിലും സമ്മേളിച്ചു. ഇരു സഭക ളും തമ്മിൽ ഐക്യതയിൽ കഴിയേണ്ട ആവശ്യകത എല്ലാവർക്കും ബോദ്ധ്യപ്പെട്ടു. രണ്ടു വിഭാഗങ്ങളും തമ്മിൽ ഏകീകരിക്കുന്നതിനു ള്ള മാർഗ്ഗങ്ങൾ ആരാഞ്ഞു. ഏകീകരണം വിശ്വാസത്തിന്റെ ഐക്യത യിൽ അന്യോന്യം ലയിക്കാതെ സഭകൾ തമ്മിൽ പരസ്പരം സ്വീകരി ക്കണമെന്നുള്ള അവസ്ഥയിലായിരിക്കണമെന്നും പൊതുവെ അംഗീകരിച്ചു. അവിടെ വ്യക്തമായ ഒരു കാര്യം, ക്രിസ്തുശാസ്ത്രം



www.malankaralibrary.com

അടിസ്ഥാനമായി ഇരുസഭകളും തമ്മിൽ വ്യത്യാസമില്ല എന്നും സൗന്ദര്യപ്പിണക്കം മാത്രമാണ് യോജിപ്പിനു തടസ്സമെന്നും ചൂണ്ടിക്കാട്ടി. രണ്ടു വിഭാഗങ്ങളിലെയും നേതൃത്വമുള്ള ബിഷപ്പന്മാർ തമ്മിൽ സ്നേഹിച്ച് പ്രവർത്തിച്ച് പ്രഖ്യാപിച്ചാൽ സഭകളുടെ ഐക്യം സാധ്യമാകുന്നതാണ്.

## 4. ആഡിസ് അബാബ സമ്മേളനം (1965)

എത്യോപ്യയുടെ തലസ്ഥാനത്തു ചേർന്ന ഈ സമ്മേളനം വിളിച്ചുകൂട്ടിയത് ഹെയിലി സെലാസി ചക്രവർത്തിയാണ്. ചരിത്രത്തിൽ ആദ്യമായാണ് വിശ്വാസ ഐക്യമുള്ള അഞ്ചു ഓറിയന്റൽ ഓർത്തഡോക്സ് സഭകളിലെ പാത്രിയർക്കീസന്മാരും മറ്റു പ്രതിനിധികളും സമ്മേളിച്ചത്. അഞ്ചു സഭകളിലേയും പൊതു പ്രവർത്തനം സംബന്ധിച്ച് ചർച്ചകൾ നടക്കുകയും ചില പ്രധാന തീരുമാനങ്ങൾ അംഗീകരിക്കുകയും ചെയ്തു. മലങ്കരസഭയിൽ നിന്നും പരി. ഔഗേൻ കാതോലിക്കാ ബാവ തിരുമേനിയും, H.G. ദാനിയേൽ മാർ ഫീലിക്സിനോസ് തിരുമേനിയും, ഫാ. ടി. സി. ജേക്കബ്, ഫാ. ഡോ. വി.സി. സാമുവേൽ, ഫാ. ഡോ. കെ. സി. ജോസഫ് എന്നിവരും സംബന്ധിച്ചു.

5. വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ ആഭിമുഖ്യത്തിൽ പ്രോട്ടസ്റ്റന്റുകളും ഇതര ഓർത്തഡോക്സ് സഭകളും തമ്മിൽ പലവട്ടം സംഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. സഭകൾ തമ്മിൽ ഐക്യതയിൽ കഴിയണമെന്ന് എല്ലാവരും ആഗ്രഹം പ്രകടിപ്പിച്ചു. യോജിച്ച് എങ്ങനെ പ്രവർത്തിക്കാം എന്നുള്ളതായിരുന്നു മുഖ്യ ചിന്താവിഷയം. സ്വീഡനിലെ ഉപ്സാലാ, മോസ്ക്കോ, റോം, കാനഡായിലെ മോൺട്രിയോൾ, ഘാനായിലെ അക്രാ, ബൽജിയത്തിലെ ലീമാ, ഓസ്ട്രിയായിലെ വിയന്നാ മുതലായ സ്ഥലങ്ങളിൽ വച്ച് സമ്മേളിച്ച് ഐക്യസംഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. ഈ കൂടിയാലോചനകളുടെ ഫലമായി സഭകൾ തമ്മിൽ വിദ്വേഷങ്ങൾ കുറയുകയും, കൂടുതൽ അടുത്തു പെരുമാറുവാനുള്ള സന്നദ്ധത പ്രകടമാകുകയും ചെയ്തിട്ടുണ്ട് എന്നു കരുതാം.



www.malankaralibrary.com

# 28. മലങ്കരസഭയുടെ എക്കുമിനിക്കൽ ബന്ധങ്ങൾ

നാഷനൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ (എൻ.സി.സി.ഐ.) ഇന്ത്യയിലെ സഭകളുടെ എക്കുമിനിക്കൽ വേദിയാണ്. മലങ്കര ഓർത്തഡോക്സ് സഭയുൾപ്പെടെ 27 അംഗസഭകളും 14 റീജിനൽ ക്രിസ്ത്യൻ കൗൺസിലുകളും 12 അഖിലേന്ത്യാ ക്രിസ്ത്യൻ സംഘടനകളും ഇതിൽ അംഗങ്ങളായുണ്ട്. ലോകത്തിന്റെ സുവിശേഷീകരണം ഈ തലമുറയിൽ എന്ന മുദ്രാവാക്യം അടിസ്ഥാനമാക്കി 19-ാം നൂറ്റാണ്ടിൽ രൂപം കൊണ്ട മിഷ്യനറി പ്രവർത്തനമാണിത്. 1914ൽ കൽക്കട്ട വൈ.എം.സി.എ.യിൽ വച്ചു രൂപം പ്രാപിച്ച നാഷനൽ മിഷനറി കൗൺസിൽ 1979ൽ എൻ.സി.സി.ഐ. എന്ന പേർ സ്വീകരിച്ചു. അതിനു ശേഷമാണ് ഓർത്തഡോക്സ് സഭ അതിൽ അംഗമായത്. ഈ കൗൺസിൽ അഖിലലോക സഭാ കൗൺസിലിനോടു അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. കൗൺസിലിന്റെ ആസ്ഥാനം നാഗപ്പൂരിലാണ്. മലങ്കര ഓർത്തഡോക്സ് സഭയിൽ നിന്നും അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ കുറീലോസ് മെത്രാപ്പോലീത്താ ഇപ്പോൾ ഇതിന്റെ വൈസ് പ്രസിഡന്റായി സേവനമനുഷ്ഠിക്കുന്നു.

**കേരള കൗൺസിൽ ഓഫ് ചർച്ചസ് (കെ.സി.സി.)**

കേരളത്തിലെ സഭകളുടെ ഐക്യവേദിയായ കെ.സി.സി. 1938ൽ താംബരത്തു ചേർന്ന ഇന്റർ നാഷണൽ മിഷ്യനറി സമ്മേളനത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് രൂപപ്പെട്ട സംഘടനയാണ്. ഇതിന്റെ ആദ്യ സമ്മേളനം 1940ൽ കൊല്ലത്തു വച്ചു ചേർന്ന് പരസ്പര സഹകരണത്തിന്റെയും, സഹായത്തിന്റെയും ആവശ്യകതയെ സഭകൾക്ക് ബോധ്യപ്പെടുത്തിക്കൊടുത്തു. വനിതാ കമ്മീഷൻ, യുവജന കമ്മീഷൻ, സോഷ്യൽ കമ്മീഷൻ മുതലായി പല കമ്മീഷനുകളിലൂടെയാണ് കൗൺസിലിന്റെ പ്രവർത്തനം നടക്കുന്നത്. 1983ൽ മലങ്കര ഓർത്തഡോക്സ് സഭ ഈ കൗൺസിലിൽ അംഗമായി ചേർന്നു. അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി കൗൺസിലിന്റെ പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

സഭൈക്യ സംഭാഷണങ്ങൾ സംഘടിപ്പിക്കുന്നതിനും, പ്രബന്ധങ്ങൾ അവതരിപ്പിച്ചു മഹത്തായ സംഭാവനകൾ നൽകുന്നതിനും പ്രതിനിധികളായി സംബന്ധിച്ചവരിൽ സുപ്രധാനമായ പങ്കുവഹിച്ച മലങ്കര സഭയിലെ പണ്ഡിതനായ ഒരു ശ്രേഷ്ഠവൈദിക ഗുരുവായിരുന്നു



www.malankaralibrary.com

ബഹുമാന്യനായ ഡോ. വി. സി. സാമുവേലച്ചൻ. അഞ്ചാം നൂറ്റാണ്ടു മുതൽ സഭകൾ തമ്മിൽ വർത്തിച്ച അഭിപ്രായ അനൈക്യത്തിന്റെ മൂല കാരണം സാധൂകരിക്കത്തക്കതല്ല എന്ന് സമർത്ഥിക്കുവാൻ ആദ്യ നൂറ്റാണ്ടിലെ പിതാക്കന്മാരുടെ ദർശനങ്ങളിൽ അദ്ദേഹം നടത്തിയ അവഗാഢമായ ഗവേഷണം ക്രൈസ്തവ ലോകത്തെ ഐക്യ ചിന്തയിലേക്കു നയിച്ചു. തുടരെ സഭൈക്യസംഭാഷണങ്ങൾ നടത്തി കൂടുതൽ സഹകരണത്തിലേക്കു നയിക്കുവാൻ ഇന്നത്തെ തലമുറയ്ക്ക് പ്രേരണ നല്കിയത് ആ ശാന്തിദൂതാണ്. വിവിധ പ്രസിദ്ധ തിയോളജിക്കൽ കോളേജുകളിൽ പഠിച്ച് ഉന്നത ഗവേഷണ ബിരുദങ്ങൾ കരസ്ഥമാക്കിയശേഷം ഭാരതത്തിലും പുറത്തും വൈദിക സിമ്മനാരികളിൽ മൂന്നു പതിറ്റാണ്ടു കാലം അദ്ധ്യാപകനായിരുന്ന അദ്ദേഹം ഡബ്ലിയു.സി.സി.യുടെ നാലു ലോക സമ്മേളനങ്ങളിലും, ഫെയ്ത്ത് ആൻഡ് ഓർഡർ കമ്മീഷനിലും നീണ്ട 23 വർഷം അംഗമായിരുന്ന് മഹത്തായ സംഭാവനകൾ നല്കിയിട്ടുണ്ട്. ഡബ്ലിയു.സി.സി.യുടെ ആഭിമുഖ്യത്തിൽ നടത്തിയ സർവ്വമത സംഭാഷണങ്ങളിലും പ്രതിനിധിയായി സംബന്ധിച്ചിട്ടുണ്ട്. മതങ്ങൾ തമ്മിലും, സഭകൾ തമ്മിലും മാതൃകാപരമായ സൗഹൃദബന്ധം പുലർത്തി അനുരഞ്ജനത്തിനും, മനുഷ്യനന്മയ്ക്കും വേണ്ടി ഏവരും പ്രവർത്തിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

**റോമൻ കത്തോലിക്കാ – മലങ്കര ഓർത്തഡോക്സ് സഭൈക്യ സംഭാഷണം (കോട്ടയം 1999)**

റോമൻ കത്തോലിക്കാ സഭയിലെയും മലങ്കര ഓർത്തഡോക്സ് സഭയിലേയും വേദശാസ്ത്രജ്ഞന്മാർ 1999 നവംബറിൽ കോട്ടയം സോഫിയാ സെന്ററിൽ സംയുക്തമായി സമ്മേളിച്ച 13-ാം കമ്മീഷൻ പലകാര്യങ്ങൾ ചർച്ചചെയ്യുകയും ഏകമായി ചില തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

മാർത്തോമ്മാ പൈതൃകമുള്ള കേരള ക്രൈസ്തവസഭയ്ക്ക് 1599ലെ ഉദയംപേരൂർ സൂന്നഹദോസ് പല ദോഷങ്ങൾ ചെയ്തുവെന്ന് ഇരുസഭകളും ചേർന്നുള്ള സംഭാഷണത്തിനായുള്ള സംയുക്ത കമ്മീഷൻ അഭിപ്രായപ്പെട്ടു.

അപ്പോസ്തോലിക പാരമ്പര്യമുള്ള ഏക സഭയെ രണ്ടായി വിഭജിക്കുന്നതിനും പിന്നീട് പലവട്ടം വിഭജനങ്ങൾ ആവർത്തിക്കുന്നതിനും അത് ഇടയാക്കി. തന്നെയുമല്ല പാശ്ചാത്യവൽക്കരണവും, ലത്തീൻ



www.malankaralibrary.com

വൽക്കരണവും കേരള നസ്രാണിസമൂഹത്തിലേക്കു വ്യാപിച്ചത് ഉദയംപേരൂർ സുന്നഹദോസിനു ശേഷമാണ്. സഭയുടെ പൈതൃകവും സ്വകീയമായ സ്വാതന്ത്ര്യത്തെപ്പോലും അതു സാരമായി ബാധിച്ചുവെന്ന് കമ്മീഷൻ വിലയിരുത്തി. 16–ാം നൂറ്റാണ്ടു വരെ ഏകമായി നിലകൊണ്ട മാർത്തോമ്മാ ക്രിസ്ത്യാനികൾ പോർട്ടുഗീസുകാരുടെ ആഗമന ത്തോടുകൂടി അവരുടെ മിഷ്യനറിമാരുമായി ബന്ധപ്പെടുവാൻ ഇടയാ യി. ഉദയംപേരൂർ സുന്നഹദോസിന്റെ ലക്ഷ്യം, കേരള നസ്രാണികളെ പേർഷ്യൻ സഭാ ബന്ധത്തിൽ നിന്നും ലത്തീൻ സഭാബന്ധങ്ങളിലേക്ക് തിരിപ്പിക്കുകയായിരുന്നുവെന്ന് സംയുക്ത കമ്മീഷൻ രേഖപ്പെടുത്തി.

കമ്മീഷൻ തീരുമാനങ്ങളുടെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കു ന്നു.

## Catholic - Orthodox Churches reach Censenus

(The Hindu, 30/11/1999)

We the members of the joint International Commission for dialogue between the Catholic Church and the Malankara Orthodox Church, consider it very opportune to share with our brothers and sisters of both the Churches. Our findings on the nature and consequences of the synod of Diamper 1599.

The undivided ancient Apostolic Church of the St. Thomas Christians came into contact with the Portuguese in the sixteenth centuary. The Roman Catholic Missionaries accompanied them, unjustly accused the St. Thomas Christians of Malankara.

The activities in connection with the synod of Diamper brought drastic changes in the ecclesiastical life of the St. Thomas Christians. Westernisation and Latinisation were the main results of the activities of the missionaries and Colonial power. The Church was forced to adopt several changes in Latin direction. Consequently the identity and the heritage of the Church were severely distorted.

The liturgy was mutilated and the relations with the Persian Church was discontinued. The saddest consequence of the synod



www.malankaralibrary.com

was the loss of freedom and the division of the one Apostolic ancient Church in India into two and then led to further divisions. Christianity in India was as old as Christianity itself and the Church was founded by Apostle St. Thomas in A.D. 52.

We hope to heal the bitter memories of the past caused by the synod.

## 29. നിലയ്ക്കൽ സെന്റ് തോമസ്സ് എക്കുമിനിക്കൽ ദേവാലയം

സഭൈക്യത്തിന്റെ പ്രതീകം – ക്രൈസ്തവ സഭയ്ക്കു യഥാർത്ഥ മാതൃക. മാർത്തോമ്മാ ശ്ലീഹാ സുവിശേഷ ദീപം കൊളുത്തിയ മലയോരകേന്ദ്രമായ നിലയ്ക്കൽ, മലമേൽ പ്രകാശിതമായ ഒരു ദീപമായി ശോഭിച്ചു. കാനനഭംഗിയുടെ മനോഹാരിത പോലെ സുവിശേഷ വയലും സമൃദ്ധമായി വിളഞ്ഞു. പ്രകൃതി രമണീയമായ ആ പുണ്യ സ്ഥലത്ത് ശ്ലീഹാ സ്ഥാപിച്ച ദേവാലയവും ശോഭിച്ചു. വാണിജ്യ പ്രധാനമായ ആ കേന്ദ്രത്തിൽ ഹിന്ദുക്കളും ക്രിസ്ത്യാനികളും ഏകോദര സഹോദരങ്ങളെപ്പോലെ ജീവിച്ച് സ്നേഹത്തിലും ഐക്യതയിലും വർത്തിച്ചു. എന്നാൽ 13–ാം നൂറ്റാണ്ടായപ്പോഴേക്കും പറപ്പറ്റത്തിന്റെയും മറ്റു ബാഹ്യ ഉപദ്രവങ്ങളാലും ജീവിതം ദുസ്സഹമായി തീർന്നതിനാൽ അവർക്കു താമസം മറ്റു സ്ഥലങ്ങളിലേക്ക് മാറ്റേണ്ടി വന്നു. വീണ്ടും അവിടം വനഭൂമിയായി. 1940ൽ സർക്കാർ ഫാം പ്രവർത്തകർ നിലയ്ക്കലെ പുരാതന ദേവാലയത്തിന്റെ അവശിഷ്ടങ്ങളും, കൽക്കുരിശ്, കല്ലറ മുതലായവയും കാണുവാനിടയായി. 1951 മുതൽ ശ്ലീഹാ സ്ഥാപിച്ച ദേവാലയത്തിലേക്ക് വിശ്വാസികൾ തീർത്ഥാടനം നടത്തിത്തുടങ്ങി. 1972ൽ മാർത്തോമ്മാ ശ്ലീഹായുടെ 19–ാം ചരമശതാബ്ദി സഭകൾ എല്ലാം ചേർന്ന് സംയുക്തമായി കൊണ്ടാടി. പുണ്യഭൂമിയായ നിലയ്ക്കലിൽ ശ്ലീഹാ സ്ഥാപിച്ച പരി. ദേവാലയം പുനരുദ്ധരിക്കണമെന്ന് എല്ലാ സഭകളിലുമുള്ള വിശ്വാസികളുടെ ആഗ്രഹം പ്രബലപ്പെട്ടു. 1973ൽ വിവിധ എപ്പിസ്കോപ്പൽ സഭകളിലെ മേലദ്ധ്യക്ഷന്മാർ ഒന്നിച്ച് കൂടി ആലോചിച്ച്, ഒരു എക്കുമിനിക്കൽ കേന്ദ്രം നിലയ്ക്കൽ നിർമ്മിക്കമെന്ന് ഐക്യകണ്ഠേന തീരുമാനിച്ചു. അതിനാവശ്യമായി



www.malankaralibrary.com

ഒരു കമ്മിറ്റിയെ നിശ്ചിയിച്ച് ഒരു ഭരണഘടനയും അംഗീകരിച്ചു. 1983ൽ വടവാതൂർ സിമ്മനാരിയിൽ സഭാ മേലാദ്ധ്യക്ഷന്മാരും മറ്റു നേതാക്കന്മാരും ചേർന്ന് ദേവാലയപുനരുദ്ധാരണ കമ്മിറ്റിയെ നിശ്ചയിച്ച് നിർമ്മാണ ചുമതലയും ഏല്പിച്ചു.

കേരളത്തിന്റെ പൈതൃകമായ മതസഹിഷ്ണുതയ്ക്കും മതസൗഹാർദ്ദത്തിനും ഐക്യത്തിനും ഭംഗം വരാതെയിരിക്കുവാൻ പ്രധാന ഹൈന്ദവ നേതാക്കളുമായി കൂടിയാലോചിച്ച് പൊതുസമ്മതപ്രകാരം നിലയ്ക്കൽ ഭാഗത്ത് രണ്ടു ഹെക്ടർ സ്ഥലം ദേവാലയസ്ഥാപനത്തിനായി സർക്കാരിൽ നിന്നും അനുവദിച്ചു തന്നു. സ്നേഹത്തിന്റെയും, സമാധാനത്തിന്റെയും, ത്യാഗത്തിന്റെയും, വിജയത്തിന്റെയും പ്രതീകമായ കുരിശ് എല്ലാവരുടെയും സാന്നിദ്ധ്യത്തിൽ പ്രതിഷ്ഠിച്ചപ്പോൾ കുരിശിന്റെ പ്രാർത്ഥന ഉയർന്ന്, അഭൗമികമായ തേജസ്സാൽ അന്തരീക്ഷം ശോഭിതമാകുകയും പരിശുദ്ധ ശ്ലീഹായുടെ നാമത്തിലുള്ള ആ മനോഹര ദേവാലയം പണിതീർത്ത് 1984 ഏപ്രിൽ മാസം 8-ാം തീയതി, അതിന്റെ പ്രതിഷ്ഠയും കൂദാശയും നടത്തുവാൻ ഐകകണ്ഠേന തീരുമാനവും ചെയ്തു.

ആ സല്ക്കർമ്മത്തിൽ പങ്കു ചേരുവാൻ ബഹുമാന്യനായ കേരള ഗവർണ്ണർ, മറ്റു മന്ത്രിമാർ, വിവിധ മതനേതാക്കന്മാർ മുതലായവരെ പ്രത്യേകം ക്ഷണിച്ചു. എല്ലാ ക്രൈസ്തവസഭകളിലെയും മേലദ്ധ്യക്ഷന്മാരും വൈദികരും പതിനായിരക്കണക്കിനു വിശ്വാസികളും ആ ശുശ്രൂഷയിൽ പങ്കുചേർന്നു. ദേവാലയത്തിന്റെ പുനഃപ്രതിഷ്ഠയും ഉൽഘാടനവും അനുഗ്രഹകരമായി നിറവേറി.

തീർത്ഥാടകർ ആയിരത്തിലധികം വാഹനങ്ങളിലായി കൃത്യസമയത്ത് എത്തി ആ പുണ്യകർമ്മത്തിനു സാക്ഷികളായി. ജനം സന്തോഷാധിക്യത്താൽ ആനന്ദനൃത്തം ചെയ്തു. ദിവ്യതേജസ്സാൽ അന്തരീക്ഷം പ്രശോഭിതമായി. ഭക്തിസാന്ദ്രതയാൽ സ്തുതിഗീതങ്ങൾ അന്തരീക്ഷത്തിൽ മാറ്റൊലി കൊണ്ട് ഈശ്വരസാക്ഷാത്ക്കാരം നിറവേറി. "സ്തുതിപ്പിൻ സ്തുതിപ്പിൻ യേശുദേവനെ....." എന്ന ഗാനം ഇമ്പമായി എല്ലാവരും ഒത്തുചേർന്ന് പാടിയപ്പോൾ ജനം ആനന്ദാതിരേകത്താൽ ദൈവിക തേജസ്സ് അനുഭവിച്ചു. ജനം ദൈവത്തെ സ്തുതിച്ചു. മാർത്തോമ്മാ ശ്ലീഹായുടെ ആത്മീയ ചൈതന്യത്തിൽ എല്ലാവരും ഒരേ ആഗ്രഹം – തങ്ങളുടെ പൂർവ്വപിതാക്കന്മാരെ രക്ഷാമാർഗ്ഗത്തിലേക്ക്



www.malankaralibrary.com

കൊണ്ടു വന്ന ഭാരതത്തിന്റെ അപ്പോസ്തോലനായ മാർത്തോമ്മാശ്ലീഹ യുടെ പാദസ്പർശത്താൽ പാവനമായ ആ വിശുദ്ധസ്ഥലത്ത് പുനരുദ്ധരിക്കപ്പെട്ട വി. ദേവാലയത്തിൽ ഒന്നു വണങ്ങി, മുട്ടുകുത്തി, പ്രാർത്ഥിച്ച് ആ പുണ്യപാദങ്ങളെ നമസ്ക്കരിച്ച് അനുഗ്രഹം പ്രാപിക്കണം എന്നു മാത്രം.

പ്രകൃതിരമണീയമായ കേരള വനാന്തരത്തിൽ പരിലസിക്കുന്നതും പുണ്യവാനായ ശ്ലീഹായുടെ നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ടതുമായ നിലയ്ക്കൽ ദേവാലയമാണ് ലോകചരിത്രത്തിലെ ആദ്യത്തെ യഥാർത്ഥ എക്കുമിനിക്കൽ ദേവാലയം. കേരളത്തിലെ എല്ലാ എപ്പിസ്ക്കോപ്പൽ സഭകളും സഹകരിച്ച് നിർമ്മിക്കപ്പെട്ടിട്ടുള്ള ദേവാലയവും, ധ്യാന മന്ദിരവും, ഡയലോഗ് സെന്ററും ഒരു എക്കുമിനിക്കൽ കമ്മിറ്റിയുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്നു.

ഈ പുണ്യ തീർത്ഥാടന കേന്ദ്രം ക്രൈസ്തവസഭൈക്യത്തിനും, ലോക സമാധാനത്തിനും പ്രചോദനം നൽകുന്ന സ്രോതസ്സായി പരിലസിക്കട്ടെ എന്നു പ്രാർത്ഥിക്കാം.

**മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മ അനുഗ്രഹീതമായിത്തീരട്ടെ! സഭൈക്യവും സമാധാനവും വിജയിക്കട്ടെ!**

## 30. മെയാ കുൾപ, മെയാ കുൾപ, മെയാ മാക്സിമ കുൾപ

(ഞാൻ പിഴയാളി)

ഈ നൂറ്റാണ്ടിലെ ചരിത്രവിസ്മയം എന്നു വിശേഷിപ്പിക്കാവുന്ന സംഭവം നടന്നതു യാദൃച്ഛികമല്ല. നീ ബലി കഴിക്കുവാൻ പോകുന്നതിന് മുമ്പ് നിന്റെ സഹോദരനോട് നിരക്കണമെന്നാണ് ഗുരുമൊഴി. കുറ്റബോധമുണ്ടായാൽ മനുഷ്യൻ ആത്മതപനം ചെയ്യണം. ഏറ്റു പറച്ചിലില്ലാതെ മോചനമില്ല. ക്രിസ്തുമതത്തിന്റെ ആദിമശതകങ്ങളിൽ ക്രിസ്ത്യാനികൾക്ക് പലവിധ പീഡകൾ സഹിക്കേണ്ടിവന്നു. പീഡകൾ ക്രിസ്ത്യാനികൾക്ക് മനോവീര്യം വർദ്ധിപ്പിച്ചു. രക്തസാക്ഷികളുടെ എണ്ണം വർദ്ധിച്ചു. സഭ ശക്തിപ്പെട്ടു. എ.ഡി.320ൽ കുസ്തന്റീനോസ് രാജാവ് ക്രിസ്തുമതം സ്വീകരിക്കുകയും മതപ്രചരണത്തിന് അനുകൂലമായ സാഹചര്യം ഉണ്ടാക്കുകയും ചെയ്തു. രാജകീയ തണ



www.malankaralibrary.com

ലിൽ മതശാസനകൾക്ക് നിരക്കാത്ത മതപ്രചരണം നടത്തി നിർബ ന്ധിത മതപരിവർത്തനത്തിനു പ്രേരിപ്പിച്ചു. 1498ൽ കേരളത്തിലെത്തിയ വാസ്കോഡിഗാമയും മനുഷ്യോചിതമല്ലാത്ത രീതിയിൽ പ്രവർത്തിച്ചു. മെനേസിസ് മെത്രാനും ശാരീരികവും മാനസികവുമായ പീഡനങ്ങ ളിൽ കൂടി മതപരിവർത്തനം ചെയ്യിച്ചു.

ലൗകികപ്രതാപത്തിന്റെയും സൈനികബലത്തിന്റെയും നിഴലിൽ പാശ്ചാത്യവൽക്കരണത്തിന് ഇൻക്വിസിഷൻ എന്ന പീഡനക്രിയ നടത്തിയതിനെ ഓർത്തു മാർപ്പാപ്പാ ദുഃഖം പൂണ്ടു. തത്വപ്രതിവാദ ങ്ങളും ന്യായീകരണ വാദങ്ങളും മതരംഗത്തെ സങ്കീർണ്ണതകൾക്ക് പരി ഹാരമാവില്ലെന്നുള്ള ഉത്തമ ബോദ്ധ്യം ഇന്നു മാനസിക പരിവർത്തന ത്തിന് മുഖാന്തിരമായി. എല്ലാ മതങ്ങളുടെയും ആത്യന്തിക ലക്ഷ്യം ദൈവമാണ്, സർവ്വജ്ഞാനിയായ സർവ്വേശ്വരൻ മനുഷ്യവർഗ്ഗത്തെ ഭൂമുഖത്ത് പരക്കെ നിവസിപ്പിച്ചു. ആ മനുഷ്യവർഗ്ഗം സ്നേഹത്തിൽ വർത്തിക്കണം. ദൈവത്തിന്റെ പ്രവർത്തനമതാണ്. ഈ മഹനീയ തത്വം മാർപ്പാപ്പ പ്രവർത്തിപഥത്തിൽ കാണിപ്പാൻ തന്റെ പ്രതാപത്തെ ഉപേക്ഷിച്ചു.

മുൻകാലങ്ങളിൽ തന്റെ പൂർവ്വീകർ ചെയ്ത ഭൂതകാല വീഴ്ച കളെയോർത്ത് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ സഭയ്ക്കുവേണ്ടി പരസ്യമായി മാപ്പപേക്ഷിച്ചു. ഞങ്ങൾ പൊറുക്കുന്നു. ഞങ്ങളോടു പൊറുക്കണം എന്ന അനുതാപസ്വരം ഉയർന്നു. ആഗോളവ്യാപകമായി ആധിപത്യമുള്ള 100 കോടി കത്തോലിക്കരുടെ മാർപ്പാപ്പായാണ് ചരി ത്രത്തിൽ ആദ്യമായി ഈ മഹൽക്കർമ്മം നിർവ്വഹിച്ചത്. അതു വിസ്മയം തന്നെ. നൊയമ്പിലേക്കു പ്രവേശിച്ച സമയത്ത് സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ അർപ്പിച്ച പശ്ചാത്താപബലിക്കിടയിൽ, 15–ാം നൂറ്റാണ്ടിൽ പ്രതിഷ്ഠിച്ച ഒരു ക്രൂശിതരൂപത്തിൽ അമർത്തി പിടിച്ചു കൊണ്ടാണ് ദൈവത്തോടു മാർപ്പാപ്പാ തെറ്റുകൾ ഏറ്റു പറഞ്ഞതും ക്ഷമ ചോദിച്ചതും. എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ എന്ന കുറ്റസമ്മതം നടത്തി, ഞാൻ പിഴയാളി എന്ന പ്രാർത്ഥന ലത്തീനിൽ മെയ കുൾപ, മെയ കുൾപ, മെയ മാക്സിമാ കുൾപ എന്നു പറയും. ആ അനുതാപശബ്ദം കത്തോലിക്കർക്കുവേണ്ടി ചൊല്ലി ആത്മീയ സന്തോഷം അനുഭവിച്ചു.

മുൻകാലങ്ങളിൽ ചെയ്ത തെറ്റുകൾ ഏഴു ഗണങ്ങളായി തിരിച്ചു.



www.malankaralibrary.com

ക്രൈസ്തവസഭയിലെ വിഭജനങ്ങൾ, നിർബന്ധിത മതപരിവർത്തനം, ഇൻക്വിസിഷൻ, യഹൂദവിരോധം, വംശീയവിഭാഗങ്ങൾക്കെതിരായ പാതകങ്ങൾ, മനുഷ്യാവകാശലംഘനം, സ്ത്രീകൾക്കെതിരായ വിവേചനം എന്നിവയാണ് ഏഴുഗണങ്ങൾ. ഓരോ തെറ്റിനും പ്രത്യേകം പ്രത്യേകം മാപ്പപേക്ഷിച്ചു.

അതിനടുത്തു തന്നെ മാർപ്പാപ്പാ വിശുദ്ധ നാട് സന്ദർശിച്ചപ്പോൾ യഹൂദന്മാരുടെ വിശുദ്ധസ്ഥലമായ യെറുശലേം ദേവാലയത്തിന്റെ തകർന്ന ഭിത്തിക്കു സമീപം നിന്നുകൊണ്ട് പ്രാർത്ഥിക്കുകയും വത്തിക്കാനിൽ വായിച്ച മാപ്പപേക്ഷയുടെ ഒരു പ്രതി വായിക്കുകയും യഹൂദന്മാർക്കെതിരായി ചെയ്ത അപരാധങ്ങൾക്ക് മാപ്പപേക്ഷിക്കുകയും ചെയ്തു.

> "ദൈവമേ ചരിത്രത്തിന്റെ അനുസ്യൂത പ്രവാഹത്തിനിടയിൽ അങ്ങയുടെ മക്കളോട് അതിക്രൂരമായി പെരുമാറുകയും അവരെ കഷ്ടതയിലേക്ക് തള്ളിയിടുകയും ചെയ്തതിന് അങ്ങയോട് മാപ്പപേക്ഷിക്കുകയും ചെയ്യുന്നു."

അനുരഞ്ജനത്തിന്റെ പുതിയ അദ്ധ്യായവുമായി സഭയെ പുതിയ നൂറ്റാണ്ടിലേക്ക് അണിയിച്ചൊരുക്കുവാനാണ് മാർപ്പാപ്പാ ഈ പുണ്യകർമ്മം നിറവേറ്റിയത്. വിനീതനായി, ഉദാരഹൃദയനായി, ആത്മപരിശോധന നടത്തി, വന്നുപോയ പിഴകളുടെ ആഴത്തിലേക്ക് മാർപ്പാപ്പാ ഇറങ്ങിച്ചെന്ന് സഭയ്ക്കുവേണ്ടി മാപ്പപേക്ഷിച്ചത് ദൈവനിയോഗമാണ്. ആധുനിക യുഗത്തിന്റെ ആത്മാവിനെ കണ്ടെത്താൻ ഭൂലോകം ചുറ്റി തീർത്ഥാടനം നടത്തി, ലഭിച്ച അനുഭവങ്ങൾ മാർപ്പാപ്പാ പ്രയോഗത്തിൽ വരുത്തി. മറ്റു സഭകളേയും, മതങ്ങളേയും, അംഗീകരിക്കുവാനും, ബഹുമാനത്തോടു കൂടി വീക്ഷിക്കുവാനും, ഈ പ്രക്രിയ പ്രേരണ നൽകുന്നു. (പത്രറിപ്പോർട്ട്)

ഇത് എക്കുമിനിക്കൽ യുഗമാണ്, അതിന്റേതായ പ്രവർത്തന ശൈലികൾ സഭകൾ അംഗീകരിച്ചു തുടങ്ങി. ദൈവം എല്ലാവരേയും സ്നേഹിക്കുന്നു. നാമും പരസ്പരം സ്നേഹിക്കണം.

ഇതിനനുസരണമായി മലങ്കരസഭയിലെ കാര്യങ്ങൾ തുലനം ചെയ്യാം. പൂർവ്വകാലങ്ങളിൽ വന്നുപോയ അവിശുദ്ധമായ പ്രവർത്തനങ്ങൾമൂലം സഭാമക്കൾക്ക് വിശ്വാസപരമായും, ഭരണപരമായും,



www.malankaralibrary.com

മാനസികമായും അനവധി വിഷമങ്ങൾ വന്നിട്ടുണ്ട്. ഭൂതകാല അപരാധങ്ങൾ ആവർത്തിക്കാതെ, മേലാൽ വംശീയ വിഭാഗങ്ങൾക്കെതിരായ പാതകങ്ങൾ ചെയ്യാതെയിരിപ്പാൻ ഉൾപ്രേരണയുണ്ടായി സൗഹാർദ്ദ പരമായി വർത്തിക്കേണ്ടത് സഭാനാഥനോടു ചെയ്യുന്ന ഒരു പുണ്യ കർമ്മമാണ്. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ..... എന്ന പ്രാർത്ഥന നിത്യവും ചൊല്ലുന്ന സഭാധിപന്മാർ മറ്റു സഭകളെ സമഭാവനയോടു കൂടി വീക്ഷിക്കുവാൻ അനുപേക്ഷണീയമായ ഈ സൽക്കർമ്മം പ്രേരകമായി ഭവിക്കട്ടെ എന്ന് നമുക്ക് ആശിക്കാം - പ്രാർത്ഥിക്കാം.

MALANKARA
LIBRARY



www.malankaralibrary.com

# ഉപസംഹാരം

മലങ്കര ഓർത്തഡോക്സ് സഭയും സിറിയൻ ഓർത്തഡോക്സ് സഭയും തമ്മിൽ ആരോഗ്യപരമായ ബന്ധം നിലനിർത്തണമെന്ന് മലങ്കരസഭ അഭിലഷിക്കുന്നു. മലങ്കരസഭ അതിന്റെ കടമകൾ അഭംഗുരം നിറവേറ്റുന്നുവെന്ന് ഈ ചെറുകൃതിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

**ഒന്ന്** സഭയുടെ ഏറ്റവും വിശുദ്ധമായ കുർബ്ബാനയിൽ ശുദ്ധിമാന്മാരും, ബഹുമാനപ്പെട്ടവരും, ഭാഗ്യവാന്മാരായ മൂന്നു പാത്രിയർക്കീസന്മാരെ നിത്യവും ഓർത്തു പ്രാർത്ഥിക്കുന്നു. തുല്യപദവിയുള്ള കിഴക്കിന്റെ പാത്രിയർക്കിസിനോടൊപ്പം മാർ ഇഗ്നാത്തിയോസിനേയും ഓർക്കുന്നു. മറ്റൊരു സഭയും അങ്ങനെ ചെയ്യുന്നില്ല. പാത്രിയർക്കീസിനാൽ അംഗീകരിക്കപ്പെട്ടു 1912ൽ ലഭിച്ച കാതോലിക്കാ സ്ഥാപനം എല്ലാ ക്രൈസ്തവസഭകളും അംഗീകരിച്ചിരുന്നു. 1958ൽ സുപ്രീംകോടതി വിധിക്കുശേഷം ഇരുവിഭാഗങ്ങളും പരസ്പരം അംഗീകരിച്ച് സമാധാനത്തിലായി. 1964ലെ കാതോലിക്കാ വാഴ്ചയിൽ അന്ത്യോഖ്യാ പാത്രിയർക്കീസു ബാവാ എഴുന്നെള്ളി സംബന്ധിച്ചു. സിറിയൻ സഭയും മലങ്കര സഭയും അതിൽ സന്തോഷിച്ചു 1971 വരെ കാതോലിക്കായുടെ കീഴിൽ മലങ്കര സഭയുടെ ഭരണഘടന പ്രകാരം ഇരുവിഭാഗങ്ങളും യോജിച്ച് പ്രവർത്തിച്ച് സഭയ്ക്ക് വളരെ പുരോഗമനങ്ങൾ ഉണ്ടായി. സുന്നഹദോസ് ഏകമായി തീരുമാനിച്ച് കാര്യങ്ങൾ നിർവ്വഹിച്ചു. ഈ വക കാര്യങ്ങൾ ആർക്കും നിഷേധിക്കാവുന്നതല്ല.

**രണ്ട്** സുപ്രീം കോടതി അംഗീകരിച്ച സഭയുടെ ഭരണ ഘടനയിൽ പാത്രിയർക്കീസിന് അർഹമായ സ്ഥാനം നൽകിയിട്ടുണ്ട്. മലങ്കരസഭ



www.malankaralibrary.com

പാത്രിയർക്കീസിനെ സർവ്വാത്മനാ ആദരിക്കുന്നു. 1958 മുതൽ 1971 വരെ പാത്രിയർക്കീസു പക്ഷം അതംഗീകരിച്ചു പ്രവർത്തിച്ചു.

മലങ്കര വിഭാഗം മേലദ്ധ്യക്ഷന്മാരെ എക്കാലവും ആദരവോടുകൂടി സ്വീകരിച്ചിരുന്നു. ഈ ആദരവ് ഭാരതീയരുടെ ഒരു ബലഹീനതയാണെന്ന് ധരിച്ച് ഒരു മേലാളത്ത മനോഭാവം സിറിയാക്കാർ അവലംബിക്കുന്നത് പരിതാപകരമായ ഒരു സംഗതിയാകുന്നു. ഇന്നും ഈ മനോഭാവം വച്ചു പുലർത്തുന്നുണ്ട്.

ഒന്നാമതായി സിറിയാക്കാർ എക്കാലവും വർണ്ണവർഗ്ഗ വിവേചനം പുലർത്തുന്നു. മലങ്കരക്കാരെ ശീമക്കാരോടു തുല്യരായി ഗണിക്കുന്നില്ല. ഒരു യോഗങ്ങളിലും മലങ്കരക്കാർക്കു പ്രാതിനിധ്യമില്ല. 1993ൽ മലങ്കരയിലെ യാക്കോബായ വിഭാഗം പാസ്സാക്കിയയച്ച ഭരണഘടന മലങ്കരയ്ക്ക് ആവശ്യമില്ല എന്നു പറഞ്ഞ് പാത്രിയർക്കീസുബാവ അതംഗീകരിച്ചില്ല. ഈ വക വിവേചനം സാധാരണ ജനം അറിയുന്നില്ല.

രണ്ടാമതായി കാനോനും കോടതി വിധികളും എല്ലാ സ്ഥാനികൾക്കും ബാധകമാണ്. വ്യവസ്ഥാപിത മാർഗ്ഗങ്ങളിൽകൂടി പോയെങ്കിലേ ഇരുസഭകളും തമ്മിലുള്ള ബന്ധം തൃപ്തികരമാകയുള്ളു. അവിവേകികളാണ് നിയമ നിഷേധം കാണിക്കുന്നത്. മലങ്കര സഭയുടെ നന്മയെ ഇച്ഛിക്കുന്നുവെങ്കിൽ പാത്രിയർക്കീസ് കാനോൻ അനുസരിക്കണം. മലങ്കരസഭയും ഇതര ഓർത്തഡോക്സ് സഭകളേപ്പോലെ വികസിച്ച് വ്യക്തിത്വം വീണ്ടെടുക്കേണ്ടതാകുന്നു.

പാത്രിയർക്കീസന്മാർ ശുദ്ധിമാന്മാരും ബഹുമാനപ്പെട്ടവരും ഭാഗ്യവാന്മാരുമായി സുകൃതമുള്ളവരായിത്തീർന്ന് മലങ്കരസഭയിൽ ഐക്യവും സമാധാനവുമുണ്ടാകുവാൻ നമുക്ക് നിത്യവും പ്രാർത്ഥിക്കാം.

1970ൽ സ്വിറ്റ്സർലണ്ടിലെ ജനീവായിൽ, ഈസ്റ്റേൺ ഓർത്തഡോക്സ് (ബൈസന്ത്യൻ) ഓറിയന്റൽ ഓർത്തഡോക്സ് എന്നി സഭകളുടെ സഭൈക്യ സംഭാഷണ സമ്മേളനത്തിൽ, ബ. വി.സി. സാമുവേലച്ചൻ പറഞ്ഞ ഒരു വാചകം വളരെ ശ്രദ്ധേയമാകുന്നു.

" Charity and patience alone can bring us together. In the best analysis what is needed is not intellectual victory or earthly success, but a spiritual awakening to see the love of God who in his only Son has redeemed the world."



www.malankaralibrary.com

ബുദ്ധിപരമായ സംവാദങ്ങളിലൂടെ കുറെ ധാരണകൾ ഉരുത്തിരിക്കുവാൻ സാധിക്കുമെങ്കിലും ആത്യന്തികമായ സദൈക്യം ഒരു ദൈവിക കർമ്മമാകുന്നു. അതു സാധിതമാക്കുന്നതിന് അത്യന്താപേക്ഷിതമായിട്ടുള്ളത് സ്നേഹവും ക്ഷമയുമാകുന്നു. ഇവ രണ്ടിന്റെയും അഭാവം കുടുംബത്തിലും, സമൂഹത്തിലും, സഭയിലും, വൈരാഗ്യവും ഭിന്നതയും ഉണ്ടാകുന്നു. ദൈവസ്നേഹം നമ്മിലുണ്ടെങ്കിലേ സഭയിലും ഐക്യമുണ്ടാകൂ. ഭക്തിയേക്കാളും വിശ്വാസത്തേക്കാളും വലുത് സ്നേഹമാകുന്നു. ഇതൊരു പ്രവാചക ശബ്ദമായി ഗണിച്ച് ഭാരതത്തിലെ കോടാനുകോടി മനുഷ്യർക്ക് ദൈവത്തിന്റെ അനന്തമായ സ്നേഹം പകർന്നു കൊടുപ്പാൻ മാനസാന്തരവും, നവീകരണവും, പരിവർത്തനവും നമുക്കുണ്ടായി സ്നേഹനിധിയായ ദൈവത്തിൽ ആശ്രയിച്ച് സഭയിൽ സമാധാനവും ഐക്യവും നിലനില്ക്കട്ടെയെന്ന് നമുക്ക് ആശിക്കാം.

പുതിയ നൂറ്റാണ്ടിന്റെ വിജ്ഞാന പടിവാതിൽ തുറന്ന് ജ്ഞാനപ്രകാശം പ്രവേശിച്ച് അജ്ഞതയുടെ ഹൃദയം തുറന്ന് ചരിത്രത്തിലെ ഇരുൾ പാടെ നീങ്ങി വിജ്ഞാനികളാകുവാൻ സർവ്വേശ്വരൻ തുണയ്ക്കട്ടെ എന്ന് സർവ്വാത്മനാ വീണ്ടും പ്രാർത്ഥിക്കാം.



www.malankaralibrary.com

# ഗ്രന്ഥസൂചിക


1. സഭാ ചരിത്രം *(ശ്രീ. പി. ടി. ഇട്ടൂപ്പ്റൈട്ടർ)*
2. മാർത്തോമ്മാ ശ്ലീഹായുടെ ഇന്ത്യൻ സഭ *(ശ്രീ. ഇ.എം. ഫിലിപ്പോസ്)*
3. സുറിയാനി സഭ *(അബ്ദൽ ആഹാദ് റമ്പാൻ – Late മാർ യാക്കൂബ് III പാത്രിയർക്കീസ് ബാവ.)*
4. മലങ്കര സുറിയാനി സഭ *(ബഹു. കണിയാമ്പറമ്പിൽ കുര്യൻ കോറെപ്പിസ്ക്കോപ്പാ)*
5. The orthodox Churches *(Dr. Stephen Zankov)*
6. സുന്നഹദോസുകൾ *(മാർ ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവ)*
7. ശീമയാത്ര (1946) *(വയലിപ്പറമ്പിൽ മാർ ഗ്രിഗോറിയോസ് തിരുമേനി)*
8. ഹൂദായ കാനോൻ *(മലങ്കര മല്പാൻ കോനാട്ടു അബ്രഹാം കത്തനാർ)*
9. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം *(മലങ്കര മല്പാൻ കോനാട്ടു അബ്രഹാം കത്തനാർ)*
10. 1963ലെ ശീമയാത്ര (വന്ദ്യ കടവിൽ പോൾ റമ്പാൻ – Late Dr. മാർ അത്താനാസിയോസ്)
11. The orthodox Syrian Church of Malankara *(Late Dr. Mar Athanaseos)*




www.malankaralibrary.com

12. ഇതൊരു ഇന്ത്യൻ സഭയോ? *(റവ.ഡോ.ഫാ. വി.സി. സാമുവേൽ)*

13. സഭ വളരുന്നു *(റവ.ഡോ.ഫാ. വി.സി. സാമുവേൽ)*

14. ആധുനിക ഭാരതസഭ *(റവ.ഡോ.ഫാ. വി.സി. സാമുവേൽ)*

15. മലങ്കര സഭയുടെ അന്ത്യോഖ്യൻ ബന്ധം
*(റവ.ഡോ.ഫാ. വി.സി. സാമുവേൽ)*

16. The Council of Chalcedon Re-examined
*(റവ.ഡോ.ഫാ. വി.സി. സാമുവേൽ)*

17. അപ്പോസ്തോല പ്രവർത്തികൾ
*(റവ.ഡോ.ഫാ. വി.സി. സാമുവേൽ)*

18. സ്വാനുഭവവേദിയിൽ *(റവ.ഡോ.ഫാ. വി.സി. സാമുവേൽ)*

19. മലങ്കര അന്ത്യോഖ്യൻ ബന്ധത്തിലെചില ചരിത്രസത്യങ്ങൾ
*(റവ.ഡോ.ഫാ. വി.സി. സാമുവേൽ)*

20. മാർത്തോമ്മാ ശ്ലീഹായും മലങ്കര സഭയും
*(നെടുന്തള്ളിൽ വറുഗീസ് കത്തനാർ)*

21. സ്തുതി ചൊവ്വാകപ്പെട്ട സുറിയാനിസഭ *(വന്ദ്യ ആബൂദി റമ്പാൻ)*

22. മാർത്തോമ്മായും നിലയ്ക്കലും എക്കുമിനിക്കൽ സംഘം–1984

23. മലങ്കര സഭാ പിതാക്കന്മാർ *(ഡോ. സാമുവേൽ ചന്ദനപ്പള്ളി)*

24. മലങ്കര സഭാ വിജ്ഞാന കോശം *(സഭാ പ്രസിദ്ധീകരണം)*

25. സുറിയാനി സംഗീതം *(റവ. ഫാ. എം. പി. ജോർജ്ജ്)*

26. മലങ്കര അന്ത്യോഖ്യൻ ബന്ധം 19–ാം നൂറ്റാണ്ടിന്റെ സൃഷ്ടി
*(റവ. ഡോ. ഫാ. ടി.ഐ. വറുഗീസ്)*

27. അന്ത്യോഖ്യാ മലങ്കര ബന്ധം ഒരു പുനരന്വേഷണം
*(ഡോ. തോമസ്സ് മാർ അത്താനാസിയോസ് തിരുമേനി)*

28. The orthodox identity in India

29. നീതിന്യായ കോടതി വിധികൾ

30. മലങ്കരദീപം പ്രസിദ്ധീകരണം

31. മനോരമ, ദി ഹിന്ദു ദിനപത്രങ്ങൾ



www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com



അനവധി ചരിത്രഗ്രന്ഥങ്ങളിൽ നിന്നും
ആധികാരിക രേഖകൾ സമാഹരിച്ചു തയ്യാറാക്കിയ
ക്രൈസ്തവ സഭാചരിത്രവും,
മലങ്കരസഭയുടെ വിദേശ സഭാബന്ധങ്ങളും
നേട്ടങ്ങളും കോട്ടങ്ങളും
ഓർത്തഡോക്സ് സഭാ കുടുംബശ്രേഷ്ഠതയും
സംഗ്രഹിച്ച് അവലോകനം ചെയ്ത്
ഗവേഷണപരമായി വിലയിരുത്തിയ
നിഗമനങ്ങളും ഭാവിദർശനങ്ങളും,
ക്രൈസ്തവ സഭകളിലെ ഇന്നത്തെ
എക്യുമിനിക്കൽ സംരംഭങ്ങളും
പ്രത്യേകം മൂന്ന് ഭാഗങ്ങളിലായി പ്രതിപാദിക്കുന്ന
ഒരു ചരിത്ര പഠനപ്രവേശിക ഗ്രന്ഥം

(മുഖചിത്ര വിവരണം പേജ് 38 ൽ)

---

**T. C. S. K. Smaraka Samithy**
**Kidangannur P. O., Mezhuveli**
**Pin : 689 514**

www.malankaralibrary.com